ശ്രീരാമായണമഞ്ജരി.

(ഭാഷാഗാനം)

ബാലകാണ്ഡം.

കവിതിലകൻ

ഒടുവിൽ ശങ്കരൻകുട്ടിമേനോൻ.

വി. വി. പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1103.

ശ്രീരാമായണമഞ്ജരി.

(ഭാഷാഗാനം)

ബാലകാണ്ഡം.

കവിതിലകൻ

ഒടുവിൽ ശങ്കരൻകുട്ടിമേനോൻ.

വി. വി. പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1103.

കേരള സാഹിത്യ
അക്കാദമി

ശ്രീരാമായണമഞ്ജരി.

(ഭാഷാഗാനം)

ഋശ്യശൃംഗോപാഖ്യാനം.

ശ്രീമഹാഗണനാഥൻ ഗിരിജാസുതൻ സാക്ഷാൽ
ശ്രീമഹാദേവൻ തന്റെ ഹൃൽപത്മദിവാകരൻ
ഏകമെന്നഭിമാനം പൂണ്ടെഴും ധനാധിപ-
നാമയമനേകധാ ചേർത്ത തന്നഹങ്കാരം
ആകവേ നശിപ്പിച്ചു മാനസം വേണ്ടുംമട്ടിൽ
പാകമാക്കിയ വീരൻ ഹേരംബൻ ഗജാനനൻ
പാകശാസനമുഖനിർജ്ജരനിഷേവിത-
നേകദന്താഖ്യൻ വിഘ്നസഞ്ചയനിവാരകൻ
ദേവസേനകൾക്കെല്ലാം നാഥനാം സുബ്രഹ്മണ്യ-
ദേവനെയനുജനെന്നാരുവാൻ വിളിക്കുന്ന
കേവലാത്മകനാകുമമ്മഹാ ഗണപതി-
ദേവനെ ഭക്തിയോടും ഞാനിതാ നമിക്കുന്നേൻ.
ഒന്നുമേ തോന്നീടാതെ വിഘ്നങ്ങൾക്കടിമയായ്
മന്ദബുദ്ധിയായുള്ള ദാസനാമടിയന്റെ
മന്ദതയെല്ലാം പോക്കിസ്സദാ കവിതകൾ
തോന്നുവാനൊരുവരം കൃപയാ നൽകേണമേ.

ഭാരതീദേവിയെന്നും ശക്തിദേവിയെന്നും
ഗൌരിയാം ദേവിയെന്നും ലോകങ്ങൾ മൂന്നായ് ചൊല്ലും
ചില്പരബ്രഹ്മരൂപേ! നിർമ്മലേ! വാഗ്ദേവതേ!
തല്പദാത്മികേ! നിത്യേ! നിത്യവും നമിക്കുന്നേൻ.
നല്ല വാക്കുകളെന്റെ നാവിന്മേൽ വരുംവണ്ണ-
മുല്ലാസമുൾക്കൊണ്ടദ്യ നൽകേണം വരമമ്മേ!
യാതൊരു മഹാത്മാവിൻ നാവിൽനിന്നാദ്യമായി-
ജ്ജാതമായ് രാമായണരൂപമാം ശ്ലോകമേകം
അമ്മഹാൻ കവികൾക്കു മാതൃകാപുമാൻ ലോക-
സമ്മാന്യൻ മഹാമുനിയാദിമകവിശ്രേഷ്ഠൻ
ശ്രീരാമഭക്തന്മാരിലഗ്രിമൻ വാത്മീകിയെ-
ന്നീരേഴുലോകത്തിലും പുകൾപൂണ്ടുള്ള ധന്യൻ
എന്മനോമാലിന്യങ്ങളാകവേ പോകുംവണ്ണം
സമ്മോദമൊരു വരം നൽകുവാൻ വണങ്ങുന്നേൻ.
പണ്ഡിതകുലാഗ്രകൻ ക്ഷേമേന്ദ്രൻ മഹാകവി
പുണ്യദായകമായ സാക്ഷാൽ ശ്രീരാമായണം
സംസ്കൃതഭാഷ തന്നിൽ മഞ്ജരിയാക്കിത്തീർത്ത-
തിക്കാലം മലയാളഭാഷയിൽ ഗാനമായി
ചൊല്ലുവാൻ തുടങ്ങുന്നേൻ മന്ദബുദ്ധിയാം ഞാനി-
ന്നെല്ലാമെന്നബദ്ധങ്ങൾ സജ്ജനം ക്ഷമിക്കേണം.

തന്നുടെ മഹത്താകുമാശ്രമേ ശിഷ്യന്മാരോ-
ടൊന്നിച്ചു മഹാമുനി വാത്മീകി വാഴുംകാലം
ദേവമാമുനിശ്രേഷ്ഠൻ നാരദനൊരുദിനം
ദൈവയോഗത്തിനാലേ ചെന്നിതു കാണുവാനായ്.
ലോകപൂജിതനായ നാരദൻ തന്നെക്കണ്ടു
വേഗത്തിലെഴുന്നേറ്റു വാത്മീകിമുനീശ്വരൻ

വേദോക്തരീത്യാ നന്നായ് പൂജിച്ചു സന്തോഷിപ്പി-
ച്ചാദരാൽ ചെയ്തീടിനാർ കുശലപ്രശ്നം തമ്മിൽ.
ലോകവാർത്തകളോരോന്നന്യോന്യം ചൊല്ലിക്കൊണ്ടു
വാഴ്കവേ സവിനയം വാത്മീകി ചോദ്യംചെയ്തു:—
"ഭാഗവതാഢ്യനായ ദേവർഷേ! ഭവാനെന്നും
ലോകത്തിലെല്ലാടത്തും സഞ്ചരിപ്പവനല്ലോ;
ആകയാലൊരു കാര്യം സൂക്ഷ്മമായറിവാൻ
ലോകവാർത്തയെപ്പററിച്ചോദിപ്പാൻ തുടങ്ങുന്നേൻ.
ആരുവാൻ ലോകത്തിങ്കലിക്കാലം മനുഷ്യരിൽ
വീരനായ് ശോഭിക്കുന്നു സുകൃതോജ്ജ്വലനായി?
ചന്ദ്രനെന്നതുപോലെ ചന്ദ്രികാശുഭ്രഛവി-
ചേർന്ന തൻ കീർത്തിയാലിന്നാരുവാൻ ശോഭിക്കുന്നു?
നിത്യവും മഹാലക്ഷ്മീദേവി തൻ മനോഹര-
നർത്തനരംഗമായി ശോഭിപ്പതാരാകുന്നു?
സത്യശുദ്ധമാം നിജ സൽഗുണഗ്രാമത്താലേ
മർത്ത്യരിൽ പ്രധാനിയായാരുവാൻ ശോഭിക്കുന്നു?
ആരുടെ ഗുണത്തിനാൽ സുത്രാമാവെച്ചേർന്ന
നാരിയെന്നതുപോലെ ഭൂമിയും ശോഭിക്കുന്നു?
പുഷ്പിച്ച ലതാജാലം ചാരുവാം വസന്തത്തി-
ലപ്പോലേ പ്രജകളും മോദിപ്പതാരാലിപ്പോൾ?
സാഗരം രത്നങ്ങൾക്കു സങ്കേതസ്ഥലമത്രേ
ലോകത്തിൽ ഗുണങ്ങൾക്കു സങ്കേതം കുരുക്ഷേത്രം
അതുപോൽ സർവ്വത്തിനുമാശ്രയസ്ഥലമായി-
ട്ടധുനാ ശോഭിക്കുന്നതാരുവാനെന്നു ചൊൽക."
ഇത്തരം ശ്രീവാത്മീകി ചോദിച്ചീടിന നേര-
മുത്തരം സുരമുനി നാരദനരുൾ ചെയ്തു:—

"മാനുഷമുക്താമണിയായിട്ടു ശോഭിക്കുന്നു
നൂനമിക്കാലം മനുഗോത്രജൻ രാമചന്ദ്രൻ.
ഉത്തമഗുണങ്ങളാലഭിരാമനാം രാമൻ
ശത്രുക്കൾക്കശേഷവും ഭീകരനായിടുന്നു.
ഉത്തമപുരുഷനാം വിഷ്ണുവിൻ വക്ഷസ്ഥലം
കൌസ്തുഭരത്നത്താലേ ശോഭിക്കുന്നതുപോലെ
ലോകങ്ങളെല്ലാമിപ്പോൾ ശ്രീരാമചന്ദ്രൻ തന്റെ
ശ്ലാഘാർഹഗുണങ്ങളാൽ ശോഭിപ്പൂ മഹാമുനേ!
സത്യമാം കയർകൊണ്ടു ഭാര്യയാൽ ബദ്ധനായി-
ട്ടാർത്തനായ് വലയുന്ന താതനാം ദശരഥൻ
നൽകിയ കഠോരമാമാജ്ഞയെ പൊന്മാലപോൽ
സ്വീകരിച്ചണിഞ്ഞിതു രാഘവൻ ശിരസ്സിങ്കൽ.
ഭാര്യയെ ദശമുഖൻ കട്ടുകൊണ്ടോടിപ്പോയ
കാരണം സംജാതമാം തന്നുടെ കോപാഗ്നിയിൽ
രക്തമാം നെയ്യിൽ ചേർത്തു രാവണമുഖങ്ങളാ-
മുത്തമഫലങ്ങളെ ഹോമിച്ചാൻ നിഷ്പ്രയാസം.
ദുർഭരമായിടുന്ന ഭൂഭാരം മുഴുവനു-
മിപ്പോഴുതനന്തനീ ശ്രീരാമചന്ദ്രൻ തന്റെ
ചാരുവാം വലങ്കയ്യിൽ ചേർക്കയാൽ മൂർദ്ധാവിങ്കൽ
സാരസപുഷ്പംപോലെ ഭൂമിയെ ധരിക്കുന്നു."
ഇത്ഥമുപദേശം ചെയ്തു നാരദൻ ഗമിച്ചപ്പോ-
ളത്യന്താത്ഭുതചിത്തനായിതു വാത്മീകിയും.
പതിവിൻപടി പിന്നെത്തമസാതീർത്ഥം പുക്കു
മതിമാൻ മാദ്ധ്യാഹ്നിക സ്നാനകർമ്മാദികൾ ചെയ്തു
തന്നുടെ ശിഷ്യപ്രവരരോടൊരുമിച്ചനന്തരം
പുണ്യഭൂമിയിൽ തത്ര സഞ്ചരിക്കുന്ന നേരം

മാടപ്രാവുകളാണും പെണ്ണുമൊന്നിച്ചു മാര-
ക്രീഡയെച്ചെയ്തീടുന്നതദ്ദേഹത്തിനു കാണായ്.
അന്നേരമൊരു വേടൻ തീക്ഷ്ണമാം ശരമെയ്തു
കന്ദബാണാർത്തനാകുമാൺപക്ഷിതന്നെക്കൊന്നാൻ.
ഇത്തൊഴിൽ കാൺകയാലേ ഭൂതാനുകമ്പാസ്വക്ത-
ന്തത്തമോത്തമൻ മുനി ശോകസംഭ്രാന്തനായി.
സത്വരം ശ്ലോകച്ഛലാൽ തൻമുഖത്തിങ്കൽനിന്നും
പ്രത്യക്ഷീഭവിച്ചിതു കരുണാരസം തത്ര.
കഷ്ടമാഹന്ത കഷ്ടം! ദുഷ്ടനായിരിപ്പൊരു
കാട്ടാളനിതു ചെയ്തതാരുവാൻ സഹിക്കുന്നു.
ധർമ്മഭേദകമാമിക്കർമ്മത്തെച്ചെയ്തീടുവാൻ
ദുർമ്മദന്മാർക്കു മാത്രമല്ലാതെ തോന്നീടുമോ?
'മാനിഷാദപ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ
യൽക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം'
"ക്രൌഞ്ചപക്ഷികളാണുംപെണ്ണുമൊന്നിച്ചു വാഴ്കെ
പഞ്ചബാണാർത്തനാകുമാൺപക്ഷിതന്നെസ്ത്രീഘ്നം
നിർദ്ദയം ശരമെയ്തു കൊന്നോരു വേട! നീയു-
മദ്യൈവ നശിച്ചീടുമെന്നുടെ ശാപത്താലേ."
തന്നുടെ സമീപസ്ഥനാകിയ വേടനോടു
പിന്നെയുമിപ്രകാരം ശ്ലോകരൂപമാം വാക്യം
ചൊല്ലിനാൻ പലവട്ടം ശ്ലോകത്തെ പഠിക്കുവാൻ
സോല്ലാസം നിജ ശിഷ്യന്മാരോടുമുരചെയ്താൻ.
ശ്ലോകവും പഠിപ്പിച്ചു തമസാതീരസ്ഥലേ
ലോകപൂജിതനായ വാത്മീകി വാഴും നേരം
ശ്ലോകനിർമ്മാണത്താലുണ്ടായ സന്തോഷത്താ-
ലാഗതനായീടിനാൻ ബ്രഹ്മാവുമവിടത്തിൽ.

വാത്മീകി തന്നാലപ്പോൾ സൽകൃതനായ സാക്ഷാൽ
ബ്രഹ്മാവും സന്തോഷിച്ചു പുണ്യമാം പീയൂഷത്തെ
ധാരയായ് വർഷിച്ചീടും മാതിരി മന്ദസ്മിത-
പൂരിതവദനനായിത്തരമരുൾചെയ്തു:—
"സാമ്പ്രതമത്യത്ഭുതം മാമുനേ! സ്വയമേവ
സംഭവിച്ചതായുള്ളിശ്ലോകമോ തത്വസാരം.
പരിചിൽ ഭവാനിനി ശ്രീരാമദേവൻ തന്റെ
ചരിതം കാവ്യമായിത്തീർത്താലുമതിനാലേ.
ധന്യയായ് ഭവിച്ചീടും നിശ്ചയം സരസ്വതി
വന്നീടുമകളങ്കകീർത്തിയും ഭവാനെടോ.
അങ്ങുതാൻ നിർമ്മിച്ചീടും കാവ്യമാം രാമായണം
മംഗളപ്രദമായിത്തീർന്നീടുമെല്ലാനാളും.
നിന്നുടെ യശസ്സെന്നപോലവേ രാമായണ-
മെന്നുമീ ലോകത്തിങ്കൽ നിലനിന്നീടുമല്ലോ."
ഇത്തരമനുഗ്രഹിച്ചംബുജോത്ഭവദേവൻ
സത്വരം തിരോധാനം ചെയ്തിതു സകൌതുകം.
ജ്ഞാനലോചനനാം വാത്മീകിയതിൻ ശേഷം
സാനന്ദം രാമായണം നിർമ്മിപ്പാനൊരുങ്ങിനാൻ.
തമസാതീർത്ഥംകൊണ്ടു ദേഹശുദ്ധിയെച്ചെയ്തു
വിമലാശയൻ മുനി മൗനയോഗത്തെപ്പൂണ്ടു
ദർഭാഗ്രഭാഗങ്ങളാലെഴുതിച്ചേർത്തീടിനാ-
നുൾപ്പൂവിലുറയ്ക്കുവാൻ ശ്രീരാമകഥാമൃതം.
രാജ്യരക്ഷണം ചെയ്വാൻ ശക്തനായ് ഭവിച്ചൊരു
പൂജ്യനാം രാമൻ തന്റെ ഭാവിവൃത്താന്തമെല്ലാം
വൃത്തലക്ഷണത്തോടുകൂടിയ പദ്യങ്ങളായ്
തീർത്തിതു സുഗമമാം സൽപദശ്രേണിയാലേ.

നിഷ്കർഷയായിട്ടുണ്ടു സദ്ഗ്രന്ഥവുമതി-
ലുൽകൃഷ്ടൻ മഹാമുനി വാത്മീകിയനന്തരം
ശ്രീരാമപുത്രന്മാരായ് സ്വസ്വരയുക്തന്മാരായ്
ചാരുസുന്ദരരൂപമാരെന്നുഴം ബാലന്മാരായ്
ധന്യരായ് കുശലവനാമധാരികളായി-
പ്പുണ്യകാനനത്തിങ്കൽ സഞ്ചരിപ്പവരായി
അന്യോന്യയുക്തന്മാരാം രണ്ടു ബാലകന്മാരെ
തന്നുടെ പുരോഭാഗേ കാൺകെയാൽ സസന്തോഷം
സ്വന്തമാം രാമായണമവരെപ്പഠിപ്പിച്ചാ-
നന്തേവാസികളാകുമായവരോടും ചേർന്നു
സഞ്ചരിച്ചിതു മുനിയെല്ലാടം ബാലന്മാരും
ചഞ്ചലമെന്യേ രാമചരിതം പാടിക്കൊണ്ടാർ.
ആപാദമനോഹരമാകിയ രാമായണം
ഭൂപതിസദസ്സിലും പാടിനാരവർ ഭംഗ്യാ.
അക്കാലമൊരുദിനം ഗൂഢവേഷത്തെപ്പൂണ്ടു
ചൊൽക്കൊണ്ട ബാലന്മാരും താതനാം രാമൻ തന്റെ
അശ്വമേധാധ്വരത്തെ പ്രാപിച്ചു രാമായണം
വിശ്വമോഹനകരമാമ്മാറു പാടീടിനാർ.

കോസല്യരാജ്യംതന്നിൽ സരയൂതീരത്തിങ്കൽ
ഭാസുരമയോദ്ധ്യയെന്നുണ്ടൊരു രാജധാനി.
മണിമേടകളാലേ രാജിക്കുമയോദ്ധ്യയും
മനുവിൻ സൽക്കീർത്തിക്കു ലക്ഷ്യമായ് ശോഭിക്കുന്നു.
പത്തനങ്ങളും പുറവും മതിലും രത്നങ്ങളാൽ
തീർത്തതാണവയ്ക്കുള്ള ശോഭയുമവാച്യമാം.
ചൊല്ലെഴും മനുവിന്റെ സൽക്കീർത്തിതരംഗിണീ-
കല്ലോലജാലങ്ങളിലീവക സകലവും

ഇന്ദ്രമന്ദിരമെന്നപോലവേ പ്രതിബിംബി-
ച്ചനഘം കണ്ടിടുന്നു നയനോത്സവമായി.
സുന്ദരീമണികൾ തൻ വദനപ്രഭയായ
ചന്ദ്രികാധവളിതമാകുന്നിതയോദ്ധ്യയും.
അതിനാൽ ചന്ദ്രൻ തന്റെ രാജധാനിയെപ്പോലെ-
യതിയായ് ശോഭിക്കുന്നു സൽഗുണാഢ്യതയായി.
അക്ഷാമതേജസ്സ്വമാർന്നീടുമയോദ്ധ്യയി-
ലിക്ഷ്വാകുപുത്രൻ വീരനുണ്ടായി ദശരഥൻ.
ഭൂവലയത്തിൻ ഭാരം തന്നുടെ കരങ്ങളിൽ
ഭൂവരൻ ധരിച്ചിതു പൊൻവളയെന്നപോലെ.
യുദ്ധമാം നിശാകാലേ ശത്രുഭൂവരന്മാർതൻ
മുത്തുമാലകളായ താരങ്ങളനേകധാ
ഭിന്നങ്ങളായിടുന്നതാരുടെ കരത്തിനാൽ,
തന്നത്താൻ യശശ്ചന്ദ്രനാരെപ്പോഴ് സേവിക്കുന്നു,
അനുരാഗിണിയായ നാരിയെന്നതുപോല-
ന്നൃപനെസ്സേവിക്കുന്നു സാദരം രാജ്യലക്ഷ്മി.
പുരുഷോത്തമനാലേ സേവ്യനായ് സതതങ്ങളും
പെരുത്ത രത്നങ്ങളും ചേർന്നതിഗംഭീരനായ്
മരുവും ദശരഥനന്നതസമുദ്രമെ-
ന്നുരചെയ്തീടും മട്ടു ശോഭിച്ചാനതുകാലം.
എങ്കിലും യാചകന്മാർക്കേറ്റം വിമുദ്രനായ്
ശങ്കകൂടാതെയെന്നും ദാനവും ചെയ്തീടുന്നു.
സൈന്യസംയുതനായി ദിഗ്ജയം ചെയ്വാനായി
മന്നിതിലെല്ലാടത്തുമന്നൃപൻ സഞ്ചരിച്ചു.
ഉന്നതഗജേന്ദ്രന്മാർ തങ്ങടെ മദജലം
വാർന്നൊഴും പ്രവാഹത്തിൻ ശക്തിയാലതുകാലം

യമുനാനദിയായ ഭാൎയ്യയെപ്പുൽകിയാലു-
ള്ളമിതാനന്ദമുണ്ടായ് സാഗരത്തിന്ന പാൎത്താൽ.
സ്വൎഗ്ഗലോകത്തിലെങ്ങും വ്യാപിച്ചു വിമലയാം
തൽക്കീൎത്തിയക്കാലത്തിലാകയാൽ ദേവസ്ത്രീകൾ,
ഹാരവും കൎപ്പൂരവും മന്ദാരപുഷ്പംകൊണ്ടു
ചാരുവായ് തീൎന്നിട്ടുള്ള മാലയും നിന്ദ്യംതന്നെ.
ഈ വക പദാൎത്ഥങ്ങളെന്തിനാണണിയുവാൻ
ഭൂവരയശസ്സൊന്നു പോരുമേ ചാൎത്തീടുവാൻ.'
ഇങ്ങനെ പാടിക്കൊണ്ടു നൎത്തനം ചെയ്തീടിനാ-
രെങ്ങുമേ സസന്തോഷമേവരും കേൾക്കാവണ്ണം.
തന്നുടെ ഖഡ്ഗംകൊണ്ടു ശത്രുഭൂവരന്മാൎക്കു-
ള്ളുന്നതയശസ്സിനെപ്പാനവും ചെയ്തുകൊണ്ടാൻ.
മഹാഹസ്തികളുടെ കുംഭത്തെപ്പിളൎന്നു സൻ-
മുത്തുകൾ ഖഡ്ഗംകൊണ്ടു പാടവേ ഹരിച്ചീടും.
തന്നുടെ ബലത്താലേ മൂന്നു ലോകങ്ങളേയും
മന്നവൻ ദശരഥനക്കാലം കീഴടക്കി.
ഇന്ദ്രനൊത്തുകാവും ഭൂപതിദശരഥൻ
തന്നോടു തെല്ലെന്നാലും സമനായ് ഭവിച്ചീല.
ബ്രഹ്മൎഷി വസിഷ്ഠനാണമ്മഹാരാജാവിന്റെ
നന്മയ്ക്കു വേണ്ടുന്നതു ചെയ്യുവാൻ ഗുരുനാഥൻ.
ചൊല്ലെഴും മുനീന്ദ്രന്മാരാകുന്നിതമാത്യന്മാർ
തുല്യനായ് ഭവിക്കുന്നതെങ്ങനെ പിന്നെയിന്ദ്രൻ?
മന്ത്രികളെല്ലാരെപ്പോഴും പ്രകൃതിചിന്തകന്മാർ
സന്ധിവിഗ്രഹകാലജ്ഞാനികളെന്നുവേണ്ട
ഭൂദാരമൎമ്മജ്ഞന്മാർ ധീരന്മാർ നൃപാലക-
ശാസനസുഖാപ്തിക്കു വേണ്ടതു ചെയ്യുന്നവർ.

ഏട്ടുപേരമാത്യന്മാരുണ്ടതിലാദ്യൻ സന്ധി-
ശ്രേഷ്ഠനാം ജയന്താഖ്യൻ, വിജയൻ മൂന്നാം മന്ത്രി
സിദ്ധാർത്ഥനെന്നാകുന്നു നാലാം മന്ത്രിക്കു നാമം
ശുദ്ധശീലനാം രാഷ്ട്രവർദ്ധനനഞ്ചാം മന്ത്രി
ആറാമനശോകാഖ്യനേഴാമൻ ധർമ്മപാലൻ
കൂറെഴും സുമന്ത്രനാണെട്ടാമനാകും മന്ത്രി.
പുത്രരില്ലായ്കമൂലം പുത്രസിദ്ധിക്കുവേണ്ടി
ധാത്രീന്ദ്രൻ ദശരഥൻ ദുഃഖിയായതുകാലം
അശ്വമേധാധ്വരത്തെച്ചെയ്യാനായ് തുടങ്ങുമ്പോൾ
വിശ്വാസമേറീടുന്ന മന്ത്രിയാം സുമന്ത്രരും
ഖിന്നനായ് മരുവുന്ന ഭൂപാലവീരൻതന്നെ-
ച്ചെന്നു കണ്ടൊരുദിനമിങ്ങനെയറിയിച്ചു:—
"എന്തിനു ഭവാനേവം ദുഃഖചിന്തയാൽ ദേഹം
ഹന്ത! വല്ലാതെയിപ്പോൾ കൃശമാക്കുന്നു രാജൻ?
തെല്ലുമേ ദുഃഖിക്കേണ്ട, പുത്രന്മാരവിടേക്കു
കല്യാണശീലന്മാരായുണ്ടാകുമിനിമേലിൽ.
ഭഗവാൻ സനൽകുമാരാചാര്യൻ മഹായോഗി
നിഗമാഗമവേദി വിമലൻ ജ്ഞാനനേത്രൻ
ഒരുനാൾ മുനീന്ദ്രന്മാർ കൂടിയ സഭയിൽവെ-
ച്ചുരചെയ്തിതു മുന്നം താവകം ഭാവിവൃത്തം.
'മുനിയാമൃശ്യശൃംഗൻ ചെയ്യുന്ന യാഗത്താലേ
മനുവംശോചിതന്മാർ സജ്ജനാചാരയുക്തർ
പുത്രന്മാർ ജനിച്ചീടും പങ്‌ക്തിസ്യന്ദനനായ
ധാത്രീന്ദ്രൻ തനിക്കിനി മേലിലങ്ങവനിയിൽ.'
ധന്യനായിരിപ്പോരു മാമുനി വിഭാണ്ഡകൻ
തന്നുടെ തനയനാകുന്നിതീ ഋശ്യശൃംഗൻ.

മാനുഷസമാഗമം കൂടാതെ മൃഗി പെററ
കാനനം തന്നിലത്രേ ജാതനായതുമിവൻ.
മർത്ത്യരീതികളൊന്നും കൂടാതെ മൃഗങ്ങളോ-
ടൊത്തത്രേ വളന്നതും കേവലമൃശ്യശൃംഗൻ.
തപനപ്രഭനാകുമദ്ദേഹം തപസ്സുഗ്രം
നൃപതേ! ബാല്യത്തിൽതാൻ ചെയ്യുവാനാരംഭിച്ചു.
വിപ്രശാപത്തിനാലേ വളരെക്കാലമന്നാ-
ളല്പവും മഴ പെയ്തില്ലംഗമാം രാജ്യത്തിങ്കൽ.
ആ മഹാരാജ്യത്തിൻെറ രാജാവു പ്രസിദ്ധനാം
ലോമപാദാഖ്യനായ ഭൂപനുമായിരുന്നു.
മന്നവൻ ലോമപാദൻ വർഷമുണ്ടാവാൻ വേണ്ട-
തിന്നതെന്നറിയാതെ വിഷമിച്ചീടുംനേരം
'പൂജ്യനാമൃശ്യശൃംഗനിങ്ങോട്ടു വരികിലോ
രാജ്യത്തിലുണ്ടായിടുമക്ഷണം മഴ നൂനം.'
ഇത്തരമദൃശ്യനായ് ബ്രഹ്മാവു കല്പിക്കയാ-
ലുത്തമൻ ലോമപാദഭൂപൻമനന്തരം
ഋശ്യശൃംഗനെക്കണ്ടു കൊണ്ടങ്ങു ചെന്നീടുവാൻ
വിശ്വസ്തരായിടുന്ന ഭൃത്യരെയയച്ചിതു.
തത്തപത്തേജസ്സാലേ മുനിയെക്കണ്ടീടുവാൻ
ഭൃത്യന്മാർ തിരിഞ്ഞിതെന്നാകിലും കഴിഞ്ഞീലാ.
കിങ്കരോക്തികൾ കേട്ട രാജാവുമനന്തരം
സങ്കടപ്പെട്ടിതേററം വേണ്ടതു ബോധിക്കാതെ.
വാരനാരികളോടു കല്പിച്ചാൻ മുനീന്ദ്രൻെറ
ചാരവേ ചെന്നു മന്ദം കൊണ്ടിങ്ങു വന്നീടുവാൻ.
മന്നവനിയോഗത്താലക്ഷണം വാരനാരീ-
വൃന്ദവും ചാരുവേഷാലംകൃതഗാത്രിമാരായ്

പ്രാപിച്ചാർ തപോവനം; ശാപശങ്കയാലേററം
വേപഥുഗാത്രിമാരായ് വാണിതു കുഞ്ജങ്ങളിൽ.
വിമലാശയനാകുമൃശ്യശൃംഗൻെറ നല്ല-
സമയം നോക്കിക്കണ്ടു സവിധേ ചെന്നാരവർ.
ഉല്പലേക്ഷണമാരാണിവരെന്നുള്ള ബോധ-
മല്പവുമദ്ദേഹത്തിന്നില്ലെന്നു വരികിലും
പ്രാഗ്ജന്മാർജ്ജിതമായ വാസനാവൈഭവത്താ-
ലബ്ജനേർമിഴിമാർക്കാ മാമുനി വശനായാൻ.
ജീവികൾക്കുണ്ടാകുന്ന വാസനാവൈചിത്ര്യങ്ങ-
ളേവനും തടുത്തീടാൻ സാധിച്ചീടുകയില്ല.
ബ്രഹ്മചാരികളായ മാമുനിബാലന്മാരെ-
ന്നംബുജേക്ഷണമാരെച്ചിന്തിട്ടൃശ്യശൃംഗൻ
അവരെസ്സസന്തോഷം ഗാഢമായാശ്ലേഷിച്ചി-
ട്ടവരോടൊരുമിച്ചു പുത്തനായ് വിഹരിച്ചാൻ.
അവർ തൻ വിലാസാദി ചേഷ്ടകൾ കാണുംതോറും
നവമായങ്കുരിച്ചു മാനസേ സ്നേഹമേററം.
ചടുലേക്ഷണമാരാമായവരോരോതരം
ചടുലോക്തികൾകൊണ്ടും നർമ്മവൈചിത്ര്യംകൊണ്ടും
സന്തോഷഭാരം ചേർത്തു മെല്ലെമെല്ലവേ ശാന്താ-
സ്വാന്തനാം മുനീന്ദ്രനെ രാജ്യത്തിൽകൊണ്ടുചെന്നാർ.
ഋശ്യശൃംഗനങ്ഗരാജ്യത്തിൽ കടന്നപ്പോൾ
ദൃശ്യമായ് ഭവിച്ചിതു മഴയുമതിമാത്രം.
വർഷമില്ലായ്കയാലേ സന്തപിച്ചീടും ലോകം
വർഷമുണ്ടായനേരം ഹർഷമാർന്നിതു പാരം.
പാരമായ് പ്രശംസിച്ചിട്ടൃശ്യശൃംഗനെപ്പററി-
യാ രാജ്യനിവാസികളേവരുമന്നേരം.

ശാന്തയാം മകൾതന്നെ രാജാവു മുനിയുടെ
സന്തോഷസിദ്ധിക്കായിട്ടദ്ദേഹത്തിനു നൽകി.
പുത്രനില്ലായ്കയാലേ ലോമപാദാഖ്യൻ തവ
പുത്രിയാം ശാന്തതന്നെ വാങ്ങിയതാണു മുന്നം.
അതിനാലൃശ്യശൃംഗനങ്ങയ്ക്കും ലോമപാദ-
ക്ഷിതിനാഥനും ജാമാതാവായി വർത്തിക്കുന്നു.
ആഗ്രഹം സാധിച്ചീടും താവകം മുനികുല-
മുഖ്യനാമൃശ്യശൃംഗൻ തന്നുടെ കാരുണ്യത്താൽ."
ഇങ്ങനെ സുമന്ത്രോക്തി കേൾക്കയാൽ ദശരഥൻ
തിങ്ങിന മോദത്തോടുകൂടവേയതിൻശേഷം
ഗുരുവാം വസിഷ്ഠന്റെ സമ്മതത്തോടുംകൂടെ
ത്വരിതം ദൂതന്മാരാലംഗദേശത്തിൽനിന്നും
തന്നുടെ മകളായ ശാന്തയോടൊരുമിച്ചു
ധന്യനാമൃശ്യശൃംഗൻ തന്നെയും വരുത്തിനാൻ.

രാമാദിപുത്രോല്പത്തി.

ബദ്ധകൌതുകം പിന്നെ ഭൂപതി ദശരഥ-
നധ്വരത്തിനുവേണ്ടും വട്ടങ്ങൾ കൂട്ടിക്കൊണ്ടാൻ.
രാജമുഖ്യരും മുനിമുഖ്യരും ദേവന്മാരും
പൂജനീയരാം മററു പലരുമവിടത്തിൽ
വന്നുചേർന്നിതു കൂട്ടംകൂട്ടമായ് കണക്കില്ലാ-
തന്നൊരു മഹായോഗമുണ്ടായിതയോദ്ധ്യയിൽ.
പുത്രസിദ്ധിക്കുവേണ്ടി ധന്യനാമൃശ്യശൃംഗ-
നത്രയും ശ്രദ്ധയോടും കൂടവേ ഹോമകർമ്മം
ചെയ്തുകൊണ്ടിരിക്കുന്ന സമയം ദശാസ്യനാ-
ലാതുരന്മാരായ്ത്തീർന്നോരിന്ദ്രാദിദേവന്മാരും

ബ്രഹ്മാവിനോടുംചേൎന്നു സങ്കടമുണൎത്തിപ്പാൻ
ശൎമ്മദായകനായ വിഷ്ണുവെ സമ്പ്രാപിച്ചാർ.
ഭക്തിപൂൎവ്വകമവർ സാഷ്ടാംഗം നമസ്കരി-
ച്ചുത്തമപുരുഷനോടിത്തരമുണൎത്തിച്ചാർ:—
"ബ്രഹ്മാവിൻ വരത്തിനാൽ ദൎപ്പിതമനസ്കനായ്
ദുൎമ്മദൻ ദേവാരാതി രാവണനിതുകാലം
സങ്കടപ്പെടുത്തുന്നു ഞങ്ങളെയനല്പമായ്
പങ്കജനാഭ! ഭവാൻ ഞങ്ങളെ രക്ഷിക്കേണം.
മാനുഷൎക്കല്ലാതാൎക്കുമവനെക്കൊന്നീടുവാൻ
നൂനമൊക്കുകയില്ല ധാതാവിൻ വരത്തിനാൽ.
ആകയാൽ ദശരഥപുത്രനായ് ഭവാൻതന്നെ
വൈകാതെ ജനിക്കേണം ലോകരക്ഷണംചെയ്വാൻ.
നിന്തിരുവടിതന്നെ നാലു രൂപങ്ങളായി
ബന്ധുവത്സല! വിഭോ! ജാതനാവുകവേണം.
മൂന്നു ലോകങ്ങളേയും ദ്വേഷിക്കും ദശാസ്യനെ-
ക്കൊന്നു ഞങ്ങളെയെല്ലാം രക്ഷിക്ക ദയാനിധേ!"
ദേവകളിപ്രകാരം ചെയ്തീടുമപേക്ഷ കേ-
ട്ടാവിധം ചെയ്യാമെന്നു വിഷ്ണുവും സമ്മതിച്ചു.
പുത്രാൎത്ഥമായിച്ചെയ്യും പംക്തിസ്യന്ദനയാഗം
പൂൎത്തിയായ് ഭവിച്ചതുമിസ്സമയത്തിലത്രേ.
പ്രാഗത്ഭ്യമേറീടുന്ന പുരുഷനതുനേരം
യാഗവഹ്നിയിൽനിന്നും പൊങ്ങിവന്നിതു തത്ര.
ആ മഹാപുമാൻ താനും പായസം നിറച്ചുള്ള
ഹേമപാത്രത്തെ തന്റെ കൈകളാൽ ധരിക്കുന്നു.
മുനിയാമൃശ്യശൃംഗൻ തന്നുടെ നിയോഗത്താ-
ലനലാകൃതിപൂണ്ടൊരാപ്പുമാൻ സസന്തോഷം

തന്നുടെ കരസ്ഥിതമാകിയ ഹേമപാത്രം
മന്നവൻ തനിക്കേകിച്ചെയ്തിതു തിരോധാനം.
സ്വീകരിച്ചിതു ഭൂപൻ പായസമൃശ്യശൃംഗൻ
ചൊൽകയാലതിമാത്രം സന്തോഷഭാരത്തോടും.
തന്നുടെ മനോരഥം പായസാകൃതിപൂണ്ടു
വന്നതെന്നാലോചിച്ചു ദിവ്യമാം പായസത്തെ
മൂന്നുപേർ കാന്തമാൎക്കും നൽകിനാനതിൻശേഷം
മന്നവൻ തനിക്കൊന്നു സന്തോഷമെന്തോ ചൊൽവൂ!
അദ്ധ്വരത്തിന്നു വന്ന മേദിനീവരന്മാരെ
സ്നിഗ്ദ്ധഭാവേന യാത്രയാക്കിനാൻ ദശരഥൻ.
രാമനന്ദിനിയായ ശാന്തയോടൊരുമിച്ചു
പൂജനീയനാമൃശ്യശൃംഗനും ഗമിച്ചിതു.
പിന്നീടു കാലത്താലേ പൂൎണ്ണഗൎഭിണിയായ
ധന്യയാം കൌസല്യയും ശുഭമാം സമയത്തിൽ
സൂൎയ്യദേവനെ മുന്നമദിതിയെന്നപോലെ
ശ്രീരാമദേവൻതന്നെ സ്വൈരമായ് പ്രസവിച്ചാൾ.
പെററിതു കൈകേയിയും പിന്നീടു ഭരതനെ-
ന്നേററവും പ്രസിദ്ധനാമുത്തമതനയനെ.
പക്ഷ്മളേക്ഷണയായ ദേവിയാം സുമിത്രയും
ലക്ഷ്മണശത്രുഘ്നന്മാർ തങ്ങളെ പ്രസവിച്ചാൾ.
നാലുപേർ ബാലന്മാരുമൊന്നിച്ചു വളൎന്നിതു
ലീലകൾ പലമട്ടു ചെയ്തിതു ശിശുക്കളും.
രാമദേവനോടൊരുമിച്ചു ലക്ഷ്മണൻ സഞ്ചരിച്ചാൻ
ശ്രീമാനാം ഭരതനോടൊന്നിച്ചു ശത്രുഘ്നനും.
ഏതൊരു സമയത്തുമിരണ്ടുപേരും തമ്മിൽ
പ്രീതരായ് വൎത്തിച്ചിട്ടും തെല്ലുമേ പിരിയാതെ.

ഇന്ദ്രവാഹനമാകുമാനനാമൈരാവതം
ധന്യനായ് ഭവിക്കുന്ന നാലുകൊമ്പുകളാലേ
നാലു സാഗരംകൊണ്ടു വരുണൻ ശോഭിക്കുന്നു
നാലുകൈകളെക്കൊണ്ടു വിഷ്ണുവും പ്രകാശിപ്പൂ
എന്നതുപോലെതന്നെ നാലു പുത്രരേക്കൊണ്ടു
മന്നവൻ ദശരഥനേററവും പ്രകാശിച്ചാൻ.
ശ്രീരാമാദികളായ നാലുപേർ ബാലന്മാരും
വീരരായ് ഭവിച്ചിതു ശസ്ത്രാസ്ത്രപ്രയോഗത്തിൽ.
സർവ്വവിദ്യകളേയുമായവരഭ്യസിച്ചാർ
സർവ്വഥാ കുശലരായ് തീർന്നിതു കലകളിൽ.
സ്ഫടികക്കണ്ണാടിയിൽ പ്രതിബിംബിക്കുംപോലെ
പടുബുദ്ധികളായ നാലുപേർ കുമാരർക്കും
അന്നു വിദ്യകളെല്ലാം ഹാരമായ് നിഷ്പ്രയാസം
മന്നവനതു കണ്ടിട്ടേററവും സന്തോഷിച്ചാൻ.

താടകാവധം

അക്കാലമൊരുദിനം ഭൂപതി ദശരഥൻ
മുഖ്യമന്ത്രികളോടുമൊന്നിച്ചു സഭതന്നിൽ
കാര്യങ്ങളാലോചിച്ചു വാണീടും സമയത്തിൽ
ദ്വാരപാലകന്മാരിലൊരുവൻ വേത്രപാണി
സത്വരം സമ്പ്രാപിച്ചു സാഷ്ടാംഗം നമസ്കരി-
ച്ചുത്ഥാനംചെയ്തുനിന്നു താഴ്മയായറിയിച്ചാൻ:—
"മന്നവശിഖാമണേ! വന്നിതാ നിന്നീടുന്നു
ധന്യനാം വിശ്വാമിത്രനങ്ങയെക്കാണ്മാനായ്".

തീവ്രമാം തപസ്സാലേ ജാതമാം തേജസ്സിന്റെ
സർവ്വസ്വമെന്നു തോന്നുമമ്മഹാൻ തന്നെക്കണ്ടാൽ.
തത്തപസ്തേജസ്സാലേ ദിക്കുകളശേഷവു-
മിത്തർവ്വിൽ പ്രകാശിച്ചുകൊള്ളുന്നു മഹാമതേ!"
ദ്വാരപാലകവാക്യമിവണ്ണം കേട്ടനേര-
മാ രാജരാജൻ താനും സംഭ്രമസമന്വിതം
കൃതിയാം വസിഷ്ഠനോടൊന്നിച്ചുവേഗം ചെന്നി-
ട്ടെതിരേറ്റുപചാരം ചെയ്തുകൊണ്ടിങ്ങു വന്നു
ഗാധിനന്ദനൻതന്നെ രത്നസിംഹാസനത്തിൽ
സാദരം വാഴിപ്പിച്ചു പൂജിച്ചാൻ യഥാവിധി.
മാമുനി വിശ്വാമിത്രനേററവും പ്രസാദിച്ചു
ശ്രീമാനാം ഭൂപനോടു കുശലപ്രശ്നം ചെയ്താൻ.
മന്നവൻ പല്ലിൻശോഭയാകിയ കുസുമങ്ങളാം
ചേർന്നതും സഫലവുമാകിയ വചസ്സിനെ
വിനയത്തോടുംകൂടെഗ്ഗാധിനന്ദനൻതന്നെ-
യനുനന്ദിച്ചുനിന്നു സാദരമുരചെയ്താൻ:—
"ഭഗവൻ! വിശ്വാമിത്രമാമുനേ! മഹത്തായ
സുകൃതാമൃതവർഷം ചെയ്തീടും ത്വദ്രൂപം
കാണ്മാനിടയായാൽ തൽഭക്തമയൂരങ്ങളാം
മാനസാനന്ദത്തോടും താണ്ഡവം ചെയ്യുമല്ലോ.
താവകവിലോകനപീയൂഷവർഷംകൊണ്ടു
കേവലം സുകൃതമാം വല്ലിയും വളരുന്നു.
പുണ്യമാം പുഷ്പം പിന്നെയുണ്ടാകുമനന്തരം
വർണ്ണിപ്പാനരുതാത്ത ഹർഷമാം ഫലമുണ്ടാം.
സംസാരവൈരാഗ്യത്തോടൊത്തൊരാഫലംതന്നെ
സംശയം തെല്ലുമില്ല മോക്ഷസാധനമാകും.

മാമുനേ! ഭവാദൃശന്മാരായ സത്തുക്കളെ–
ക്കാണ്മതുകൊണ്ടുതന്നെ ജാതമാം വിവേകവും.
സജ്ജനസമാഗമം പുണ്യതീർത്ഥാഭിഷേകം
നിർജ്ജനവനങ്ങളിൽ ചെയ്തീടും വൻതപസ്സും
ജന്മമാം പൊടി തീരെത്തുടച്ചു ശുദ്ധമാക്കാൻ
സന്മതേ! സാധനങ്ങളെന്നായിച്ചൊല്ലീടുന്നു.
ഈവകയൊന്നും കൂടാതാർക്കുമേ ജന്മം വിട്ടു
കൈവല്യം പ്രാപിച്ചീടാൻ സാദ്ധ്യമല്ലെന്നു നൂനം.
എന്തു ഞാൻ ചെയ്തീടേണ്ടതെന്നുള്ളിൽ കനിവോടും
നിന്തിരുവടി ചൊല്ലിക്കേൾക്കുവാനിച്ഛിക്കുന്നേൻ.
വല്ലതുമവിടേക്കു ചെയ്യുവാൻ സാധിച്ചെന്നാൽ
കല്യനായ് ഭവിക്കും ഞാൻ താവകാനുഗ്രഹത്താൽ.”
മന്നവോക്തികൾ കേട്ടു ഗാധിനന്ദനൻ മുനി
നന്ദിച്ചു മന്ദഹാസപൂർവ്വകമരുൾ ചെയ്താൻ:—
“ധന്യമായിരിപ്പോരു സൂര്യവംശത്തിലല്ലോ
മന്നവ! തവ ജന്മം യുക്തം തേ വചസ്സുകൾ.
സത്യതല്പരന്മാരും സർവ്വദാ സദാചാര-
യുക്തരുമായീടുന്നു സൂര്യവംശോത്ഭവന്മാർ.
യാഗദീക്ഷിതനാകുമെന്നുടെ കർമ്മത്തിനെ
ലോകകണ്ടകന്മാരാം രാക്ഷസർ മുടക്കുന്നു.
ചോരയുമിറച്ചിയും കൊണ്ടുവന്നെന്റെ യാഗം
പാരമായ് ദുഷിപ്പിപ്പു ദുഷ്ടരാമവർ വന്നു.
യാഗവിഘ്നത്തെച്ചെയ്യുമവരെത്തടുത്തെന്റെ
യാഗത്തെ രക്ഷിച്ചീടാൻ രാമനെയയക്കേണം.
ശ്രീരാമൻ തവപുത്രൻ ബാലനെന്നാലും രക്ഷോ-
വീരരെജ്ജയിച്ചീടാൻ ശക്തനാകുന്നു രാജൻ!

വന്ദ്യനാം വസിഷ്ഠന്നു രാമനെപ്പററിയെല്ലാം
നന്നായിട്ടറിഞ്ഞീടാം സംശയമുണ്ടാകേണ്ട.
‘എന്തിന്നീ രാമൻ തീരെബ്ബാലകൻ യാഗരക്ഷ-
യ്ക്കിന്നൊട്ടും മതിയാവില്ലെ’ന്നു നീ നിനയ്ക്കേണ്ട.”
കൌശികവാക്യം കേട്ടു സംഭ്രമമനസ്കനാ-
യാശ്രമമാമുനിയോടു ചൊല്ലിനാൻ ദശരഥൻ:—
“ഭഗവൻ! ഭയങ്കരന്മാരായ നിശാചര-
നികരത്തോടു യുദ്ധംചെയ്യുവാൻ തക്കവണ്ണം
പ്രായവും ബലവുമെൻ പുത്രനാം രാമൻ തനി-
ക്കായിട്ടില്ലതുകൊണ്ടു ഞാനുമെൻ പടകളും
അങ്ങയോടൊരുമിച്ചു പോന്നുടൻ തവ യജ്ഞ-
ഭംഗകന്മാരെക്കൊന്നു സങ്കടം തീർക്കാമല്ലോ.
വില്ലാളിവീരൻ ഞാനും ഭീമവിക്രമമാന്നു
ചൊല്ലാളുമക്ഷൌഹിണിപ്പടയുമിങ്ങിരിയ്ക്കെ
കുട്ടിയെ സഹായത്തിന്നാവശ്യപ്പെടുന്നതു
കേട്ടിടിലാർക്കും തന്നെ സമ്മതമാകയില്ല.
നന്ദനൻ ജനിച്ചീലാ യൌവനവയസ്സിങ്കൽ
ഖിന്നനായ് ഭവിച്ചേൻ ഞാനതിനാലതിമാത്രം.
എത്രയോ പണിപ്പെട്ടു വാർദ്ധകകാലത്തിങ്കൽ
പുത്രരുണ്ടായി വന്നിതവരിലാദ്യൻ രാമൻ.
കണ്മണിയെനിക്കവൻ ഞാനവൻ തന്നെയിപ്പോൾ
സന്മതേ! ഉപേക്ഷിപ്പാൻ ശക്തനാകുന്നതില്ല.
ഒൻപതിനായിരത്തിൽ ക്കൂടുതൽ വയസ്സായ
പിമ്പല്ലോ മാമുനേ! പുത്രരുണ്ടായിവന്നു.
യാഗരക്ഷചെയ്യുവാൻ ഞാൻ തന്നെ പോരാമങ്ങേ-
യ്ക്കാകലമൊരു ലേശംപോലുമിന്നുണ്ടാകേണ്ട.”

രാജഭാഷിതം കേട്ട ഗാധിനന്ദനൻ മുനി
പൂജിതൻ ഭാവം മാറി ഭൂപനോടരുൾചെയ്തു:—
"സ്നേഹമോഹങ്ങളാലേ മന്നവ! തവ ചിത്ത-
മാഹന്ത! വിഭ്രംശണമൂഢമായ് ഭവിക്കുന്നു.
പുത്രനാം രാമൻതന്റെ മാഹാത്മ്യം ഭവാനേതു-
മുൾത്താരിൽ ധരിച്ചില്ല നമ്മോടിക്കഥിച്ചതും.
അങ്ങയെക്കൊണ്ടു കാര്യമില്ലിനിക്കിവിടത്തിൽ
ഭംഗമായ് ഭവിച്ചിതു താവക സത്യവാക്യം.
സത്യത്തെ രക്ഷിക്കാതെ സൌഖ്യമായ് വസിക്ക നീ
ധാത്രീന്ദ്ര! പോകുന്നേൻ ഞാൻ വന്നമാർഗ്ഗേണതന്നെ."
ഇത്തരം കോപാക്രാന്തചിത്തവൃത്തിയായ് വിശ്വാ-
മിത്രനമവിടുന്നു പോകുവാൻ തുടങ്ങുമ്പോൾ
തൽപ്രഭാവത്തിനാലേ ഭൂമിയും വിറച്ചിതു
മുപ്പാരും കലുങ്ങിപ്പോയ് ദേവകളമ്പരന്നാർ.
അന്നേരം സഭതന്നിൽ വാണീടും വസിഷ്ഠനും
മന്നവൻ തന്നെപ്പാർത്തു സസ്മിതമരുൾചെയ്തു:—
"ഇക്ഷ്വാകുവംശത്തിങ്കൽ ജാതനാം ഭവാൻ രാജ-
നിക്ഷണം ഭയമെന്യേ രക്ഷിച്ചീടുക സത്യം.
ക്ഷത്രിയധർമ്മമോർത്താൽ ദുഷ്ടനിഗ്രഹം ചെയ്തു
ധാത്രിയെ രക്ഷിക്കെന്നതാകുന്നു ശങ്കിക്കേണ്ട.
ദുർബ്ബലനല്ല രാമൻ താവക കുമാരകൻ
തൽബ്ബലം സഹിച്ചീടാനാർക്കുമേ ശക്തിയില്ല.
എന്നതിൽ വിശേഷിച്ചും തീവ്രമാം തപസ്സാലേ
പുണ്യസഞ്ചയംകൊണ്ടു മിന്നുന്നു വിശ്വാമിത്രൻ.
ഇമ്മഹാൻ രക്ഷിച്ചീടും രാമനെ ദേവേന്ദ്രനെ
ബ്രഹ്മാവെന്നതുപോലെ, നിർണ്ണയം ഭദ്രമനസ്സ[illegible].

മുന്നം കേൾ കൃശാശ്വനെന്നോതീടും പ്രജാപതി
മന്നവ! ദക്ഷൻ തന്റെ നന്ദിനിമാരായുള്ള
ജയസുപ്രഭകളാം രണ്ടു കന്യകമാരെ
പ്രിയമുൾക്കൊണ്ടു വേട്ടു കൊണ്ടിതു ഭാൎയ്യമാരായ്.
ശസ്ത്രാസ്ത്രസാരജ്ഞന്മാരാകിയ വില്ലാളിക-
ളുത്രയും ബഹുമാനപൂൎവ്വകമിതുകാലം
വാഴുന്ന ദിവ്യാസ്ത്രങ്ങളൊക്കെയും നാനാവിധ-
മൂൎത്തികളായിട്ടന്നാ സ്ത്രീകളിൽ നിന്നുമുണ്ടായ്.
ജാതമാം ദിവ്യാസ്ത്രത്തെസ്സൎവ്വവും കൃശാശ്വനും
പ്രീതനായ് വിശ്വാമിത്രമാമുനിക്കന്നു നൽകി.
ഇമ്മഹാനിതുകാലം രാമനാദ്ദിവ്യാസ്ത്രങ്ങൾ
സമ്മാനിച്ചീടുമല്ലൊ പാരവും പ്രസാദിച്ചു.
വിശ്വസിച്ചയച്ചാലും വൈകാതെ രാമൻതന്നെ
വിശ്വാമിത്രന്റെകൂടെയേതുമേ മടിക്കേണ്ട.''
തന്നുടെ ഗുരുനാഥൻ കല്പിച്ചീടിനനേരം
മന്നവനപ്രകാരംതന്നെയെന്നുരചെയ്തു.
ലക്ഷ്മണനോടുംകൂടെ രാമനെ ഗൂഢമോദയേ
ഭൂക്ഷിത്തു വിശ്വാമിത്രമാമുനിക്കേകിക്കൊണ്ടാൻ.
മംഗളാകാരന്മാരായ് ഖഡ്ഗചാപങ്ങളേന്തി
ഭംഗിയായ്ക്കട്ടമയെക്കെട്ടിവെച്ചുവരാമി
തന്നുടെ മുമ്പിൽ നില്ക്കും ബാലകന്മാരെക്കൂട്ടി
ധന്യനാം വിശ്വാമിത്രൻ യാത്രയും ചൊല്ലിപ്പോയാൻ.
മന്ദമായ് നടന്നൊരു പാതിയോജന ദൂരം
ചെന്നപ്പോൾ കാണായ്വന്നു സരയൂനദിയേയും.
അന്നദിതന്റെ തെക്കേക്കരയിൽ ചെന്നിരുന്നു
മാന്യനാം വിശ്വാമിത്രൻ മാനസാനന്ദത്തോടും

യാത്രയിൽ ദാഹംകൊണ്ടും ക്ഷുത്തുകൊണ്ടുമേ ക്ഷീണ-
മെത്താതെ മേന്മേലേററം ഫലമുണ്ടാകുവാനായ്
ഉപദേശിച്ചുകൊണ്ടാൻ രാമനു ബലാഖ്യയും
പ്രൗഢമതിബല തന്നെയും സവിശേഷം.
ഈ രണ്ടു മന്ത്രങ്ങൾക്കു മാന്ത്രികഫലങ്ങളെ-
സ്സാരസോത്ഭവൻ മാത്രമറിയും വേണ്ടുംപോലെ.
ജയവുമാരോഗ്യവും സുഖവും ദീർഘായുസ്സും
ഭയഹാനിയുമുണ്ടാമീരണ്ടു മന്ത്രത്താലേ.
കൗശികനുപദേശം ചെയ്തു സന്മന്ത്രങ്ങളാൽ
ക്ലേശമററതിമാത്രം തെളിഞ്ഞു കാകുൽസ്ഥനും.
അന്നു രാവവിടത്തിൽ താമസിച്ചുഷസ്സിങ്കൽ
ധന്യനാം മുനിബാലന്മാരൊത്തു പുറപ്പെട്ടു.
സരയൂ നദിയോടു ഗംഗയും കൂടിച്ചേരും
പുരമാഹാത്മ്യമേന്തും സംഗമസ്ഥലത്തിങ്കൽ
പുണ്യദായകമാകുമാശ്രമം മദ്ധ്യേമാർഗ്ഗ-
മംഭോജനേത്രൻ കണ്ടു ചോദിച്ചാൻ മുനിയോടായ്:—
"സരയൂഗംഗാസംഗസ്ഥലമാമിവിടത്തിൽ
പരിചിൽ ശോഭിച്ചീടും പുണ്യാശ്രമമിതേതാണാൽ
ആരുടെയെന്നു ചൊല്ലിക്കേൾക്കുവാൻ മോഹ"മെന്ന
ഗീരു കേട്ടുടനേരം ഗാധിനന്ദനൻ ചൊന്നാൻ:—
"ശൈലനന്ദിനിയാളെക്കല്യാണം കഴിച്ചെഴും
കാലനാശനനായ ശംഭുവാം ഭഗവാനെ
പിന്നെയും നിജാധീനനാക്കുവാൻ കാമദേവൻ
തന്നുള്ളിൽ ധ്യാനംചെയ്തു ചെയ്തിതു തപസ്സുഗ്രം.
കാമനു ശരീരമുണ്ടായകാലം വളരെ നാ-
ളീ മഹാസ്ഥലത്താത്രേ വൻതപസ്സാചരിച്ചു.

ഏകദാ തപസ്സാൻ വാണീടും കാമൻ തന്നെ
ശ്രീകണ്ഠൻ മഹാദേവൻ കണ്ടിതു യദൃച്ഛയാ.
സംഗവർജ്ജിതനായ ദേവനും നോക്കിയപ്പോ-
ളംഗമില്ലാതെയായിത്തീൎന്നിതു കാമദേവൻ.
കന്ദസായകനുടെയംഗവും വിന്ധ്യശൈലം
തന്നുടെ സമീപമാം ഭൂമിയിൽ ചെന്നു വീണു.
ഭൂതിസമ്പൂർണ്ണമായിട്ടുള്ളതാമംഗരാജ്യം
മേദിനീവരസൂനോ! കേട്ടാലുമതുതന്നെ.
അന്നു തൊട്ടനംഗനായ് തീൎന്നിതു കാമദേവൻ
പുണ്യദം കാമാശ്രമമായതുമിതുതന്നെ."
ഇങ്ങനെ കാമാശ്രമവൃത്താന്തം കേൾക്കയാലേ
തിങ്ങിന മോദത്തോടുംകൂടവേ രാമചന്ദ്രൻ
ഒരു രാവങ്ങു വാണിട്ടന്യനാളുഷസ്സിങ്കൽ
പരിചിൽ പുറപ്പെട്ടാൻ മുനിസൽകൃതനായി.
സരയൂനദിതന്നെ തോണിയാൽ കടന്നിട്ടു
സാരസം പോകുന്നേരം കേട്ടിതങ്ങൊരു ശബ്ദം.
ആരവമെന്തിതെന്നായ് രാഘവൻ ചോദിച്ചപ്പോൾ
സാരവേദിയാം മുനി സാനന്ദമരുൾചെയ്തു.
"ബ്രഹ്മാവു മനസ്സിനാൽ കൈലാസശൃംഗത്തിങ്കൽ
നിർമ്മിച്ചതായീടുന്നു മാനസസരസ്സഹോ.
സരയൂനദിയിദം മാനസസരസ്സിന്റെ
പുരുമാഹാത്മ്യമേലും സന്താനമായീടുന്നു.
അഭ്രഗംഗയുമതിൽ ചേൎന്നീടും സ്ഥലമിതു
തത്ര പ്രവാഹഘോഷശബ്ദമാണു നാം കേൾക്കുന്നതും.
വന്ദ്യമീസ്ഥലമെന്നു മാമുനി ചൊല്ലിക്കേട്ടു
വന്ദിച്ചാരനന്തരം രാമനുമനുജനും.

പിന്നെയുമനുജനോടൊന്നിച്ചു തെക്കേത്തീരം
തന്നിലുള്ളൊരു വനസ്ഥലിയെ സംപ്രാപിച്ചാൻ.
ജനശൂന്യങ്ങളായ രണ്ടു ദേശങ്ങൾ തത്ര-
യനഘൻ രാമൻ കണ്ടു വിസ്മയസമന്വിതം.
ഇസ്ഥലമേതെന്നായിസ്സാദരം ചോദിച്ചപ്പോ-
ളുത്തരം വിശ്വാമിത്രനരുളിച്ചെയ്തീടിനാൻ:—
"മാലദകരൂഷങ്ങളെന്നായിക്കഥിക്കുന്ന
ചേലെഴും ദേശങ്ങളിക്കാണുമതെന്നറിഞ്ഞാലും.
വൃത്രദാനവൻ തന്നെ കൊൽകയാലിന്ദ്രൻ തന്റെ
ഗാത്രവും മലമയമായിട്ടു ഭവിച്ചിതു.
പാപമാം മലത്തിനെ പുണ്യതീർത്ഥത്തിനാലെ
താപസപ്രവരന്മാർ കഴുകിക്കളയുമ്പോൾ
കാരൂഷമെന്നായ്ച്ചൊല്ലും തന്നുടെ ശരീരത്തിൽ
ചേരുമാ മലമെല്ലാമിവിടെപ്പതിച്ചിതു.
തന്മലം വീഴ്കയാലേ വാസവനനുഗ്രഹി-
ച്ചിമ്മഹാസ്ഥലങ്ങൾക്കു നന്മയുമുണ്ടാക്കിനാൻ.
പണ്ടു കേൾ സുകേതുവാം യക്ഷന്റെ മകളായി-
ട്ടുണ്ടായിയൊരു നാരി താടകയെന്നു പേരായ്.
നാരിയെന്നോർത്തീടേണ്ട പതിനായിരം മത്ത-
വാരണങ്ങൾക്കു ചേരും ബലമുള്ളവളവൾ.
ഇത്തരം ബലമവൾക്കുണ്ടായി വിധാതാവു-
മുത്താൻ നൽകീടിന നല്ലൊരു വരത്തിനാൽ.
കാമിതംപോലെ രൂപം കൈക്കൊൾവാനവൾക്കുള്ള
സാമർത്ഥ്യമധികമെന്നുള്ളതും ചിത്രം തന്നെ.
ദൈത്യനാം സുന്ദനായി യൌവനം സമ്പ്രാപിച്ച
പുത്രിയെ സുകേതുവാം താതനും നൽകീടിനാൻ.

താടകാസുന്ദന്മാർക്കു മാരീചൻ സുതനായി
കേടകന്നുണ്ടായ്‌വന്നു ലോകകണ്ടകനായി.
യക്ഷരൂപത്തെത്തന്റെ പുത്രനു നൽകിത്താനും
യക്ഷനാരിയായ്ത്തീർന്ന താടകയനന്തരം
പ്രാപിച്ചാളഗസ്ത്യന്റെ പാവനാശ്രമത്തിങ്കൽ
താപസനഗസ്ത്യനന്നേരം ശപിക്കയാൽ
അക്ഷണം വിരൂപയായ്ത്തീർന്നിതു താടകയും
രാക്ഷസനായിത്തീർന്നു മാരീചകുമാരനും.
കാടിതു നിജാധീനമാക്കിക്കൊണ്ടന്നേ മുതൽ
താടകയിവിടെത്താൻ വാഴുന്നു രഘുവീരാ!
കാരൂഷരാജ്യക്കാരും മാളവരാജ്യക്കാരും
ഭൈരവാകാരയാകുമവളാൽ ക്ഷയമാർന്നു.
ഭൂതസംഘങ്ങൾക്കു ഭയദായിനിയായി
മേദുരഭുജയാകുമായവളത്രേ വാഴ്‌വൂ.
പുണ്യഘാതിനിയായും ലോകനാശിനിയായു-
മത്യുഗ്രാചാരയായുമുള്ളോരീ താടകയെ
സ്ത്രീയെന്നു ചിന്തിക്കാതെ കാര്യഗൌരവംമൂലം
നീയിനി വധിക്കേണമെത്രയും വൈകീടാതെ.
ഉണ്ടായി മുന്നം ദീർഘജിഹ്വയെന്നൊരു ലോക-
കണ്ടകി വിരോചനനന്ദിനി നിശാചരി
ലോകരക്ഷണത്തിനു നാരിയെന്നോർത്തിടാതെ
പാകശാസനൻ കൊന്നാനവളെയെന്നു കേൾപ്പൂ.
ശക്രനെസ്സംഹരിപ്പാൻ വന്നൊരു ദൈത്യസ്ത്രീയെ
ചക്രപാണിയും കൊന്നാൻ ലോകരക്ഷയ്ക്കുവേണ്ടി.
അമ്മട്ടു രാമ! നീയും താടകാവധം ചെയ്യു
ശർമ്മമീ മുനിമാർക്കു ചേർത്താലും ദോഷമില്ല."

മാന്യനാം മുനിയേവം ചൊൽകവേ ശ്രീരാമനും
തന്നത്താൻ വിചാരിച്ചു മുനിയോടരുൾചെയ്തു:—
"സർവ്വധർമ്മങ്ങളേക്കാൾ സ്വീകാര്യമെനിക്കിഹ
സർവ്വജ്ഞനാകും തവ ശാസനമിതുകാലം.
താവകനിയോഗത്തെച്ചെയ്യുവാനല്ലോ താതൻ
പാവനാശയനെന്നെക്കല്പിച്ചിങ്ങയച്ചതും.
എന്തുതാനവിടുന്നു കല്പിക്കിലതു ചെയ്വാൻ
സ്വാന്തത്തിലല്പംപോലും ശങ്കയിന്നെനിക്കില്ല."
ഇത്തരം ധനുർവ്വേദപാരഗൻ രാമൻ ചൊല്ലി
സത്വരം നിജ ചാപം കഴിയെക്കുലയേററി
ബാണമൊന്നതിൽ ചേർത്തു ചെയ്തീടും കഠോരമാം
ജ്യാനാദനിർഘോഷത്താൽ കലുങ്ങി ലോകം മൂന്നും.
ത്രൈലോക്യരക്ഷാരംഭ മംഗളോങ്കാരധ്വനി-
പോലവേ മുഴങ്ങീടും ജ്യാനാദനിർഘോഷത്താൽ
സുത്രാമാദികളായ നിർജ്ജരമയൂരങ്ങൾ
നർത്തനം ചെയ്തുകൊണ്ടാർ സന്തോഷഭാരം പൂണ്ടു.
മേഘനിസ്വനംപോലെ ഭീകരമാകുംവണ്ണം
രാഘവൻ ചെയ്തീടുന്ന ജ്യാനാദധ്വനി കേട്ടു
പുഷ്കലാവർത്താമേഘജാലങ്ങളനവധി-
യുൾക്കൊണ്ടാരവത്തോടും ക്രമേണ കല്പാന്തത്തിൽ
ഒന്നിച്ചു കൂടുന്നേരം ലോകത്തിലാകപ്പാടേ
ചേർന്നീടും ഭയങ്കര വൻതമസ്സിനേക്കാളും
ഭീകരച്ഛവി പൂണ്ടതായിട്ടുമുടൻ പൂണ്ടു
ലോകഭീഷണകരാളോഗ്രമാം നാദം നീട്ടി
കോപപാവകജ്വാല ചിന്നീടും മുഖമാർന്നു
വാ പിളർന്നെത്തിതു താടകാസാട്ടഹാസം.

നേരിട്ടു വന്നീടുന്ന നീലമാമലയെന്നാ-
യാശമേ ശങ്കിച്ചിട്ടും രാക്ഷസിതന്നെക്കണ്ടാൽ.
ദീർഘമായെല്ലാടത്തും വ്യാപിച്ചു നിന്നീടുന്ന
തൽക്കരനിചയങ്ങളാകിയ വൃക്ഷങ്ങളെ
കാൺകിലോ കാലൻ തന്റെ യാത്രയ്ക്കു തോരണങ്ങൾ
സംഘടിപ്പിപ്പാൻ നാട്ടും സ്തംഭങ്ങളെന്നായ് തോന്നും.
മാമലയ്ക്കെതിരായ ഘോരമാം രൂപം പൂണ്ടു
യാമിനീചരിയവൾ വന്നിതു കോപത്തോടും.
അംബുദധ്വനിയേക്കാൾ ഗംഭീരനാദത്താലേ
ബ്രഹ്മാണ്ഡം കലുക്കുമാ രാക്ഷസി തന്റെ മാറിൽ
നിർഭയമൊരു ബാണം രാഘവൻ പ്രയോഗിച്ചാ-
നപ്പൊഴുതതുകൊണ്ടു വീണിതു നിശാചരി.
നീലശൈലത്തിൽനിന്നും രക്തമാം നദിയെന്ന-
പോലവേ പ്രവഹിച്ചു ചോരയുമതിമാത്രം.

സുബാഹുവധം.

ഘോരരൂപിണിയാളാം താടക തന്നെക്കൊന്നു
കാരണം തെളിഞ്ഞിതു ലോകങ്ങളശേഷവും.
ശ്രീരാമചന്ദ്രൻ തന്നെപ്പാരമായ് പ്രശംസിച്ചു
ധീരനാം മുനിയോടു വാസവനരുൾചെയ്തു.
"നിർമ്മലയശസ്സാർന്ന രാമനു ഭവാനിനി-
സ്സമ്മാനിക്കുക വേണം മാമുനേ! ദിവ്യാസ്ത്രങ്ങൾ.
തന്നുടെ ഗുണങ്ങളാൽ സമ്പാദിച്ചവയെല്ലാം
മാന്യരാമവർ നല്ല പാത്രത്തിലർപ്പിക്കുന്നു.
സാധുക്കൾ ധന്യന്മാരായ് തീരുന്നിതല്ലോ നല്ല
പാത്രത്തിലർപ്പിക്കുന്ന സമ്പത്താലതിമാത്രം."

പാവനമനസ്കനാം കൌശികനിപ്രകാരം
ദേവേന്ദ്രവാക്യം കേട്ടു സന്തോഷഭാരം പൂണ്ടു
മുന്നമേ ഭൃശാശ്വൻ താൻ നൽകിയ ദിവ്യാസ്ത്രങ്ങ-
ളന്നേരം സകലവും രാമനു നൽകീടിനാൻ.
ബ്രഹ്മാസ്ത്രദണ്ഡാസ്ത്രങ്ങളെല്ലാടം ഗമിക്കുന്ന
ധർമ്മചക്രവും കാലചക്രവും വിഷ്ണുചക്രം
ശക്രസംബന്ധിയായ വജ്രവും ശിവനേററം
മുഖ്യമായിരിപ്പോരു ശൂലമാമായുധവും
വന്ദ്യമാം കൌമോദകം മുഖ്യമാം ശിവോദക-
മെന്നു ചൊല്ലീടും രണ്ടു തീവ്രമാം ഗദകളും
ഉഗ്രമാം ബ്രഹ്മശിരസ്സെന്നോതും ദിവ്യാസ്ത്രവും
മുഖ്യമാമൈഷീകാസ്ത്രമത്ഭുതപ്രദശംഖം
ധർമ്മപാശവും കാലപാശവും ത്രിനേത്രാസ്ത്രം
ശർമ്മദായകമായ വാരുണമാകുമസ്ത്രം
ശുഷ്കപാചനത്തിനു നാഗാസ്ത്രം ദ്രവപാകം
നിഷ്കൃഷ്ടയോടും ചെയ്യും വൈഷ്ണവമാകുമസ്ത്രം
അത്ഭുതമാഗ്നേയാസ്ത്രം ശിഖരാഹ്വയമസ്ത്ര-
മപ്പോലെ വായവ്യാസ്ത്രം ക്രൌഞ്ചനാമാസ്ത്രം പിന്നെ
മുഖ്യമാം ഹയശിരസ്സെന്നോതും ദിവ്യാസ്ത്രവും
ശക്രബാഹുലേയന്മാർ തങ്ങടെ ശക്തികളും
ഘോരമായിരിപ്പോരു കങ്കാളമുസലാഖ്യം
സാരമാം കാപാലാഖ്യം കിങ്കിണീനാമമസ്ത്രം
നന്ദകമായ ഖഡ്ഗം ഗന്ധർവ്വാഹ്വയമസ്ത്ര-
മെന്നല്ല മോഹനാസ്ത്രം ദേവസംബന്ധമസ്ത്രം
വർഷണാഹ്വയമസ്ത്രം സായകം പ്രമഥനം
ശോഷണം പ്രസ്വാപനം സന്താപനാഖ്യം പിന്നെ

വാമനം മാനവാഖ്യം നൈഷാദം ശശാമനം
കേമമാം സംവർത്താഖ്യം സൌമനം സത്യാഹ്വയം
ശൈശിരം ത്വഷ്ട്രാഹ്വയം മായാസ്ത്രം സോമാഹ്വയം
ക്ലേശദം മോഹതേജസ്സെന്നല്ല ഭഗാസ്ത്രവും
രുദ്രനാമാഖ്യമസ്ത്രമിച്ചൊന്ന ദിവ്യാസ്ത്രങ്ങൾ
ഭദ്രനാം രാമചന്ദ്രൻ സാനന്ദം സ്വീകരിച്ചാൻ.
മാന്യനാം വിശ്വാമിത്രൻ തന്നുടെ പുരോഭാഗ-
ത്തന്നേരം സസംഹാരജൃംഭകാസ്ത്രങ്ങളെല്ലാം
ഋഷികളായിച്ചെന്നു നിന്നതുകണ്ടു രാമൻ
താപസനിയോഗത്താൽ തൃക്കരങ്ങളാൽ മന്ദം
സായകങ്ങളെ ഭക്ത്യാ തടവിപ്പൂജചെയ്തു
പോയാലുമെന്നീവണ്ണമരുളിച്ചെയ്തയച്ചാൻ.
പിന്നെയും നടക്കുമ്പോൾ കാനനമൊന്നുകണ്ടു
മന്നവകുമാരകൻ ചോദിച്ചാൻ മുനിയോടായ്:—
"ചേലെഴും മരതകരത്നങ്ങളെന്നായ്ത്തോന്നും
പോലവേ മനോഹരശ്യാമളവർണ്ണം പൂണ്ടു
നിറയെത്താലവൃക്ഷം നില്ക്കുന്നിതിവിടത്തിൽ
പറയാനരുതിതിൻ ഭംഗിയിന്നൊരുത്തൎക്കും.
ചേണാർന്നുകണ്ടീടുന്നിതത്രൈവ ലതാഗൃഹ-
ശ്രേണികളുള്ളതുകളിൽ വാഴുന്ന പെൺപക്ഷികൾ
സംഗീതഗാനംപോലെ ഭംഗിയായ് ശബ്ദിക്കുന്നു
മംഗളപ്രദമായകമിസ്ഥലമതിമാത്രം.
കണ്ണിനും മനസ്സിനുമാനന്ദപ്രദമായി
പുണ്യവർദ്ധനമാകുമീവനം നിശ്രംപിച്ചാൽ
അന്യബാധകളേതും കൂടാതെ വിശ്രമിപ്പാൻ
നന്നിതാരുടെയെന്നു കേൾക്കുവാനുണ്ടു മോഹം."

രാമഭാഷിതം കേട്ടു കൌശികമുനീന്ദ്രനാം
സാമോദം വനവൃത്തം ചൊല്ലുവാനാരംഭിച്ചു:—
"ഇതുതാൻ സിദ്ധാശ്രമം വാമനാകാരം പൂണ്ടു
മധുസൂദനനായ വിഷ്ണുവാം നാഥൻ തൻെറ
യോഗശക്തിയാൽമുന്നം വാമനനായിച്ചെന്നു
ലോകങ്ങൾ മൂന്നും ദൈത്യശ്രേഷ്ഠനാം ബലിയോടായ്
വാങ്ങിയ ജഗല്പതിയാകിയ വാമനൻ തൻ
മംഗളാശ്രമംകൊണ്ടു പാവനമീവനം കേൾ.
തന്തിരുപാദാംഭോജഭക്തിപീയൂഷസിക്ത-
സ്വാന്തനായുള്ള ഞാനും തദ്രൂപസ്മൃതിപൂണ്ടു
സിദ്ധസംസേവ്യമാകുമീവനസ്ഥലംതന്നെ-
യദ്ധ്വരസ്ഥലമായി സ്വീകരിച്ചിരിക്കുന്നു.
ഇങ്ങുതാൻവെച്ചു യാഗം ചെയ്യുവാൻ തുടങ്ങുന്നേ-"
നിങ്ങനെ രാമൻ തന്നോടരുളിച്ചെയ്തു മുനി
തന്നുടെ സിദ്ധാശ്രമം പ്രാപിച്ചാനതുനേരം
മാന്യരാം സിദ്ധാശ്രമവാസികൾ തപസ്വികൾ
"സംഭരിച്ചിരിക്കുന്നു താവക യാഗത്തിനു
സംഭാരമെല്ലാ''മെന്നു മുന്നിൽവന്നറിയിച്ചാർ.
അപ്പൊഴേ രാമൻ ചൊൽക കാരണം വിശ്വാമിത്ര-
നപ്പവും ശങ്കകൂടാതാരംഭിച്ചിതു യാഗം.
യാഗരക്ഷണത്തിനു കൌശികാനുജ്ഞയാലേ
രാഘവനനുജനൊത്താറുനാളൊരുപോലെ
രാപ്പകലുറങ്ങാതെ കാത്തുനിന്നിതു സാക്ഷാൽ
മുപ്പുരാരാതിക്കൊത്ത വിക്രമിയിളകാതെ.
പാവകനാറാംദിനേ വേദിയിൽ ജ്വലിക്കവേ
ദേവകണ്ടകന്മാരാം രാക്ഷസന്മാരും വന്നാർ.

ഇടിനാദത്തെക്കാളും ലോകങ്ങൾ പേടിച്ചീടും
പടിയത്യുച്ചമായിട്ടട്ടഹാസവും ചെയ്തു
ചോരയുമിറച്ചിയും യാഗശാലയിലെങ്ങും
വാരി വർഷിച്ചുംകൊണ്ടു നിറഞ്ഞിതാകാശത്തിൽ.
മേഘങ്ങളെന്നായ് തോന്നും പോലവേ രക്ഷോഗണ-
മാകാശഭാഗത്തിങ്കലാകവേ നിറഞ്ഞപ്പോൾ
ചുററുമുള്ളവയൊന്നും കാണരുതാതെയായി-
ത്തേററമുമ്മിരുട്ടിനാലെന്നതേ പറയേണ്ടു.
വ്യോമചാരികളായ രാക്ഷസർ ചെയ്തീടുന്ന
ഭീമനിസ്വനംകൊണ്ടും തൽപ്രവൃത്തികൾകൊണ്ടും
ഭീതരായമ്പരന്നോരേവരുമതിമാത്രം
ചേതസ്സിലാർക്കുംതന്നെയൊന്നുമേ തോന്നിയില്ല.
രാക്ഷസന്മാരെക്കണ്ടു രാമനനുജനാം
ലക്ഷ്മണൻതന്നെപ്പാർത്തു സസ്മിതമരുൾചെയ്താൻ:—
"യാമിനീചരസൈന്യസമ്പത്തിൻ വിലാസങ്ങൾ
സൌമിത്രേ! ഭവാനദ്യ കണ്ടാലുമാകാശത്തിൽ.
ഓരോരോ വികാരങ്ങളാകിയ മേഘങ്ങളാൽ
ചേരുന്ന മനസ്സിന്റെ മാലിന്യമതുപോലെ
യാഗവിഘ്നത്തെച്ചെയ്തും ദുഷ്ടരാമിവരാലി-
യാകാശമശേഷവും മാലിന്യമാർന്നീടുന്നു."
ഇവ്വിധമരുൾചെയ്തു മാരുതാസ്ത്രത്തെ രാമൻ
ദേവാരിസംഘങ്ങളെ ലക്ഷ്യമായ് പ്രയോഗിച്ചാൻ.
വായുവാലതിവേഗം ഛിന്നഭിന്നങ്ങളായി-
പ്പോയിതു നിശാചര,രാകാശം തെളിഞ്ഞിതു.
നൂറു യോജന ദൂരെച്ചെന്നു വീണിതു രക്ഷോ-
വീരനാം മാരീചനും മാരുതാസ്ത്രത്തിനാലേ.

സൎവ്വലോകങ്ങളെയും ഭേദിക്കും സുബാഹുവാം
ദുൎവ്വാരവീൎയ്യംപൂണ്ട രാക്ഷസാധിപൻതന്നെ
കട്ടതായ്ജ്വലിക്കും പാവകാസ്ത്രത്തിനാലെ
ഝടിതി വധിച്ചിതു രാഘവൻ തിരുവടി.
മാരീചസുബാഹുക്കൾ തങ്ങടെ സൈന്യങ്ങളാം
ഘോരരൂപികളായ മററു രാക്ഷസന്മാരെ
സൎവ്വവും നശിപ്പിച്ചാൻ പവനാസ്ത്രത്തിനാലെ
നിൎവ്വിഘ്നമാക്കിത്തീൎത്തു മുനിതൻ യാഗം രാമൻ.
സുന്ദനന്ദനനായ മാരീചൻ മഹാബലൻ
ചെന്നു വീണിതു ദൂരെ വാരിധീതടത്തിങ്കൽ.
വീരനാം സുബാഹു താൻ നഷ്ടമായതുമൂലം
മാരീചനതിമാത്രം ഭഗ്നമാനസനായി.
കിന്നരാമരസിദ്ധഗന്ധൎവ്വവധൂടികൾ-
ക്കന്നേരം രാമൻ തന്റെ നൂതനചരിതങ്ങൾ
സ്വൈരമായ് നേരേ കണ്ടതൊക്കെയും തമ്മിൽ ചൊല്ലി
പാരമായ് പ്രശംസിച്ചു മോദിപ്പാനിടയായി.

കൌശികവംശം

ഇങ്ങനെ വിശ്വാമിത്രൻ തന്നുടെ മഹായാഗം
മംഗളമാകുംവണ്ണം പൂൎണ്ണമായതിൻശേഷം
അങ്ങു വാണീടും മുനിശിഷ്യന്മാർ മഹൎഷികൾ
തിങ്ങിന മോദംപൂണ്ടു രാമനോടുരചെയ്താർ:—
"താവകപരാക്രമം കാരണം ഇന്നുവിഘ്ന
ഭാവുകം ഭവിച്ചിതു യജ്ഞസമ്പൂൎത്തിയാലെ.
ഇന്ദ്രസന്നിഭശ്രീമാനാകിയ ജനകാഖ്യ-
മന്നവൻ മിഥിലയിൽ ചെയ്യുന്നിതൊരു യാഗം;

പൂജ്യനാം മിഥിലേശൻ ചെയ്തീടും മഹായാഗം
രാജ്യത്തിന്നൊരു നല്ല കല്പവൃക്ഷമായ് തീരും.
ഉണ്ടു കേളവിടത്തിൽ ശംഭുവിൻ മഹാചാപം
കണ്ടീടിലത്യാശ്ചര്യമേവർക്കുമുളവാകും.
നിർജ്ജരന്മാർക്കുപോലുമീശ്വരന്റെ ചാപം
നിശ്ചയമെടുത്തീടാൻ സാധിച്ചീടുകയില്ല.
അതു കാണേണ്ടതത്രേ പരമേശ്വരചാപം
ഞങ്ങളോടൊരുമിച്ചു പോന്നാലും യാഗത്തിനായ്."
ഇത്തരമവർ ചൊല്ലിക്കേൾക്കയാലവരോടു-
മൊത്തുടൻ സലക്ഷ്മണം രാഘവൻ തിരുവടി
സ്തുതിയാം മുനീന്ദ്രനെ മുന്നിലായ് നടത്തിച്ചു
മിഥിലാധിപയാഗം കാണ്മവാൻ പുറപ്പെട്ടു.
യാത്രചെയ്തവരെല്ലാം സായാഹ്നേ ശോണവർണ്ണം
ചാർത്തീടും ശോണാഖ്യമാം നദിയെ സംപ്രാപിച്ചാർ.
സായാഹ്നസന്ധ്യാസ്നാന ജപഹോമാദിയെല്ലാം
മായമെന്നിയെ ശോണനദിയിൽ ചെയ്തശേഷം
തത്തീരഭാഗത്തിങ്കൽ സുഖമായ് വസിച്ചീടു-
മുത്തമമുനീന്ദ്രന്റെ മുന്നിലായ് ചെന്നു രാമൻ.
ആരുടെവകയാണീസ്ഥലമെന്നസ്ഥലത്തിൻ
ചാരുതനിമിത്തമായ് ചോദിച്ചാൻ സവിനയം.
ചോദ്യമീവണ്ണം കേട്ടു ഗാധിനന്ദനൻ മുനി-
യാദ്യമായതിൻവൃത്തം ചൊല്ലുവാനാരംഭിച്ചു.
"കേട്ടുകൊണ്ടാലുമെങ്കിൽ ശ്രീരാമ! പുരാവൃത്തം
സൃഷ്ടികർത്താവിന്നുണ്ടായ് കുശനെന്നൊരു പുത്രൻ.
കുശനു കുശനാഭൻ കുശാംബനസൂർത്താഖ്യൻ
വസുവെന്നിപ്രകാരം നാലുപേർ പുത്രരുണ്ടായ്.

ഉന്നതപരാക്രമശാലികള[illegible]ന്നാൾ
മന്നവന്മാരെയെല്ലാം തങ്ങടെ കീഴടക്കി.
കൌശാംബിയെന്നായ് ചൊല്ലും രാജ്യവും സൎവ്വശാസ്ത്ര-
കുശലൻ കുശാംബനാലുണ്ടായിതനന്തരം.
ചൊല്ലെഴും പ്രാഗ്ജ്യോതിഷരാജ്യത്തെയമൂൎത്തനെ-
ന്നെല്ലാടം പ്രസിദ്ധനാം മന്നവനുണ്ടാക്കിനാൻ.
ഉത്തമൻ കുശനാഭൻ നിൎമ്മിച്ചാൻ മഹോദയ-
പത്തനം ഗിരിവ്രജം വസുവും നിൎമ്മിച്ചിതു.
ഭൂവരൻ കുശനാഭൻ തന്നുടെ ഭാൎയ്യയായ
ദേവസുന്ദരിമാരിൽ മുഖ്യയാം ഘൃതാചിയിൽ
പുത്രികളുണ്ടായ്വന്നു നൂറുപേരവരുടെ
നേത്രചാരുതകൊണ്ടു മാനകൾ നാണംപൂണ്ടാർ.
അക്കാലം മഹാമുനി സൂരിയെന്നോതീടുന്ന
മുഖ്യനാം ബ്രഹ്മചാരിയുണ്ടായാനവനിയിൽ
ഗന്ധൎവ്വിയൂൎണ്ണായുസ്സിൻ നന്ദിനിയദ്ദേഹത്തെ
ശാന്തയായെല്ലാപ്പോഴും ശുശ്രൂഷിച്ചിതു ഭക്ത്യാ.
അവൾ തൻ ശുശ്രൂഷയാൽ സൂരിയും സന്തോഷിച്ചു
ഭുവനപ്രസിദ്ധനാം പുത്രനെ നൽകിക്കൊണ്ടാൻ.
ബ്രഹ്മദത്താഖ്യനാകും ഭൂപാലനവനല്ലൊ
നിൎമ്മലഗുണങ്ങളാലായവൻ കീൎത്തിമാനായ്
മന്നവൻ കുശനാഭൻ തന്നുടെ പുത്രിമാരാം
കന്യകമാരെയന്നാൾ ബ്രഹ്മദത്തനു നൽകി.
പുത്രസിദ്ധ്യൎത്ഥം യാഗംചെയ്തയാലതിൽ പിന്നെ
പുത്രനായ് കുശനാഭന്തനിക്കു ഗാധിയുണ്ടായ്.
ഗാധിമന്നവൻ തന്റെ നന്ദനനീ ഞാനെന്റെ
സോദരി സത്യവതിയെന്നവളായിരുന്നു.

താതനൃഷീകനായ് നൽ ാനവൾതന്നെ
പൂതയാമവൾ പിന്നെക്കൌശികീനദിയായാൾ.
അന്നദിയിത്തന്നേ, ധർമ്മങ്ങൾക്കിരിപ്പിടം
പുണ്യദായകമാകുമിസ്ഥലമല്ലോ രാമ!
സൽക്കഥാപ്രസംഗത്തിലേറീടും രസംമൂല-
മുൾക്കാമ്പിലറിഞ്ഞീലാ,സമയംപോയതും നാം.
നേരവുമിരുട്ടായിത്തീൎന്നിതു വൃക്ഷങ്ങളി-
ന്നേരത്തിലുറങ്ങുമ്പോൾ നില്ക്കുന്നിതിളകാതെ.
സ്നേഹസംയുക്തമാകും നാരിതൻ തലമുടി
മോഹനമാകുംവണ്ണം കെട്ടിവെച്ചതുപോലെ
സൎവ്വഥാ നിബിഡമായ് ശോഭിക്കും വൻതമസ്സിൻ
യൌവ്വന പരിപൂൎത്തി കണ്ടാലുമയി രാമ!
കണ്ടാലുമിപ്പോളിതാ ചന്ദ്രനും മെല്ലെമെല്ലെ-
ക്കൊണ്ടാടിപ്രകാശിപ്പൂ, തൽക്കലയിതു കണ്ടാൽ
കലഹത്തിങ്കൽ വീഴും ക്രൂരിരുട്ടായ പന്നി-
ത്തലവൻ തന്റെ തീക്ഷ്ണദംഷ്ട്രയോയെന്നു തോന്നും.
ശ്രീമഹാദേവൻ തന്റെ ജടയിലെല്ലായ്പ്പോഴു-
മീമഹാചന്ദ്രകല ശോഭിപ്പൂ പവിത്രമായ്.
മോഹാന്ധകാരം നീക്കി ശുഭ്രമായ് സത്തുക്കൾതൻ
മാഹാത്മ്യമേറീടുന്ന ബുദ്ധിയെന്നതുപോലെ
ചാരുവാം പ്രകാശത്താൽ ക്രൂരിരുട്ടെല്ലാം നീക്കി
സ്വൈരമായ് വിളങ്ങുന്നു ചന്ദ്രനമയി രാമ!"
പൂൎവ്വവൃത്താന്തമേവം കൌശികൻ രാമനോടു
സൎവ്വവും വിവരിച്ചുചൊല്ലി വാഴുന്നനേരം
രാത്രിയോടൊപ്പംതന്നെ ചന്ദ്രനും മന്ദംമന്ദ-
മസ്തമനാദ്രി തന്നിൽ പ്രാപിച്ചിതന്നേദിനം.

പിന്നീടു രാമാദികൾ കൌശികീനദിയേയും
ജാഹ്നവിയേയും വേഗം കടന്നു, മന്ദംമന്ദം
കാനനംവഴി യാത്രചെയ്തഥ ദിനാന്തത്തി-
ലാനന്ദചിത്തന്മാരായ് പ്രാപിച്ചു ഗംഗാതടം;
രാത്രിയിലവിടെത്താൻ വാസമെന്നുറപ്പിച്ചു
നിത്യകർമ്മങ്ങളേയും ചെയ്തിതു യഥാവിധി.
ശിഷ്യരോടൊരുമിച്ചു വിശ്രമിച്ചിരിക്കുന്ന
വിശ്വാമിത്രനെ നോക്കിസ്സാദരം രാമചന്ദ്രൻ,
ഗംഗതന്നവതാരവൃത്താന്തം ശ്രവിക്കുവാൻ
തിങ്ങിയ മോദത്തോടും ചോദിച്ചീടുകയാലേ
മംഗലാശയൻ മുനി മാനസാനന്ദം പൂണ്ടു
ഭംഗിയിൽ ഭാഗീരഥീവൃത്താന്തമരുൾചെയ്തു:—

പാൽക്കടൽക്കെതിരായ ശുദ്ധിയും ശ്രീയും പൂണ്ടു-
ചൊൽക്കൊള്ളുമയോദ്ധ്യയാം താവകരാജ്യത്തിങ്കൽ
ഭൂവരൻ സഗരാഖ്യൻ ജാതനായിതു മുന്നം
ദേവസഞ്ചയത്താലുമാ നൃപൻ മാന്യനായാൻ.
ചൊല്ലെഴും വൈദർഭിയായ് കേശിനീനാമം പൂണ്ട
കല്യാണീമണിയന്നാൾ സഗരപ്രിയയായി.
പിന്നീടു രണ്ടാംഭാര്യയായതും സുമതിയാം
തന്വംഗീമണിയത്രേ, വിനതാത്മജയവൾ;
രണ്ടുപേർ ഭാര്യമാരോടൊന്നിച്ചു സന്തത്യർത്ഥം
വേണ്ടപോൽ തപംചെയ്താൻ ഭൂവരൻ ശതവർഷം.
അക്കാലം ഭൃഗുമുനി നൽകിയ വരംമൂല-
മാഗ്രഹം ഫലവത്താക്കീനിതു നൃപാലനും.

വീരരായറുപതിനായിരം പുത്രന്മാരും
പേരെഴുമസമഞ്ജ പുത്രനാം ജാതനായി.
പ്രഥമാത്മജനാണെന്നാകിലുമസമഞ്ജ-
നതിയായ് പ്രജകളെ ദ്വേഷിച്ചീടുകയാലേ
ഭൂവരനുപേക്ഷിച്ചാനവനെ, തൽപുത്രനായ്
മേവീടുമംശുമാനെ പുത്രവൽ സ്വീകരിച്ചാൻ.
മന്നവൻ സഗരനുമശ്വമേധത്തെച്ചെയ്വാൻ
സന്നദ്ധനായിക്കോപ്പുകെട്ടിനാനതുകാലം.
വിന്ധ്യപർവ്വതത്തിനും, പ്രാലേയശൈലത്തിനും
മദ്ധ്യത്തിൽ കിടക്കുന്ന ഭൂമിയിലൊക്കപ്പാടെ
പൂർണ്ണമായ് ഭവിച്ചീടും മട്ടിലധ്വരകർമ്മം
മന്നവനാരംഭിച്ചു വിട്ടിതശ്വത്തിനേയും.
ശ്രേഷ്ഠമാം ഹയത്തിനെ രക്ഷികൾ കണ്ടീടാതെ
മോഷ്ടിച്ചിട്ടോരേടത്തു കൊണ്ടുപോയിതന്നാരോ;
കാണാതെയായിത്തീർന്നോരദ്ധ്വരക്കുതിരയെ
ക്ഷോണീന്ദ്രനിയോഗത്താലന്വേഷിപ്പതിനായി
പുത്രന്മാരറുപതിനായിരം പേരുംകൂടി-
ദ്ധാത്രിയിൽ സഞ്ചരിച്ചാരേററവും ക്രുദ്ധരായി.
അശ്വമോഷകന്മാരെന്നോർത്തവർ ജനങ്ങളെ
നിശ്ശങ്കം ഹനിച്ചിതു വ്യർത്ഥമായ് പലരേയും.
ഭൂമിയിലൊരേടത്തും കണ്ടതില്ലശ്വത്തിനെ
ഭൂമീന്ദ്രപുത്രന്മാരും സംഭ്രമിച്ചതിൽ പിന്നെ
ഭൂമിയെപ്പിളർന്നുടൻ കീഴ്പോട്ടു പോയീടുമ്പോൾ
ഭീമരൂപികളായ ദിഗ്ഗജങ്ങളെക്കണ്ടായ്;
തങ്ങടെ മൂർദ്ധാവിങ്കൽ ഭൂമിയെദ്ധരിക്കുന്നൊ-
ത്തുംഗവിക്രമത്തോടുകൂടിയ ദിഗ്ഗജങ്ങൾ.

നാലുപേർ ദിഗ്ഗജങ്ങ,ളൊന്നതിൽ വിരൂപാഖ്യൻ
പേരെഴും മഹാപത്മൻ, സുമനസ്സാഖ്യൻ പിന്നെ,
ഭദ്രനിത്യാദിനാമം പേർന്നീടുന്നവർ കൈലാ-
സാദ്രിസന്നിഭന്മാരായേററവും പ്രകാശിപ്പൂ;
ദിഗ്ഗജശ്രേഷ്ഠന്മാരെ ബ് ഭൂവരകുമാരന്മാ-
രൊക്കെയും ബഹുമാനപൂർവ്വകം പൂജചെയ്തു.
പാതാളലോകംപുക്കു നോക്കുമ്പോളവിടത്തിൽ
ദ്യോതമാനമാം ദിവ്യ വൈഷ്ണവതേജസ്സാലും
ഉഗ്രമാം തപസ്സാലും ദീപ്തനായ്ത്തിളങ്ങീടു-
മുൽകൃഷ്ടനായീടുന്ന കപിലൻ തന്നെക്കണ്ടാർ.
'ഇപ്പുമാൻ കുതിരയെക്കട്ടതാം കള്ള'നെന്നാ-
യുൾപ്പൂവിലാലോചിച്ചു സഗരാത്മജന്മാരും,
ക്രോധസംഭ്രാന്തന്മാരായ് മുനിയാം കപിലനെ
ബാധിച്ചിട്ടുപദ്രവിച്ചീടിനാർ പലമട്ടിൽ.
അന്നേരം കപിലന്റെ ദൃഷ്ടിയേററതിനാലേ
മന്നവാത്മജന്മാരും ഭസ്മമായ് ഭവിച്ചിതു.
പുത്രരെക്കാണായ്കയാൽ സഗരക്ഷമാപാലൻ
പൌത്രനാമംശുമാനോടാജ്ഞാപിക്കുകയാലേ
അദ്ദേഹമന്വേഷിച്ചു പാതാളലോകത്തിങ്കൽ
വിദ്രുതമണഞ്ഞിതു സജ്ജനാചാരയുക്തൻ.
ഭസ്മമായ്ക്കിടക്കുന്ന പൂർവ്വജന്മാരെക്കണ്ടു
വിസ്മയമനസ്കനായ് നിന്നിതന്നംശുമാനും,
'ധന്യനാം കപിലന്റെ കോപവഹ്നിയിൽപെട്ടു
നിന്നുടെ പൂർവ്വജന്മാർ ഭസ്മമായ് തീർന്നി'തെന്നും
ദേവഗംഗാഭിഷേകം മൂലമായവർക്കുണ്ടാം
പാവനലോകപ്രാപ്തിയിനിമേലെ'ന്നും മററും

അമ്മാമനായീടുന്ന ഗരുഡൻ ചൊല്ലികേട്ടു
നിൎമ്മലാശയനാകുമംശുമാൻ ദുഃഖത്തോടും
നേരിട്ടു കാണാഞ്ഞുന്നോരദ്ധ്വരാശ്വത്തിനേയും
പാരാതെ കൂട്ടിക്കൊണ്ടു താതസന്നിധി പുക്കു
സൎവ്വവൃത്താന്തങ്ങളേയും കേൾപ്പിച്ചീടിനശേഷ-
മുൎവ്വീന്ദ്രൻ സഗരനും ദുഃഖിതനായെന്നാലും
നിൎവ്വിഘ്നമാകുംവണ്ണം യാഗവും കഴിച്ചുതാ-
നുൎവ്വിയെധൎമ്മത്തോടുകൂടവേ സംരക്ഷിച്ചു.
മുപ്പത്തായിരംവൎഷം പൂജ്യനായ്വാണശേഷം
സൽപ്പുമാൻ ദേവലോകം പ്രാപിച്ചാൻ സഗരനും.
അംശുമാനനന്തരം നീതിയിൽ പ്രജകളെ-
സ്സംശയരഹിതനായ് രക്ഷിച്ചാൻ ചിരകാലം.
ഉത്തമഗുണാഢ്യനായ്ത്തനിക്കും ദിലീപനാം
പുത്രനു രാജ്യംനൽകി ബ്ഭ്രുവരനനന്തരം
ഉഗ്രമാം തപസ്സോരു മുപ്പത്തിരണ്ടായിരം
വത്സരം ചെയ്തുകൊണ്ടാൻ പ്രാലേയശൈലംപുക്കു.
രാജപുംഗവന്മാരിൽ പ്രാപ്യമാം മഹാസ്ഥാനം
പൂജനീയനായ് പിന്നെ പ്രാപിച്ചാനംശുമാനും.
പൂജ്യനായിരുപതിനായിരം സംവത്സരം
രാജ്യരക്ഷണം ചെയ്തു ഗുണവാൻ ദിലീപാഖ്യൻ
സൎവ്വഥാ യോഗ്യനായ പുത്രനാം ഭഗീരഥ-
നുൎവ്വിയെസ്സമൎപ്പിച്ചു പൂകിനാൻ സുരലോകം.
സഗരാത്മജന്മാർതൻ പൂൎവ്വവൃത്താന്തം കേട്ടു
സുകൃതാംബുധി ഭൂപൻ ദൃഢനിശ്ചയമാൎന്നു
ഗോകൎണ്ണേ പുണ്യസ്ഥലം സമ്പ്രാപിച്ചതിൻശേഷ-
മേകാഗ്രമനസ്കനായ് ചെയ്തിതുഗ്രതപസ്സുഗ്രം.

സ്ഥാണുപോലിളകാതെ, ബാഹുക്കൾ പൊക്കിക്കൊണ്ടു
വാണിതു നൂറുവർഷം ഖേദവും കൂടാതെ.
അബ്ദാവസാനത്തിങ്കൽ ബ്രഹ്മാവു പ്രത്യക്ഷനായ്
കല്പിച്ചാൻ 'വരമിഷ്ടംപോലവേ വരിക്കെ'ന്നായ്.
ബ്രഹ്മശാസനം കേട്ടു ഭൂവരൻ ഭഗീരഥൻ
താഴ്മയായ് വിരിഞ്ചനോടിങ്ങനെയറിയിച്ചു.
'സ്വർന്നദീജലംകൊണ്ടു ശുദ്ധരാക്കുകവേണ-
മെന്നുടെ പൂർവ്വന്മാരെയെന്നാണെന്നഭിലാഷം;
ഇക്ഷ്വാകുവംശ്യന്മാർക്കു നിന്തിരു പ്രസാദത്താ-
ലക്ഷയാനന്ദം മേലാലുണ്ടാക്കീടുകവേണം."
സാരജ്ഞൻ ഭഗീരഥനിങ്ങനെയപേക്ഷിച്ച
നേരമച്ചതുർമ്മുഖൻ സന്തോഷിച്ചുരചെയ്തു:—
"ജാതയാം ഭവാനായി ദേവഗംഗയും രാജൻ!
പൂതമായ് ഭവിച്ചീടും താവകവംശം മേലാൽ.
ഗംഗതൻ പ്രവാഹത്തിൻ വേഗത്തെസ്സഹിക്കുവാ-
നംഗജാരാതിതന്നെ തുഷ്ടനാക്കുക ഭവാൻ.
ലോകപാവനിയായ ഗംഗയുമതിവേഗം
നാകലോകത്തിൽനിന്നും ക്ഷേമമായ് പ്രവഹിച്ചു
പാതാളലോകം പുക്കു ഭസ്മമായ് കിടക്കുന്ന
മേദിനീവരന്മാർക്കു നൽഗതിയുണ്ടാക്കീടും.
മുപ്പുരാരാതിക്കല്ലാതാർക്കുമേ ശക്തിയില്ലാ
തൽപ്രവാഹോത്ഥമാകും വേഗത്തെസ്സഹിക്കുവാൻ."
ഭൂവരൻ തന്നോടേവമരുളിച്ചെയ്തു പിന്നെ-
ദ്ദേവഗംഗയോടിഷ്ടം ചൊല്ലുവാനാജ്ഞാപിച്ചാൻ.
പ്രാണനെയടക്കിത്തൻ ചരണാംഗുഷ്ഠമാത്രം
ക്ഷോണിയിലൂന്നിക്കൊണ്ടു ഭൂപതിയനന്തരം

ഉഗ്രനെ ധ്യാനം ചെയ്തിട്ടൊന്നുമേ ഭക്ഷിക്കാതെ
ഉഗ്രമാം തപസ്സാർന്നു നിന്നിതന്നൊരു വർഷം.
ചന്ദ്രശേഖരൻ താനക്കാലം പ്രസാദിച്ചു
ചെന്നു 'നിന്നഭീഷ്ടം ഞാൻ ചെയ്യുവേ'നെന്നു മന്ദം
അരുളിച്ചെയ്തു ശീഘ്രം പ്രാലേയശൈലത്തിന്റെ
പെരുതാം കൊടുമുടി തന്നിലങ്ങേറിനിന്നു,
അംബുദപടലങ്ങൾപോലവേ മിന്നീടുന്ന
തന്മഹാ ജടാഭാരമാകവേയഴിച്ചിട്ടു
മന്ദഹാസവുംപൂണ്ടു ദേവഗംഗയെപ്പാർത്തു
'വന്നാലും ഭവതി'യെന്നീശ്വരൻ കല്പിക്കയാൽ
ഉഗ്രമായ് പ്രവഹിച്ചു ഫേനങ്ങളോടും കൂടെ
വ്യഗ്രമെന്നിയേ ഗംഭീരാരവാപൂരിതയായ്
അത്യന്ത ഗംഭീരയാം ഗംഗയും ശിവൻതന്റെ
മൂർദ്ധാവിൽ പതിച്ചിതു മുഗ്ദ്ധഭാവത്തെപ്പൂണ്ടു.
പുഷ്ടമാം ജടാഭാരം തന്നിൽത്താനടങ്ങിനി-
ന്നൊട്ടുമേ സാധിച്ചീലാ മറ്റൊരേടത്തും പോകാൻ.
ഗ്രാമവാസിനിമാരാം കന്യകാമണിമാർക്കു
താമസസ്ഥലം വിട്ടു മറ്റൊരേടത്തു പോവാൻ
എങ്ങനെ ലജ്ജയാലേ തോന്നുകില്ലതുപോലെ
ഗംഗയും ശിവജടാഭാരത്തിലടങ്ങിനാൾ.
വർഷാവസാനത്തിങ്കൽ ഭൂവരൻ പ്രാർത്ഥിക്കയാൽ
ഹർഷമാർന്നഥ ശിവൻ കല്പിച്ചീടുകയാലെ
തന്നുടെ ജടാഭാരവത്തിനി മന്ദാകിനി
മന്ദമായ് പ്രവഹിച്ചു ഭൂമിയിൽ പതിച്ചിതു.
മാന്യരാം സിദ്ധന്മാരും ബ്രഹ്മജ്ഞാനികളാകു-
മന്യരും സേവിക്കുന്നു ദേവഗംഗയെ നിത്യം.

ശുഭ്രമായഴകൊട്ടും ചേരാതെ, സ്ഫടികവൽ
ഗംഭീരധ്വനിയോടും കൂടവേയത്രകാലം
പ്രവഹിച്ചീടും സാക്ഷാൽ സ്വൎന്നദീജലത്താലേ
ഭുവനം മുഴുവനും ശോഭിച്ചിതമലമായ്.
മന്ദമാരുതനാലേ ചാരുവായ്ച്ചലിച്ചെങ്ങും
മന്ദമായ്കുടിലമായൊഴുകും ജലത്താലേ
ഭൂമിയെ ശുഭ്രവസ്ത്രധാരിണിയായിട്ടുള്ള
കാമിനിയെന്നപോലെ തോന്നീടുമന്നേരം.
ബ്രഹ്മാവാദികളായ നിൎജ്ജരശ്രേഷ്ഠന്മാരും
നിൎമ്മലാശയന്മാരാം മാമുനിമുഖ്യന്മാരും
മുന്നമേ നടന്നിട്ടു കാണിക്കും മാൎഗ്ഗത്തൂടെ
സ്വൎന്നദിയൊഴുകിയിബ്ഭൂമിയിൽ പ്രവേശിച്ചു.
സ്വൎഗ്ഗംഗാതരംഗങ്ങൾ മനുഷ്യലോകത്തിന്നു
സ്വൎഗ്ഗയാത്രയ്ക്കു നല്ല കോണിയായ് ശോഭിക്കുന്നു;
തന്നുടെ മനോരഥപ്രാപ്തിയാൽ ഭഗീരഥ-
നന്നേരം ഹൎഷം തന്നെ രൂപമാൎന്നതായ് തോന്നും.
ദേവമാമുനിമാരോടൊന്നിച്ചു ഭഗീരഥൻ
ദേവഗംഗയെപ്പിന്നെപ്പാതാളലോകത്തിങ്കൽ
കൊണ്ടുപോയ് ഭസ്മാകൃതിപൂണ്ട തൻ പൂൎവ്വന്മാരെ
വേണ്ടപോൽ നനച്ചിതു പാപശാന്തിക്കുവേണ്ടി
ഗംഗാംബുസംസൎഗ്ഗത്താൽ സഗരാത്മജന്മാരും
മംഗളാകൃതികളായ് പ്രാപിച്ചാർ സുരലോകം.
ബ്രഹ്മൎഷികളായി സ്വൎഗ്ഗത്തെ പ്രാപിച്ചതൻ
നിൎമ്മലപിതൃക്കൾക്കുവേണ്ടിയബ്ഭൂപൻ പിന്നെ
ശ്രദ്ധയാ പിതൃപ്രീതി വൎദ്ധിപ്പാൻ ഗംഗാജലേ
ശ്രാദ്ധവും യഥാവിധി ചെയ്തിതു രാമചന്ദ്ര!

ജാതയായ് വന്നിതേവം ഗംഗയും ഭഗീരഥ-
മേദിനീവരൻ തന്നാൽ സ്വർഗ്ഗലോകത്തിൽനിന്നും."

തരംഗിണി

ഗംഗതന്നവതാരവൃത്താന്തം വിശ്വാമിത്ര-
നിങ്ങനെ വർണ്ണിക്കവേ നേരവും പുലർന്നിതു.
മന്ദമായവർ പിന്നെ യാത്രയും തുടർന്നഥ
ചെന്നിതു വിശാലമെന്നോതീടും നഗരത്തിൽ.
സുമതിക്ഷ്മാവര നഗരം മനോഹരം
വിമലം ഗംഗാതടേ ശോഭിച്ചു വിശാലാഖ്യം.
അപ്പുരവൃത്താന്തത്തെ രാഘവൻ ചോദിക്കയാൽ
സല്പമാൻ വിശ്വാമിത്രനക്കഥയരുൾചെയ്താൻ:—
"ദിതിതൻ പുത്രന്മാരാം ദൈത്യരുമദിതിതൻ
സുതരാം ദേവന്മാരുമൊന്നിച്ചു കൃതയുഗേ
രാഘവ! സുധാലാഭകാംക്ഷികളായിച്ചെന്നു
ലോകപാവനമായ പാൽക്കടൽ കടഞ്ഞിതു.
കൌസ്തുഭരത്നം, പിന്നെസ്സുരഭി, ദിവ്യങ്ങളാം
വസ്തുക്കളനേകങ്ങളന്നതിൽ നിന്നുമുണ്ടായ്.
പ്രൌഢകളായീടുന്ന നാരികളറുപതു
കോടിയപ്പാലാഴിയിൽ നിന്നുമന്നുണ്ടായ്വന്നു.
അപ്പിൽനിന്നുണ്ടായ്വന്ന നാരികൾ, സരസകൾ,
അപ്സരസ്ത്രീകളെന്നായ് ചൊല്ലുന്നിതവരെയും.
ദൈത്യരും ദേവന്മാരുമവരെ സ്വീകരിച്ചി-
ല്ലത്യർത്ഥം സ്വതന്ത്രകളായവർ വർത്തിക്കുന്നു.

പീയൂഷകുംഭത്തോടു കൂടവേ ധന്വന്തരി
പയ്യവേ പൊങ്ങിവന്നാൻ സാഗരത്തിങ്കൽനിന്നും.
അന്നു പീയൂഷംമൂലം ദേവദാനവന്മാരു-
മന്യോന്യമിടഞ്ഞിതു, ഘോരമാം യുദ്ധമുണ്ടായ്.
ദൈത്യരെശ്ശക്രൻ താനുമാകവേ കൊലചെയ്തു
മുത്താർന്നു പീയൂഷവും കൈക്കൊണ്ടു നാകം പുക്കാൻ.
അക്കാലം ഹതപുത്രിയാകിയ ദിതിപാരം
ദുഃഖമുൾക്കൊണ്ടു തന്റെ ഭർത്താവിൻ സമീപത്തിൽ
ചെന്നുനിന്നമരേന്ദ്ര ഹന്താവാം തനയനെ-
ത്തന്നനുഗ്രഹിക്കേണമെന്നായിട്ടപേക്ഷിച്ചാൾ.
അപ്പോഴതവളോടു കശ്യപപ്രജാപതി
സുപ്രസന്നാത്മാവായിട്ടിത്തരമരുൾചെയ്തു.
'ശക്രനെജ്ജയിച്ചീടാൻ ശക്തനാമൊരു മകൻ
കേൾക്കെടോ! നിനക്കുണ്ടാം ലേശവും ദുഃഖിക്കേണ്ട.
ശുദ്ധമായോരായിരം വത്സരം ഗർഭത്തോടു-
മൊത്തു നീ വർത്തിച്ചാലും സാധിക്കും മനോരഥം.'
ഭർത്തൃശാസനത്താലേ ഗർഭിണിയായിപ്പിന്നെ
വർത്തിച്ചാൾ വ്രതമാർന്നു ദിതിയും ശുദ്ധയായി.
ഭൃത്യനെന്നതുപോലെ കളവായിന്ദ്രൻ താനും
ദൈത്യമാതാവുതന്നെയക്കാലം ശുശ്രൂഷിച്ചാൻ.
തന്നുടെ വ്രതത്തിനു വേണ്ടതാം സാധനങ്ങ-
ളിന്ദ്രൻ താനൊരുക്കീടും സാദരമെല്ലായ്പ്പോഴും.
പുഷ്പവും ചമതയുമഗ്നിയും കുശകയു-
മെപ്പോഴും സംഭരിച്ചു നൽകീടും മുടങ്ങാതെ.
പരിചര്യയിലേറെ ശ്രദ്ധയുണ്ടെന്നു ഭാവി-
ച്ചരികേ വസിച്ചിതു ദിതിയെപ്പിരിയാതെ.

കൈതവാചാരനായ വാസവൻ ചെയ്തീടുന്ന
പാദശുശ്രൂഷയാലേ മോഹിതമനസ്സായ്
വർഷാവസാനത്തിങ്കൽ മദ്ധ്യാഹ്നേ ഗർഭിണിയായ്
മരുവും ദൈത്യമാതാവുറങ്ങിക്കിടന്നിതു.
അന്നേരമിന്ദ്രൻ താനും ഗർഭത്തിൽ പ്രവേശിച്ചു
തന്നുടെ വജ്രത്താലെ ശിശുവെ ഖണ്ഡിച്ചിതു.
സപ്തധാ ഖണ്ഡമാക്കിത്തീർത്തെഴും വേദനയാൽ
ഗർഭവർത്തിയാം ബാലൻ രോദിച്ചുതുടങ്ങിനാൻ.
കരയും ബാലനോടു 'മാരോദീരിതി' ശക്രൻ
'കരയാതിരിക്കെന്നു'ള്ളർത്ഥത്തിലുരചെയ്താൻ.
അന്നേരമുണർന്നഥ ദിതിയും ഗർഭഭേദം
വന്നതായറിഞ്ഞിട്ടു ദുഃഖിക്കുന്നതു കണ്ടു.
സാന്ത്വനോക്തികൾ ചൊല്ലീട്ടിതിയെസ്സമാധാന-
സ്വാന്തയാക്കിയശേഷമിന്ദ്രനും തന്നിയോഗാൽ
മാരുതസ്കന്ധങ്ങളിലേഴു ഖണ്ഡങ്ങളേയും
സ്വൈരമായ് വാഴിപ്പിച്ചാൻ വായുരൂപികളാക്കി.
ഇന്ദ്രനും 'മാ,രോദീതി' ചൊൽകയാലവരെല്ലാ-
മന്നുതൊട്ടവിടത്തിൽ മാരുതന്മാരായ്‌വാണാർ.
പാകമായിരിപ്പോരു ഗർഭത്തെ ഭേദിക്കയാൽ
പാകശാസനനായന്നുതൊട്ടിന്ദ്രൻ താനും.
മരുതസ്കന്ധങ്ങളിൽ വർത്തിക്കും മരുത്തുകൾ
പെരികെ ശ്രേഷ്ഠന്മാരായെങ്ങുമേ സഞ്ചരിച്ചാർ;
ആയവർക്കെല്ലാവർക്കും നായകൻ ദിവ്യവായു-
വായവൻ തന്റെ പുത്രനാകുന്ന വിശാലാഖ്യൻ.
ഇപ്പുരം വിശാലനാമദ്ദേഹം തീർത്തതത്രേ-
യപ്പുമാൻ തന്റെനാമമിപ്പുരത്തിനുമായി.

ഇക്കാലം വിശാലഭ്രനായകവംശോൽഭ്രതൻ
ചൊൽക്കൊള്ളും സുമതിതാനിപ്പുരം രക്ഷിക്കുന്നു.'

അഹല്യാശാപമുക്തി.

അപ്പുരവൃത്താന്തത്തെക്കൌശികൻ ചൊല്ലിക്കേട്ടു
പിന്നാടു സുമതിയാൽ സൽകൃതനായി രാമൻ
പിന്നെയും മുനിയോടും സൌമിത്രിയോടും ചേൎന്നു
മന്ദമായ് നടക്കുമ്പോൾ കണ്ടിതങ്ങൊരു വനം.
ആ വനം പഴകിയ ലക്ഷണങ്ങളെക്കൊണ്ടു
പാവനം തപോവനസ്ഥലമെന്നോൎത്തു രാമൻ
വിസ്മയഭാരം പൂണ്ടുകൌശികൻ തന്നെപ്പാൎത്തു
സസ്മിതം ചോദ്യം ചെയ്യാൻ വിനയാന്വിതനായി:—
"ആരുടെ തപോവനമിസ്ഥലം, തപസ്വിക-
ളാരുമില്ലാതെ ശുദ്ധശൂന്യമാണെന്നാൽ പോലും,
നിൎദ്ധനനായീടുന്ന ഗുണവാൻ തന്നെപ്പോലെ
ശുദ്ധമായ് ശോഭിക്കുന്നിതിസ്ഥലമതിമാത്രം."
രാമഭാഷിതം കേട്ടു കൌശികമഹാമുനി-
യാ മഹാവനത്തിന്റെ വൃത്താന്തമരുൾചെയ്തു:—
"കേട്ടാലുമെങ്കിൽ പണ്ടു ഗൌതമമഹാമുനി
തുഷ്ടനായ് തപസ്സാൎന്നു വാണിതിപ്പ്രദേശത്തിൽ.
ആശ്രയാശാഭനാകും ഗൌതമൻ തന്റെ നല്ലൊ-
രാശ്രമമിവിടത്തിൽ തന്നെയെന്നറിഞ്ഞാലും.
ഉത്തമ തപശ്രീ താൻ രൂപമാൎന്നതുപോലെ
വൎത്തിക്കുമഹല്യയെന്നോതീടും വധൂടിയാൾ
ഗൌതമമുനീന്ദ്രന്റെ പത്നിയാണവളോടും
പ്രീതനായിവിടെത്താൻ വാണിതു ചിരകാലം.

*　　　*　　　*　　　*

വർത്തിക്കുമഹല്യയാം പത്നിയെക്കണ്ടനേര-
മത്യന്തരോഷംപൂണ്ടു മാമുനി ശപിച്ചിതു:—
'ആരുമാശ്രയമില്ലാതേകയായിവിടത്തിൽ
ഘോരമാം വ്രതമാർന്നു ഭസ്മശായിനിയായി
ആരുമേ കണ്ടീടാത്ത മാതിരി വാണാലും നീ
ശ്രീരാമദേവൻതന്നെക്കണ്ടിടും കാലത്തോളം.
ഗൌതമനേവംചൊല്ലി മറെറാരു വനംപുക്കു
പൂതമാനസനായി വാണിതു തപസ്സോടും.
അന്നുതൊട്ടിവിടത്തിൽ ഭർത്തൃശാപത്തിനാലെ
ഖിന്നയായ് വാണീടുന്ന നാരിയാമഹല്യയെ
രാഘവ! ഭവാനദ്യ രക്ഷിച്ചീടുകവേണം
ശോകനാശനമല്ലൊ സജ്ജനസമാഗമം.
കൌശികോക്തികൾകേട്ടു രാഘവനനുജനോ-
ടൊത്തു ഗൌതമൻ തന്റെ പർണ്ണശാലയിൽ പുക്കു
ആരുമേകണ്ടീടാതെ വർത്തിക്കും ഗൌതമന്റെ
ദാരങ്ങൾതന്നെ സ്വൈരം നേരിട്ടുകണ്ടീടിനാൻ.
പ്രാലേയജാലംകൊണ്ടു മൂടിയ ചന്ദ്രകല-
പോലെയും, ശോഭിക്കാത്ത വിദ്യയെപ്പോലെയേയും
ഭസ്മശായിനിയായ ഗൌതമപത്നിതന്നെ-
സ്സുസ്മിതവദനയായ് കാണായിതവർക്കപ്പോൾ.
ചെറുകം വിനയത്താൽ നമ്രകന്ധരന്മാരായ്
മുനിയും രാമനേയും സൌമിത്രിയേയും കണ്ടു,
പ്രീതയായഹല്യയുമവരെ [illegible]
സാദരം പൂജിച്ചിതു ശാപനിർമ്മുക്തയായ്.

രാമലക്ഷ്മണന്മാർ തൻ മൂർദ്ധാവിൽ ചൊരിഞ്ഞിതു
പൂമഴയമരന്മാർ, ദേവലോകത്തിൽനിന്നും.

വിശ്വാമിത്രോപാഖ്യാനം.

പിന്നീടു രാമാദികളൈശ്വര്യനിദാനമായ്
മിന്നീടും ജനകന്റെ രാജധാനിയിൽ പുക്കാർ.
ശ്രേഷ്ഠനാം മിഥിലക്ഷ്മാനായകൻ നടത്തുന്ന
പുഷ്ടമാമധ്വരത്തെക്കണ്ടിതു സകൌതുകം.
ബ്രഹ്മവർച്ചസ്സിനാലെ ദീപ്തരാം മുനിമാരും
ധർമ്മതല്പരന്മാരായ് ശൂരരാം ഭൂപന്മാരും
ഒന്നിച്ചു ചേർന്നീടുന്ന യാഗശാലയെക്കണ്ടാൽ
തോന്നീടുമെല്ലാവർക്കും ബ്രഹ്മപത്തനമെന്നായ്.
എങ്കിലും വിശേഷിച്ചു ലക്ഷ്മി തൻ വിളയാട്ടം
പങ്കവർജ്ജിതമായിക്കാണുന്നിതവിടത്തിൽ.
ഫുല്ലപങ്കജചാരുനേത്രന്മാർ, കിരീടികൾ,
സോല്ലാസം കരങ്ങളിൽ ചാപത്തെദ്ധരിച്ചവർ,
ചാരുരൂപികളായ രാഘവന്മാരെയത്ര
നേരിട്ടു കാണായപ്പോൾ സർവ്വരും വിസ്മയിച്ചാർ.
ജനബാഹുല്യംകൊണ്ടു ശോഭിക്കും മഹത്തായ
ജനകക്ഷ്മാനാഥൻ തന്നുടെ യാഗംകണ്ടു
രാമലക്ഷ്മണന്മാരോടൊന്നിച്ചു വിശ്വാമിത്ര-
മാമുനിയൊരേടത്തു വാണിതു സകൌതുകം.
ലോകപൂജിതനായ കൌശികമഹാമുനി-
യാഗതനായിട്ടുണ്ടു [illegible]യെന്നായ്
മന്നവൻ ജനകനും ബോധിച്ചു പുരോഹിതൻ
തന്നോടുമൊരുമിച്ചു കൌശികപാർശ്വംപുക്കു

പൂജിച്ചാൻ യഥാവിധിയ... ...ാം മുനീശ്വരൻ
രാജസല്ക്കാരത്താലെ പ്രീതനായരുളിച്ചെയ്തു:—
"ദോഷവർജ്ജിതനായ രാജാവേ! സദാചാര-
ഭൂഷണൻ ഭവാനേററം ശോഭിക്കുന്നിതു ലോകേ:
ദാനയജ്ഞോചിതങ്ങളാകിയ സമ്പത്തുകൾ
മാനനീയനാം തവ കീർത്തിയാൽ ഭവിക്കുന്നു;
ശുഭ്രമാം ഗംഗാജലംപോലവേ തവയശ-
സ്സുത്ഭൂതം ലോകത്രയപുണ്യദായകമത്രേ.
യാഗദാനങ്ങളല്ലോ താവകവിഭൂഷകൾ,
ശോകനാശനമായ ധർമ്മവൃക്ഷംതന്നെ.
ചൊൽക്കൊണ്ട മഹാത്മാക്കൾ പുണ്യത്താൽ വിഭൂതിക-
ളൊക്കെയും നിഷ്പ്രയാസം കൈവശമായീടുന്നു.
ആവകവിഭവങ്ങൾ കൊണ്ടു താൻ വിദേഹാഖ്യ
ഭൂവര! മഹാകേമനാകിയ ഭവാനിപ്പോൾ
അക്ഷയയശസ്സിനെസ്സമ്പാദിച്ചിരിക്കുന്നു,
സൂക്ഷ്മജ്ഞൻ ഭവാനോളമാരുമില്ലലകിങ്കൽ."
ഭംഗിയായിപ്രകാരം ചൊല്ലിയ മുനിയോടു
സംഗവർജ്ജിതനായ ജനകക്ഷമാനാഥൻ
സത്യഭാഷകനെന്ന മന്ദ...ാസോദയാലേ
പ്രത്യക്ഷമാക്കിക്കൊണ്ടു സാദരമുരചെയ്താൻ:—
"ഭഗവൻ! യജ്ഞത്തിനു സംഭരിച്ചിരിക്കുന്ന
ജഗദാഡംബരങ്ങളാകിയ സാധനങ്ങൾ
സർവ്വവും വിഫലം താൻ, യാഗത്തിൻഫലപൂർത്തി
സർവ്വഥാ ഭവിക്കുന്നു താവകദർശനത്താൽ;
മാനസം തണുപ്പിക്കും സജ്ജനസമാഗമം
നൂനമിന്നെല്ലാവർക്കും തൃപ്തിയെച്ചേർത്തിടുന്നു.

പുണ്യത്തിൻ ഫലോദയം പൊഴുനാംഗതിതന്നെ,
പൂർണ്ണമായത്രേ മമ സാമ്പ്രതം സിദ്ധമായി.
ആരുടെ പുത്രന്മാരീ രണ്ടുപേർ കുമാരന്മാർ
വീരഗംഭീരചിത്തന്മാരെന്നു തോന്നും കണ്ടാൽ.
വിക്രമോചിതനാനാലക്ഷണമിവർക്കുണ്ടു,
ദീർഘബാഹുക്കൾ കണ്ടാൽ തോന്നുമേ ശൂരരെന്നായ്.
കോമളാകാരന്മാരാമിവരെയാണെന്നേരം
മാമകമനസ്സിങ്കലാനന്ദം വളരുന്നു."
ജനകക്ഷമാനാഥനിത്തരം വാദിച്ചപ്പോ-
ളനഘൻ വിശ്വാമിത്രൻ ഭൂപനോടരുൾചെയ്തു:—
"പുണ്യശാലിയായുള്ള ഭൂപതിദശരഥൻ
തന്നുടെ പുത്രന്മാരെന്നോർത്താലുമിവരെ നീ.
ദുഷ്ടസംഹാരം ചെയ്തു ലോകരക്ഷണം ചെയ്വാൻ
കുട്ടികളാണെന്നാലും ശക്തരാണിവർ നൂനം.
സൽഗുണഗണാഢ്യനാം മൂത്തബാലകൻ രാമൻ,
ലക്ഷ്മണനവൻ തന്റെ സോദരൻ മറ്റേബാലൻ
രാക്ഷസവീരന്മാരെയാകവേ സംഹരിച്ചു
രക്ഷിച്ചാൻ മമ യാഗം രാമനാമിവനേകൻ.
അതിനാൽ പുഷ്പോജ്ജ്വലയാകിയ കീർത്തിയാലി-
ക്ഷിതിയിൽ പ്രശംസിപ്പൂ സജ്ജനമിവൻ തന്നെ.
ആരുമില്ലിതുകാലം കേൾക്കാതെ രാമൻ തന്റെ
വീര്യശൌര്യാദിയുക്തമാകിയ ചരിത്രങ്ങൾ.
അങ്ങയെപ്പോലെതന്നേ രാമനും ധരാപാല-
പുംഗവ! ധരിച്ചാലും സൽകുലോത്ഭവനല്ലോ.
താവകയജ്ഞംകാണ്മാനിവരെക്കൊണ്ടു പോന്നേൻ
ശൈവമാം ചാപം കാണ്മാൻ രാമനുണ്ടഭിലാഷം."

ഗാധിനന്ദനവാക്യം കേട്ടപ്പോൾ പരമാർത്ഥ-
ബോധിയാം വിദേഹനും സാദരമുരചെയ്തു:—
"എന്നുടെ ഭവനത്തിൽ ശ്രീരാമൻ വരികയാൽ
ധന്യനായ് ഭവിച്ചേൻ ഞാനേററവും മഹാമുനേ!
പാൽസമുദ്രത്തിൽനിന്നും പുരുഷോത്തമനെന്നിൽ
വാത്സല്യഭാരത്തോടുമിങ്ങെഴുന്നള്ളിയെന്നാൽ
എത്രമാത്രമതിയെന്നാലാവിധം സർവ്വാത്മനാ
സാദരം രാമൻതന്നെ ഞാനിതാ പൂജിക്കുന്നേൻ."
വിനയാനതനായിട്ടിത്തരം ചൊല്ലിക്കൊണ്ടു
മനുവംശജന്മാരെപ്പൂജിച്ചാൻ വിദേഹനും.
രാഘവജനകന്മാർ തമ്മിലെസ്സമാഗമം
ശ്ലാഘിച്ചു വിശ്വാമിത്രൻ ചൊല്ലിനാൻ പലവട്ടം.
അമ്മ യാമഹല്യയും രാഘവാനുഗ്രഹത്താൽ
നിർമ്മലയായി വന്നാളെന്നുള്ള വൃത്താന്തത്തെ
കൌശികൻ ചൊല്ലിക്കേട്ടു നന്ദനൻ ശതാനന്ദ-
നാശയാനന്ദത്തോടും ചൊല്ലിനാനിപ്രകാരം:—
"മന്നവൻ ദശരഥൻ രാമനാം ഭവാനുടെ
നന്ദനനാകയാലേ ധന്യനായ് ഭവിക്കുന്നു.
സൽഫലത്തോടുചേരും കല്പകവൃക്ഷംപോലെ
സൽപുത്രയുക്തൻ ഭൂപൻ സാധിച്ചു മനോരഥം.
യാഗരക്ഷയെച്ചെയ്തു കീർത്തിയാൽ ജഗത്തുക-
ളാകവേ ഭവാനുടെ ശുഭ്രമാക്കുന്നിതല്ലോ.
ഭഗവാൻ വിശ്വാമിത്രനുത്തമതപോനിധി
നിഗമാഗമവേദി സർവ്വജ്ഞനിതുകാലം
രാമ! നിൻ വശനായ കരണമിന്ദ്രാധിക-
ശ്രീമാനായ് ത്രിഭുവനപൂജ്യനാകുന്നു നീയും.

കേൾക്കയേ! കുശസൂനുവാകിയ കുശാഖ്യനാം
ചൊല്ക്കൊണ്ട രാജാവിന്റെ പൌത്രനീ വിശ്വാമിത്രൻ.
ധർമ്മശാസ്ത്രങ്ങളുടെ കൂടവേ ധരാഭാരം
ശർമ്മമാർന്നിമ്മഹാൻ താൻ ചെയ്തിരുന്നിതു മുന്നം.
സൈന്യസംയുക്തനായിട്ടകലെയൊരു ദിനം
മന്നവൻ നായാട്ടിനു പോയിതു വനത്തിങ്കൽ.
വേട്ടയാടികൊണ്ടു സഞ്ചരിച്ചീടും മദ്ധ്യേ
ശ്രേഷ്ഠനാം വസിഷ്ഠന്റെ പർണ്ണശാലയിൽ ചെന്നാൻ.
രാജാവു തന്നെക്കണ്ടു മാമുനി യഥാവിധി
പൂജിച്ചാൻ ഉപോചിതമാകിയ മട്ടിലന്നാൾ.
രാജധാനിയിലെക്കാൾ സുഖസാമഗ്രി സർവ്വം
രാജിക്കും നിലയിലായ് തീർന്നിതാശ്രമമന്നാൾ.
കാമധേനുവിനാലേ രാജസല്പ്രധാനങ്ങ-
ളാകും മഹാവിഭവങ്ങളുണ്ടാക്കി മുനിശ്രേഷ്ഠൻ.
തന്നുടെ നിലയ്ക്കുള്ള സൽക്കാരം ലഭിക്കയാൽ*
മന്നവനതിമാത്രം തൃപ്തനായ് തീർന്നിതന്നാൾ.
'ശൂന്യമായിരിപ്പൊരു കാട്ടിലെന്നെയുമെന്റെ
സൈന്യങ്ങളെയും ശ്രേഷ്ഠൻ മാമുനിയിതേവിധം
സൽക്കരിച്ചതു പാർത്താൽ കാമധേനുവിനുള്ളൊ-
രുൽകൃഷ്ടഗുണങ്ങളാലെന്നു ഞാനറിയുന്നേൻ.
ഇപ്പശു തന്നെക്കൊണ്ടു പോകേണമെനി'ക്കെന്നോ-
രുൾപ്പൂവിലാലോചിച്ചു ചൊല്ലിനാൻ മുനിയോടായ്:-
'ഗോരത്നം മഹാമുനേ! കാമധേനുവെന്നുള്ള
കാര്യമിന്നറിയുവാൻ മമ സംഗതിവന്നു
ഭൂപാലനായിടുന്നു രത്നങ്ങൾക്കവകാശി
താപസപ്രവരനാമങ്ങയല്ലെന്നു നൂനം.

അതിനാൽ ശബളയാം കാമധേനുവെബ്ഭവാൻ
മതിമാൻ! നൽകീടേണം രാജാവാമെനിക്കായി.
കറവുള്ളോരായ കോടി ഗോക്കളെബ്ഭവാനു ഞാൻ
തരുവൻ പകരമായ്, വത്സങ്ങളോടുംകൂടെ.
ഇങ്ങനെ വിശ്വാമിത്രരാജാവിൻ മൊഴി കേട്ടു
തിങ്ങിന ദുഃഖം പൂണ്ടു ചൊല്ലിനാൻ വസിഷ്ഠനും:—
'മോടിയുള്ളന്യങ്ങളാം ഗോക്കളെയൊരർബ്ബുദ
കോടിയെന്നല്ല പിന്നെ രത്നങ്ങളനവധി
ധനധാന്യങ്ങൾമറ്റും സംഖ്യയില്ലാതെയോളം
ധനദോപമനായ രാജാവേ! നൽകിയാലും
കാമധേനുവെ ഞാനിന്നങ്ങേയ്ക്കു തരികയി-
ല്ലീമഹാ പശുതന്നെ ഞങ്ങൾക്കു മഹാധനം;
ഹവ്യകവ്യവുമെന്നല്ലഗ്നിഹോത്രവും ഞങ്ങൾ
ദിവ്യയാമിവളാലേ നിത്യവും നടക്കുന്നു
ഞങ്ങടെ ജീവൻ പോലും കാമധേനുവാണങ്ങ-
യ്ക്കെങ്ങനെയിതിനെ ഞാൻ നൽകീടേണ്ടതു പിന്നെ?
ഉത്തമതപോലക്ഷ്മി ഗോരൂപം ധരിച്ചത്ര
വർത്തിക്കുന്നതുപോലെ ശ്രേഷ്ഠയാമിവൾതന്നെ
സാമ്പ്രതമുപേക്ഷിപ്പാൻ ശക്തനല്ലീ ഞാനെന്നാ-
യംഭോജജാതഭവസൂനു ചൊല്ലിയ വാക്യം കേട്ടു,
പിന്നെയുമാശായുക്തനാകിയ വിശ്വാമിത്ര-
മന്നവനരുന്ധതീകാന്തനോടുരചെയ്തു:
'ചന്ദ്രികാശുഭ്രച്ഛവി ചേർന്നെഴും കരിക-
ളെണ്ണമില്ലാതെയോളമുൽകൃഷ്ടഗജേന്ദ്രന്മാർ
കനകം ദിവ്യരത്നം ഗോക്കളിത്യാദിയെല്ലാം
മുനിപുംഗവ! വാങ്ങിക്കൊണ്ടാലുമിഷ്ടംപോലെ.

നൽകുക ഭവാനദ്യ കാമധേനുവെ വേഗം
വൈകരുതികാര്യത്തിൽ സിദ്ധാന്തമുണ്ടാകേണ്ട.'
രാജാവു നിർബ്ബന്ധിച്ചു പിന്നെയും ചൊല്ലീടവേ
പൂജാർഹൻ വസിഷ്ഠനുമുത്തരമരുൾചെയ്തു.
'ജീവിതസർവ്വസ്വവും മാമകം വൻതപസ്സും
ഭൂവര! പരമമാം രത്നവും കാമധേനു.
പുണ്യശാലിനിയാമിപ്പശുവെ ബ്ഭവാനു ഞാൻ
നിർണ്ണയമൊരുനാളും ഭൂപതേ! നൽകുകില്ല.'
ഇത്തരം നിർബ്ബന്ധോക്തി കേൾക്കയാൽ വിശ്വാമിത്ര-
ധാത്രീന്ദ്രൻ ബലാൽചെന്നു പശുവെപ്പിടികൂടി.
ദുഃഖമാർന്നുനേരം കാമധേനുവും ചെന്നു
മുഖ്യനാം മുനിയോടു സാദരമപേക്ഷിച്ചാൾ:—
'ആരുമാശ്രയമില്ലാതുള്ളവൾ, ത്വദ്ധിത-
കാരിണിയെല്ലായ്പോഴും ഞാനഹോ മഹാമുനേ!
കാരണം കൂടാതേവമെന്നെയിന്നുപേക്ഷിപ്പാൻ
സാരസാസനസൂനോ! തോന്നുവാനെന്തേ ബന്ധം?'
ദീനയായ് ഭയാക്രാന്തചിത്തയായേവം ചൊന്ന
ധേനുവിൽ കനിവാർന്നു ചൊല്ലിനാൻ വസിഷ്ഠനും:-
'മാന്യയാം ഭവതിയെ ഞാനുപേക്ഷിച്ചതില്ല
മന്നവൻ ബലാൽ വന്നു നിന്നെയും പിടികൂടി.
സായുധഹസ്തന്മാരാം സൈന്യങ്ങൾ ഭൂപാലനു-
ണ്ടായോധനത്തിന്നേറെ ശൂരരാണവരെല്ലാം.
ബലവാൻ രാജശ്രേഷ്ഠൻ, ബ്രാഹ്മണരായ ഞങ്ങൾ
ബലഹീനരുമത്രേ, ഞാനിതിനെന്തു ചെയ്വൂ.'
മാമുനി വസിഷ്ഠനാനിത്തരം ചൊന്നനേരം
കാമധേനുവുമതിനുത്തരമരുൾചെയ്തു:—

'ക്ഷത്രിയന്മാരിൽ കാണും ബലവും നിസ്സാരമാ-
ണത്യന്തം ബലമല്ലോ ബ്രഹ്മതേജസ്സു ധീമൻ!
ശൌര്യവും ഗുണമല്ലോ ക്ഷത്രിയന്മാൎക്കു പാരമാ-
ലാര്യമാം തപസ്തേജസ്സാകുന്നു തവ ഗുണം.
താവകാനുഗ്രഹത്താലെന്നിലുള്ളതാം ശക്തി
ഭൂവരൻ തന്നോടദ്യ കാട്ടുവൻ തുടങ്ങുന്നേൻ.'
ശങ്കകൂടാതെയേവം ചൊല്ലിനാൾ കാമധേനു
ഹുങ്കാരമാത്രത്താലെ സൃഷ്ടിച്ചാൾ പലരേയും.
യുദ്ധസാമഗ്രിയോടും കൂടവേ ജാതരായ
യോദ്ധാക്കളെല്ലാംകൂടി യുദ്ധസന്നദ്ധന്മാരായ്
കൌശികസൈന്യത്തോടു നേരിട്ടു യുദ്ധംചെയ്തി-
ട്ടാശു ഭസ്മീകരിച്ചാർ ഭൂപതിസേനയേയും.
നൂറുപേർ നൃപപുത്രരന്നേരം വീരന്മാരായ്
വീരരോടും വസിഷ്ഠനെ ഭേദിപ്പാനെതിരിട്ടാർ.
ഏകമാം ഹുങ്കാരത്താൽ കൌശികപുത്രന്മാരെ-
യാകവേ ഭസ്മമാക്കിക്കൊണ്ടിതു മഹാമുനി.
പുത്രരുമമാത്യരും സേനയും നഷ്ടമായ
മാത്രയിൽ മാനംകെട്ടു കൌശികനനന്തരം
ഭൂതിസമ്പൂൎണ്ണമായ തന്റെ രാജ്യത്തേയും
നീതിമാനുപേക്ഷിച്ചു ഗൂഢനായ് വനം പുക്കു
മൌനിയായ് പാദാംഗുഷ്ഠം ഭൂമിയിലൂന്നിനിന്നു
മാനസമിളകാതെ കോപ്പിട്ടാൻ തപസ്സിനായ്.
വാതഭക്ഷകനായിച്ചെയ്തീടും തപസ്സിനാൽ
പ്രീതനായ് ചതുർമ്മുഖൻ വരദാനൈകലോലൻ
കൌശികനപേക്ഷിച്ചകാരണം ദിവ്യാസ്ത്രങ്ങ-
ളാശയെസ്സാധിപ്പിപ്പാൻ നല്കിനാനതുകാലം.

സാമസോത്ഭവദേവൻ നൽകിയ ദിവ്യാസ്ത്രങ്ങൾ
കാരണം പൂർവ്വാധികം ബലമുള്ളവനായി
പിന്നെയും വസിഷ്ഠന്റെ പർണ്ണശാലയിൽപുക്കു
മന്നവൻ ഭയങ്കരമായിട്ടു യുദ്ധംചെയ്താൻ.
ക്രൂരങ്ങളായീടുന്ന സായകാവലിയേററു
ദൂരത്തിലോടിപ്പോയി മുനിതൻ ശിഷ്യരെല്ലാം.
അന്നേരം വസിഷ്ഠനും കാലദണ്ഡാഭമാകും-
മുന്നതം ബ്രഹ്മദണ്ഡം കൈക്കൊണ്ടാൻ രണംചെയ്വാൻ
കോടികോടികളായി ദിവ്യാസ്ത്രസമൂഹങ്ങൾ
പ്രൌഢമാം ബ്രഹ്മദണ്ഡം തന്നിൽനിന്നുണ്ടായ്വന്നു.
നഷ്ടമായ് ഭവിച്ചിതു കൌശികാസ്ത്രങ്ങളപ്പോൾ
പെട്ടെന്നു വിശ്വാമിത്രൻ ബ്രഹ്മാസ്ത്രം പ്രയോഗിച്ചാൻ
ഘോരമാം ബ്രഹ്മാസ്ത്രത്തെസ്സംഹരിച്ചീടുവാനായ്
ഭൈരവാകാരംപൂണ്ടു കൊണ്ടിതു ബ്രഹ്മദണ്ഡം.
രോമകൂപത്തിൽനിന്നും വഹ്നിജ്വാലകൾ പൊങ്ങും
ഭീമമാം രൂപംകണ്ടു പേടിച്ചു ദേവന്മാരും.
ബ്രഹ്മദണ്ഡത്തിനാലെ താൻ പ്രയോഗിച്ചതാകും
ബ്രഹ്മാസ്ത്രം നശിക്കയാൽ ഭഗ്നമാനസനായി.
ക്ഷാത്രമാം ബലംതീരെ നിസ്സാരമെന്നായുള്ളി-
ലോർത്തുടൻ വിശ്വാമിത്ര രാജാവുമനന്തരം
യുദ്ധവും മതിയാക്കി മുന്നേപ്പോൽ തപസ്സിനു
ബദ്ധകൌതുകം കോപ്പിട്ടീടിനാൻ ശ്രദ്ധയോടും.
നിർജ്ജരന്മാരും കൂടെബ്ബഹുമാനിക്കും മട്ടിൽ
സജ്ജനാഗ്രണി വിശ്വാമിത്രനനന്തരം
ധർമ്മദാരങ്ങളോടും കൂടവേ തപസ്സുഗ്രം
നിർമ്മായം തെക്കോട്ടേക്കു നോക്കിനിന്നാരംഭിച്ചു.

തന്നുടലിളകാതെ മാനസമുറപ്പിച്ചു
നിന്നിതു ഫലസിദ്ധി പൂർണ്ണമായുണ്ടായീടാൻ
ഉഗ്രമായിപ്രകാരം കൌശികൻ തപസ്സാർന്നു
നില്ക്കവേ തപസ്സിന്റെ തീവ്രമാം പ്രഭാവത്താൽ
പാവകവച്ഛ്രേഷ്ഠരെട്ടുപേർ തനയന്മാർ
പാവന തപോവനം തന്നിൽ വെച്ചുണ്ടായ്‌വന്നു.
ഹതരായ് ഭവിച്ചുള്ള പൂർവ്വജന്മാരേക്കാളു-
മധികം ബലാഢ്യരാകുന്നിതീയെട്ടുപേരും.
രാജ്യത്തെ രക്ഷിച്ചീടാനായവരെട്ടുപേരും
പൂജ്യരും ശക്തന്മാരുമായിട്ടു ഭവിച്ചിതു.
മാനസേ സുദൃഢമായ് ബ്രഹ്മർഷിയായീടേണം
താനെന്നു സങ്കല്പിച്ചു നിശ്ചലതപസ്സാർന്നു
വർത്തിക്കെയദ്ദേഹത്തിൻ വൻതപശ്ശക്തിമൂല-
മാർത്തിയുണ്ടായിവന്നു നിർജ്ജരന്മാർക്കേറ്റം.
പൂർണ്ണമാം കാലത്തിങ്കൽ ബ്രഹ്മാവും പ്രസന്നനായ്
പുണ്യശീലനാം ഗാധിപുത്രനോടരുൾചെയ്തു:—
'അല്ലയോ വിശ്വാമിത്രാ! രാജർഷിയായിത്തീരാൻ
കല്യമായ് ഭവിച്ചിതു താവകതപസ്സിപ്പോൾ.
ജന്മവും സഫലമായ്ത്തീർന്നിതു ഭവാൻതന്നെ
സ്സന്മതേ! ജനങ്ങളും രാജർഷിയെന്നായ് ചൊല്വൂ.'
ഇത്തരമരുൾചെയ്തു ധാതാവു മറഞ്ഞപ്പോ-
ളത്യന്തദുഃഖം പൂണ്ടാൻ ചേതസി വിശ്വാമിത്രൻ.
തന്നുടെ മനോരഥം സാധിക്കാഞ്ഞതുമൂല-
മന്നേരമുണ്ടായ്‌വന്നു കോപവുമതിമാത്രം.
ക്രുദ്ധനാം സർപ്പത്തെപ്പോൽ ദീർഘനിശ്വാസം ചെയ്തി-
ട്ടുദ്ധതഭാവത്തോടുമിങ്ങനെ വിചാരിച്ചാൻ;—

'എത്രയോ പണിപ്പെട്ടു ചെയ്തതാം തപസ്സാലേ
സിദ്ധിച്ചില്ലഭിലാഷം കഷ്ടമേ നമുക്കിപ്പോഴും.
ചെയ്തതാം തപസ്സെല്ലാം നിഷ്ഫലമെന്നാകുന്നു
ധാതാവു തന്നീലല്ലോ ബ്രാഹ്മണ്യമെനിക്കിഹ.'
ഇത്തരം വിചാരിച്ചു പിന്നെയും മുന്നേക്കാളു-
മത്യുഗ്രം തപസ്സിനു കോപ്പിട്ടാൻ വിശ്വാമിത്രൻ.
എത്രതാൻ ശ്രമിച്ചാലുമാഗ്രഹം സാധിക്കാതെ,
സത്തുക്കളടങ്ങുകില്ലുദ്യമത്തിങ്കൽനിന്നും.
ദൃഢനിശ്ചയമാർന്ന കൌശികൻ മഹാത്മാവു
കട്ടതാം തപസ്സാർന്നു നിന്നിട്ടു കാലത്തിങ്കൽ
ഇക്ഷ്വാകുവംശത്തിങ്കലുണ്ടായി 'ത്രിശങ്കു'വാം
ഭൂക്ഷിത്തു രാകാചന്ദ്രസന്നിഭയശോരാശി.
'മാനുഷദേഹത്തോടും കൂടവേ നാകം പുക്കു
സാനന്ദം വിഹരിപ്പാ'നന്നവനുണ്ടായ് മോഹം.
ആയതിനൊരു യാഗം ചെയ്യുവാനച്ചുക്ഷ്മാ-
നായകൻ വസിഷ്ഠനാം ഗുരുവെബ്ബോധിപ്പിച്ചാൻ.
'അങ്ങിനെയുള്ള യാഗം ചെയ്യുവാനധികാര-
മിങ്ങില്ലെ'ന്നരുൾചെയ്തു മാമുനിയുപേക്ഷിച്ചാൻ.
ഗുരുവാം വസിഷ്ഠനാൽ ത്യക്തനായ്, ത്രിശങ്കുവാം
നരനായകനേറ്റം ഭഗ്നമാനസനായി,
ത്വരിതം വസിഷ്ഠന്റെ പുത്രരാം മുനിമാർത-
ന്നരികേ ചെന്നുനിന്നു താഴ്മയായുരചെയ്താൻ.
'യാതൊരു തെററുമീ ഞാൻ ചെയ്തുവനല്ല, എന്തോ
ഹേതുവായ് ഗുരുനാഥനെന്നെയിന്നുപേക്ഷിച്ചാൻ.
നിങ്ങളാണെനിക്കിനി ശ്ശരണം, മുനികുല-
പുംഗവന്മാരെ! കാത്തുകൊള്ളേണം കനിവോടും.

ഇക്കളേബരത്തോടുകൂടവേ ദേവലോകം
പുക്കു ഞാൻ സുഖിക്കേണമെന്നെനിക്കുണ്ടു മോഹം.
എന്നുടെ മനോരഥം സാധിപ്പാനുതകുന്ന
മാന്യമായൊരു യാഗം ചെയ്യുവാനിച്ഛിക്കുന്നേൻ.
നിങ്ങളെല്ലാം കനിവോടുമാ യാഗം നടത്തിത്ത-
ന്നിംഗിതം സഫലമാക്കീടുവാൻ വണങ്ങുന്നേൻ.
നിർദ്ദയം പിതാവെന്നെക്കൈവെടിഞ്ഞതുപോലെ
പുത്രരാം ഭവാന്മാരും കൂടവേയുപേക്ഷിക്കിൽ
മറ്റൊരുത്തനെച്ചെന്നു ഗുരുവായ് സ്വീകരിച്ചു
തെറ്റാതെന്നഭിലാഷപൂർത്തിയെ വരുത്തീടും.'
മന്നവോക്തികളേവം കേട്ടപ്പോൾ വസിഷ്ഠന്റെ
നന്ദനന്മാരായുള്ള നൂറുപേർ മുനിമാരും
അന്യോന്യമാലോചിച്ചു കോപഭാരത്തെപ്പൂണ്ടു
മന്നവൻ തന്നെപ്പാർത്തു ചൊല്ലിനാർ സോപഹാസം.
'യോഗ്യമല്ലാത്ത കർമ്മം ചെയ്യുവാൻ ചൊല്ലുന്നതു
യോഗ്യമല്ലപ്പോലും ഭൂപതേ ഭവാനെടോ.
അന്യനെ ഗുരുവായി സ്വീകരിച്ചീടുമെന്നു
ചൊന്നതുനിമിത്തം നീ ചണ്ഡാലനായിത്തീരും.'
ഗുരുനാഥാത്മജന്മാർ ചൊല്ലിയ ശാപവാക്യം
നരനാഥനും കേട്ടു പൂകിനാൻ നിജഗേഹം.
ഏറ്റവും ദുഃഖത്തോടുമദ്ദിനം രാത്രിപോക്കി,
പിറ്റെന്നാളുഷസ്സിങ്കൽ ചണ്ഡാലനായാൻ ഭൂപൻ.
ദേഹവും കറുത്തിതു വസ്ത്രവും മലിനമാ-
യാഹന്ത! ഭയങ്കരമായിതു നൃപദേഹം.
പാപമാം മലംകൊണ്ടു പൂർണ്ണമായുടൽ പൂണ്ട
ഭൂപനെയുപേക്ഷിച്ചു രാജലക്ഷ്മിയുമപ്പോൾ.

പൗരരും മന്ത്രിമാരും വികൃതാകൃതിപൂണ്ട
കാരണം രാജാവിനെ നിർദ്ദയമുപേക്ഷിച്ചാർ.
രാജപീഠത്തിൽനിന്നു ഭ്രഷ്ടനായ് ത്രിശങ്കുവാം
രാജാവും ക്ഷണത്താലെ നിന്ദാർഹനായിത്തീർന്നു.
വരുവാനുള്ളതാർക്കും വന്നീടാതിരിക്കില്ല
സ്ഥിരമല്ലല്പംപോലും രാജലക്ഷ്മിയും നൂനം.
പൗരുഷംകൊണ്ടു സർവ്വം സാധിക്കാമെന്നു ചിന്തി-
ച്ചാരുവാൻ യത്നിപ്പുള്ളു വിഫലമതു സർവ്വം.
ദൈവത്തിന്നധീനമായ് വർത്തിപ്പൂ കർമ്മാധീന-
രേവരും സ്വപ്രയത്നം ദൈവത്തോടൊത്തുവേണം.
മർത്ത്യന്മാർക്കസാദ്ധ്യമാമുൽക്കർഷം പൗരുഷത്താൽ
സാദ്ധ്യമെന്നാലോചിച്ചു യത്നിച്ചാൻ ത്രിശങ്കുവും.
അതുതാൻ ദുഃഖത്തിന്നും ഹേതുവായ് ഭവിച്ചിതു,
വിധിതൻ മതമാർക്കും ലംഘ്യമല്ലെന്നു നൂനം.
തന്നുടെ ശോച്യാവസ്ഥയൊക്കെയും കണ്ടപാരം
ഖിന്നമാനസനായ ഭൂപനുമനന്തരം
ചിത്തചാഞ്ചല്യമൊട്ടും കൂടാതെ തപസ്സാർന്നു
വർത്തിക്കും വിശ്വാമിത്രൻ തന്നുടെ സമീപത്തിൽ
ചെന്നുനിന്നദ്ദേഹത്തെക്കേവലം ശരണമായ്
തന്നുള്ളിൽ സങ്കല്പിച്ചു, പ്രശ്രയഭാവത്തോടും
ഭൂതാനുകമ്പായുതനാകിയ മുനിയോടു
സാദരം ധരിപ്പിച്ചാൻ തന്നവസ്ഥകളെല്ലാം.
മന്നവോദന്തമെല്ലാം കേട്ടഥ വിശ്വാമിത്രൻ
തന്നുള്ളിൽ വളർന്നെഴും കൃപയാ ചൊല്ലീടിനാൻ.
'ഏതുമേ ഖേദിക്കേണ്ട രാജാവേ! ഭവാനു ഞാൻ
ചെയ്തീടാം യാഗത്തിന്നു വേണ്ടതാം സഹായങ്ങൾ.

ഈയുടലോടുംകൂടെ സ്വർഗ്ഗലോകത്തിലേക്കു
പോയീടാനിടയാക്കാമേതുമേ വൈകീടാതെ.'
മന്നവൻ തന്നെപ്പാർത്തിട്ടിത്തരമരുൾചെയ്തു
പിന്നെത്തൻ ശിഷ്യന്മാരോടരുളിച്ചെയ്തീടിനാൻ.
'യാഗമൊന്നിതു കാലമിദ്ദേഹത്തിനു ചെയ്‌വാ-
നാകാംക്ഷയുണ്ടായ്‌വന്നു, മാനസത്തിങ്കലേറ്റം.
ത്യക്തനായ് വസിഷ്ഠനാലിദ്ദേഹം വസിഷ്ഠന്റെ
പുത്രന്മാർ ശപിക്കയാൽ ചണ്ഡാലനായുംവന്നു.
ദീനനായ്‌വന്നു നമ്മെശ്ശരണം പ്രാപിച്ചിതു
ഞാനദ്യ രക്ഷിപ്പാനും നിശ്ചയിച്ചിരിക്കുന്നു.
ആർത്തനായാരെന്നാലും ശരണം പ്രാപിച്ചീടിൽ
കാത്തുകൊള്ളുന്നതത്രേ സജ്ജനോചിതധർമ്മം.
അതിനാലിനിവേഗം നിങ്ങൾ പോയൊരുക്കുവിൻ
ക്രതുവിന്നുചിതങ്ങളാകിയ സംഭാരങ്ങൾ.'
ഗുരുവിൻ നിയോഗത്താൽ ശിഷ്യരുമനന്തരം
ത്വരിതമെല്ലാടത്തും ചെന്നൊരുക്കിനാരെല്ലാം.
വന്നിതു മുനികുലം കൌശികപ്രഭാവത്താ-
ലന്നേരം ശിഷ്യന്മാരോടൊന്നിച്ചു യാഗാർത്ഥമായ്,
ശിഷ്യരും ഭക്തിപൂർവ്വം വന്ദിച്ചു ഗുരുവായ
വിശ്വാമിത്രനെപ്പാർത്തു സാദരമുരചെയ്താർ:—
'വന്ദ്യനാം ഗുരുനാഥ! താവകനിയോഗത്താൽ
വന്നിട്ടുണ്ടിവിടത്തിൽ പലരും മഹർഷികൾ.
ഉത്തമന്മാരെന്നുള്ള ഗർവ്വിനാൽ വസിഷ്ഠന്റെ
പുത്രന്മാർ മാത്രമിങ്ങു വന്നിട്ടില്ലിത്രയല്ല;
ഞങ്ങൾ പോയവരോടു ചൊന്നപ്പോൾ ധിക്കാരികൾ
തിങ്ങീടുമഹങ്കാരപൂർവ്വകം ചൊല്ലീടിനാർ:—

'ക്ഷത്രിയൻ പുരോഹിതൻ ചണ്ഡാളൻ യാഗകൎത്താ-
വെത്ര്യാ നന്നു നന്നു നിങ്ങടെ മഹായാഗം!
ഞങ്ങളോ ബ്രഹ്മർഷിക,ളുത്തമേ തരമില്ല,
നിങ്ങടെ യാഗത്തിന്നു സംബന്ധിപ്പതിനിപ്പോൾ.
ബ്രാഹ്മണർ വിശ്വാമിത്രയാഗത്തിൽ സംബന്ധിക്കിൽ
ധൎമ്മവിഭ്രഷ്ടന്മാരായ്ത്തീൎന്നീടുമസംശയം.'
ഏവമാ വസിഷ്ഠന്റെ പുത്രന്മാർ പറഞ്ഞതു
സാവധാനത്തിൽ തന്റെ ശിഷ്യന്മാർ കഥിക്കയാൽ
വൎദ്ധിച്ച കോപംകൊണ്ടു കമ്പിതശരീരനായ്
സത്വരം വസിഷ്ഠന്റെ പുത്രരെശ്ശപിച്ചിതു.
'എന്നുടെ ശാപംകൊണ്ടു നൂറുപേർ വസിഷ്ഠന്റെ
നന്ദനന്മാരും മേലാൽ മുഷ്ടികന്മാരായ്ത്തീരും
മാംസഭക്ഷകന്മാരായ് വികൃതാകാരന്മാരായ്
ഹിംസ്രബുദ്ധികളായിപ്പോകവിന്നേഴു ജന്മം.
കാട്ടാളജാതിക്കാരായ് മൂഢബുദ്ധികളായി-
ക്കാട്ടിൽ നിങ്ങളും പിന്നെജ്ജാതരായീടുമല്ലോ.'
സത്യസങ്കല്പൻ ഗാധിനന്ദനൻ മുനികുല-
സത്തമനിപ്രകാരം ശപിച്ചു നിൎത്തീടിനാൻ.
കൌശിക ശാപത്തിങ്കൽ ഭീതരായ് മഹൎഷിക-
ളാശു വന്നൊരുമിച്ചാർ തത്ര യാഗത്തിനായി.
ആരംഭിച്ചിതു യജ്ഞവിധിപോലൃത്വിക്കുകൾ
സ്വൈരമായ് നടത്തിനാർ യാഗാവസാനത്തിങ്കൽ
വന്നുടൻ ഹവിൎഭാഗം കൈക്കൊൾവാൻ ദേവന്മാരെ
മാന്യനാം വിശ്വാമിത്രമാമുനി വിളിച്ചിതു.
വന്നതില്ലമരന്മാരെന്നതു കണ്ടു കോപി-
ച്ചന്നേരം സ്രുവത്തെയും കൈക്കൊണ്ടു ചൊല്ലീടിനാർ:-

‘അത്ഭുതപ്രദമാകുമെന്നുടെ തപശ്ശക്തി-
യിപ്പോഴേ കാട്ടിത്തരാം കണ്ടാലുമയി! രാജൻ!
മന്നിയോഗത്തിനാലേ സാമ്പ്രതം ശരീരിയായ്
തന്നെ നീ പ്രാപിച്ചാലും ദേവന്മാരുടെ ലോകം.’
ഇങ്ങിനെ വിശ്വാമിത്രൻ ചൊൽകവേ ത്രിശങ്കുവും
പൊങ്ങിനാൻ മേല്പോട്ടേയ്ക്കു, നാകലോകവും നോക്കി.
മന്ത്രസിദ്ധിയും തപസ്സിദ്ധിയും പൂർണ്ണമായി-
ട്ടേന്തീടും മഹാത്മാക്കൾക്കെന്തുവാൻ സാധിക്കാത്തു?
തന്നുടെ ലോകം നോക്കി വന്നീടും ത്രിശങ്കുവാം
മന്നവൻ തന്നെക്കണ്ടു വാസവൻ ക്രോധം പൂണ്ടു
ധാത്രിയിൽ തല കീഴായ് രാജാവു വീഴുംവണ്ണ-
മെത്രയുമതിവേഗം ഹുങ്കാരം മുഴക്കിനാൻ.
വാസവൻ കീഴ്പോട്ടേക്കു തള്ളിയമൂലം ഭൂമീ-
വാസവൻ പരവശചിത്തനായ് വിലപിച്ചു,
“പാലിക്ക, പാലിക്കെ”ന്നു വിശ്വാമിത്രനെ നോക്കി-
യാലാപിച്ചവനിയിൽ വീഴുവാൻ തുടങ്ങുമ്പോൾ.
ക്രുദ്ധനാ“യവിടെത്താൻ നില്ക്കു നില്ക്കെ”ന്നു ചൊല്ലി-
സ്സത്വരം രണ്ടാം ബ്രഹ്മാവെന്നു തോന്നീടുംവണ്ണം,
സപ്തർഷിലോകത്തേയും നക്ഷത്രജാലത്തേയും
പുത്തനായ് സൃഷ്ടിച്ചിതു സങ്കല്പപ്രഭാവത്താൽ.
അന്നേരം സുരന്മാരും സൃഷ്ടിപ്പാൻ തുടങ്ങുന്ന
മാന്യനാം വിശ്വാമിത്രൻ തന്നെക്കണ്ടതിമാത്രം
ഭീതരായ് വിറപൂണ്ടു സാഞ്ജലിഹസ്തന്മാരായ്
സാദരം മുനിയോടു നേരിട്ടു ചൊല്ലീടിനാർ:—
‘ഗുരുവിൻ ശാപംകൊണ്ടു ചണ്ഡാലനായിത്തീർന്ന
നരപാലകനിവനി വപുസ്സോടും കൂടെ

മുഖ്യമാം സ്വർഗ്ഗലോകം പ്രാപിപ്പാനിതുകാലം
യോഗ്യനല്ലൊട്ടും തന്നെ മാമുനേ ധരിച്ചാലും.'
ദേവഭാഷിതം കേട്ടു ചൊല്ലിനാൻ 'ഗാധിപുത്ര-
'നീ വപുസ്സോടുംകൂടെ, ഈ ഭൂപനെയിതു കാലം
സ്വർഗ്ഗത്തിൽ വാഴിപ്പിക്കാമെന്നു ഞാൻസത്യംചെയ്തേൻ
വാക്കെനിക്കിളക്കുവാനൊട്ടുമേ തരമില്ല.
അതിനാലിവിടെത്താൻ രാജാവു നിന്നീടട്ടേ
പുതുതായ് സൃഷ്ടിച്ചുള്ള നക്ഷത്രജാലത്തോടും.'
ശാപശങ്കിതന്മാരായ് പിന്നെയുമമരന്മാർ
താപസോത്തമനായ കൌശികനോടു ചൊന്നാർ:—
'അഗ്നിതൻമാർഗ്ഗത്തിങ്കൽനിന്നഹോ പുറമെയായ്
വിഘ്നമെന്നിയേ യോഗസംഖ്യകൾ കൂടാതേവം
അക്ഷയമായിട്ടെന്നും താവക നിയോഗത്താൽ
നക്ഷത്രങ്ങളുമത്ര മാമുനേ നിന്നീടട്ടെ.
ഇവിടെത്തന്നെയെല്ലാ കാലവും നിന്നീടട്ടെ
തവ കല്പനയാലെ രാജാവാം ത്രിശങ്കുവും.
താവക യശസ്തംഭമെന്നപോൽ ത്രിശങ്കുവാം
ഭൂവരസ്ഥാനമെന്നും ശുഭമായ് പ്രകാശിക്കും.'
ഇത്തരം ദേവന്മാരും ചൊല്ലിക്കൊണ്ടവിടുന്നു
സത്വരം മുനിമാരോടൊന്നിച്ചു ഗമിച്ചുതെ.
യജ്ഞവും സമർപ്പിച്ചു പിന്നെയും തപസ്സിന്നു
പ്രാജ്ഞനാം വിശ്വാമിത്രൻ പുഷ്കരം സംപ്രാപിച്ചാൻ
പാലാഴി തന്നിൽപ്പണ്ടു ചന്ദ്രനുണ്ടായപോലെ
ശീലാദി ഗുണങ്ങളാലേററവും ശ്രേഷ്ഠനായി.
ധർമ്മതല്പരനായിട്ടുണ്ടായാനയോദ്ധ്യയി-
ലംബരീഷാഖ്യ ഭൂപൻ ശ്രീമാനായതു കാലം.

അന്നൊരു യാഗംചെയ്യാൻ ഭൂവരൻ തുടങ്ങുമ്പോൾ
ഇന്ദ്രനും യാഗപ്പശുതന്നെയും മോഷ്ടിച്ചിതു.
ഗോവിനെയന്വേഷിച്ചു വിപ്രവാക്യത്തിനാലെ
ഭൂവരൻ സഞ്ചരിച്ചാൻ ഭൂമിയിലെല്ലാടത്തും.
ഒരുനാൾ "ഋചീകാ"ഖ്യമാമുനി തപസ്സാർന്നു
മരുവും തപോവനം പ്രാപിച്ചാനംബരീഷൻ.
ശാന്തനായ് ഭാര്യാപുത്രയുക്തനായ് വർത്തിക്കുന്ന
വൻതപസ്വിയെക്കണ്ടു സാഷ്ടാംഗം പ്രണമിച്ചു
തന്നുടെ വൃത്താന്തത്തെസ്സർവ്വും ധരിപ്പിച്ചു
മന്നവൻ നൂറായിരം ഗോക്കളെ ദാനംചെയ്തു.
സന്തുഷ്ടനാക്കിപ്പിന്നെ യാഗത്തിൽ പശുവാക്കാൻ
ഹന്ത! മാമുനിയോടു പുത്രനെ യാചിച്ചിതു.
അന്നേരം നൃപനോടു ചൊല്ലിനാൻ ഋചീകനും
'തന്നീടാൻ തരമില്ല ഭൂപതേ തനയനെ.
നന്ദനനിവൻ മമ മൂത്തവൻ പ്രിയനെനി-
ക്കെന്നല്ല, കുലത്തിന്നും വൃദ്ധിതനായീടുന്നു.'
പ്രീതനായിപ്രകാരം മാമുനി ചൊല്ലീടവേ
മേദിനീവരനോടു മുനിപത്നിയും ചൊന്നാൾ.
'പുത്രരിലിളയവനാകുന്ന ശുനകാഖ്യൻ
എത്രയുമെനിക്കിവൻ പ്രിയൻമായീടുന്നു.'
പ്രായേണ താതന്മാർക്കു മൂത്തപുത്രനിലത്രെ
സ്ഥായിയുമധികമായ് വന്നീടുമതുപോലെ
അമ്മമാർക്കൊടുക്കത്തെ പുത്രനിൽ സ്ഥായിയേറും
സമ്മതേ പരമാർത്ഥമീവിധമായീടുന്നു.
ആകയാലിവൻ മമ ജീവനേക്കാളും പ്രിയ-
നാകുന്നിതതുകൊണ്ടു ദണ്ഡമുണ്ടുപേക്ഷിപ്പാൻ.'

ഇത്തരം മാതൃവാക്യം കേൾക്കയാൽ മുനീന്ദ്രന്റെ
പുത്രനാം 'ശുനഃശേഫൻ' മദ്ധ്യമകുമാരകൻ
മന്നവൻ തന്നെപ്പാർത്തു മൃദുഹാസവും പൂണ്ടി-
ട്ടന്നേരം മധുരമായ്‌ ചൊല്ലിനാനിപ്രകാരം.
'പ്രഥമാത്മജൻ തന്നെത്താതനുമൊടുക്കത്തെ-
സ്സുതനെജ്ജനനിക്കും ദണ്ഡമുണ്ടുപേക്ഷിപ്പാൻ
എന്നവർ പറഞ്ഞതു ചിന്തിച്ചാലബാന്ധവ-
നെന്നു വന്നിടുമല്ലോ മദ്ധ്യമാത്മജനാം ഞാൻ.
ജനനീജനകന്മാർ തങ്ങടെ വാക്യംകൊണ്ടു
തനയനാകുമെന്നെത്തന്നതായ്‌ വിചാരിക്കാം.'
ഇത്തരം ശുനഃശേഫൻ ചൊൽകയാൽ മുനിവര
പുത്രനാമവൻ തന്നെപ്പശുവായ്‌ സങ്കല്പിച്ചു
സ്വീകരിച്ചുവിട്ടന്നു ഭൂവരനംബരീഷൻ
ഗോകുലത്തോടുംകൂടെപ്പോകുവാൻ പുറപ്പെട്ടു.
കോസലരാജ്യം നോക്കിപ്പോയീടും മാർഗ്ഗത്തിങ്കൽ
ഭാസുരമായിടുന്ന 'പുഷ്കര'മെന്ന ദിക്കിൽ
ചെന്നു ചേർന്നൊരു രാത്രി വാണിതസ്സമയത്തിൽ
ധന്യനാം ശുനഃശേഫൻ കൗശികനോടു ചൊന്നാൻ.
'മംഗലാത്മാവേ! ഗാധിനന്ദന! തപോനിധേ!
അങ്ങുതാനെനിക്കൊരു ശരണമിക്കാലം.
അർത്ഥിയായുപേക്ഷിച്ച കാരണം മമ താതൻ
മദ്ധ്യമാത്മജനാകുമെന്നെയിബ്ഭൂപനേകി.
യജ്ഞകർമ്മത്തിനെന്നെപ്പശുവാക്കീടുവാനായ്‌
പ്രാജ്ഞനാമംബരീഷനെന്നെയും തീർച്ചയാക്കി.
അവിടുന്നല്ലാതാരുമില്ലെന്നെ രക്ഷിച്ചീടാൻ
തവ കാരുണ്യമൊന്നാണാശ്രയമെനിക്കിപ്പോൾ.'

ഇത്തരം ശുനഃശേഫൻ ചൊന്നതുകേട്ടു തന്റെ
പുത്രരെ നോക്കിക്കൊണ്ടു കൌശികനരചെയ്താൻ:—
'ആർത്തനായപേക്ഷിക്കും മാമുനിശ്രേഷ്ഠൻ തന്റെ
പുത്രനെ രക്ഷിച്ചീടാൻ നിങ്ങളിലേകനിപ്പോൾ
മാമകനിയോഗത്താലിവന്നു പകരമായ്
ഭൂമീന്ദ്രയാഗത്തിങ്കൽ പശുവായ് ഭവിക്കേണം.
ആർത്തരക്ഷണമെന്തു ചെയ്തിട്ടും ചെയ്തീടേണം
സത്തുക്കളതുതന്നെ മുഖ്യമായുള്ള ധർമ്മം.'
ജനകൻ വിശ്വാമിത്രൻ ചൊല്ലിയ വാക്യംകേട്ടു
തനയന്മാരും പാരമത്ഭുതം പൂണ്ടു ചൊന്നാർ:—
'അന്യന്റെ പുത്രൻതന്നെ രക്ഷിപ്പാൻ സ്വപുത്രനെ
തന്നെത്താനുപേക്ഷിക്കില്ലാരുമേ ധരണിയിൽ.
ധർമ്മമല്ലാത്തകാര്യം ചെയ്യുവാൻ ചിന്തിക്കില്ല
ധർമ്മതല്പരന്മാരായങ്ങയെപ്പോലെയുള്ളോർ.
നായ്ക്കൾ തൻ മാംസത്തിനെത്തിന്നുവാനിച്ഛിപ്പതും
മക്കളെക്കൊല്ലുന്നതും ദുഷ്ടചേഷ്ടിതമത്രേ!'
പുത്രർ തൻ വാക്യംകേട്ടു ക്രുദ്ധനായ് 'നായ്ക്കളാകെ'-
ന്നെത്രയും പരുഷമായ് പുത്രരെശ്ശപിച്ചിതു.
പിന്നീടു വിശ്വാമിത്രൻ ചൊല്ലിനാൻ ശുനഃശേഫൻ
തന്നോടു 'പേടിക്കേണ്ട മാമുനികുമാരാ നീ.
രണ്ടു ഗാഥകളിതു നന്നായി പഠിക്കയും
വേണ്ടപോലെന്നെത്തന്നെയുമകക്കാമ്പിൽ ധ്യാനിക്കയും
ചെയ്തു നീ പൊയ്ക്കൊണ്ടാലും മന്നവനോടുകൂടെ
ഏതുമേ ശങ്കിക്കേണ്ട മംഗളം നിനക്കുണ്ടാം.'
ഭൂപനോടൊരുമിച്ചു കൌശികാജ്ഞയും പൂണ്ടു
താപമെന്നിയേ പിന്നെ മാമുനിബാലൻതാനും

പ്രാപിച്ചാനയോദ്ധ്യയിലന്നേരം ഋത്വിക്കുകൾ
താപസകുമാരൻെറ സമ്മതത്തോടുംകൂടെ
പശുവായ് സങ്കല്പിച്ചുതദ്ദേഹം മുഴുവനും
പശുവിൻ ചിഹ്നങ്ങളെച്ചാർത്തിനാർ വഴിപോലെ
രക്തവർണ്ണത്തെപ്പൂണ്ട വസ്ത്രത്താൽ മൂടിക്കൊണ്ടു
സത്വരം യജ്ഞസ്തംഭസന്നിധൌ കൊണ്ടുചെന്നാർ.
ഏതുമേ ഭയമെന്യേ ബാലകൻ വൈഷ്ണവമാം
ഗാധിനന്ദനൻ തൻെറ രൂപത്തെ ധ്യാനംചെയ്തും
കൌശികോക്തങ്ങളായ ഗാഥകൾ പാഠംചെയ്തും
ആശയമുറപ്പിച്ചു നിന്നീടും സമയത്തിൽ
പ്രീതനായിന്ദ്രൻ താനും യാഗത്തിൻ ഫലങ്ങളെ
മേദിനീവരനേകി, രക്ഷിച്ചാൻ ബാലൻ തന്നെ.
പുഷ്കരേ വിശ്വാമിത്രൻ പിന്നെയും സഹസ്രാബ്ദം
ദുഷ്കരം തപസ്സാർന്നു വാണീടും കാലത്തിങ്കൽ
ഒരുനാൾ സ്നാനംചെയ്തു ശുദ്ധനായ് വസിക്കുമ്പോ-
ളരികേ വന്നീടുന്ന ധാതാവു തന്നെക്കണ്ടു.
ചിരമായ് ചെയ്തീടുന്ന വൻതപഃപ്രഭാവത്താൽ
സരസീരുഹാസനൻ കൌശികൻ തനിക്കപ്പോൾ
ബ്രാഹ്മണ്യമൊഴിച്ചുള്ള ദിവ്യസൽഫലങ്ങളെ
നിർമ്മായം കൊടുത്തുടൻ ചെയ്തിതു തിരോധാനം.
അതുകൊണ്ടൊന്നും തന്നെ തൃപ്തനായ് ഭവിക്കാതെ
മതിമാൻ ഗാധിപുത്രൻ ബ്രാഹ്മണ്യം സിദ്ധിക്കുവാൻ
ദൃഢനിശ്ചയമാർന്നു പിന്നെയും മുന്നേക്കാളും
കടുതാം തപസ്സാർന്നു വാണിതു രാമചന്ദ്ര!
സങ്ക്രന്ദനാദ്യന്മാരാം നിർജ്ജരന്മാർക്കുംകൂടെ
ശങ്കയുണ്ടായിവന്നു കൌശികതപസ്സിനാൽ.

നാകമാനിനിയായ മേനകയതുകാല-
മേകദാ കളിപ്പാനായ് വന്നിതു പുഷ്കരത്തിൽ.
ശോഭനമായീടുന്ന മേനകാരൂപമന്നാലം
കാൺകയാലം തപസ്സാർന്നു നില്ക്കിലും വിശ്വാമിത്രൻ
പങ്കജബാണൻ തൻെറ ദാസനായ് തീൎന്നിതല്ലോ.
മാനസസമുദ്രത്തെ മഥനം ചെയ്തീടുവാൻ
ആനമിക്കാമൻ തന്നെ മന്ദരശൈലമോൎത്താൽ.
മേനകാധീനനായിത്തീൎന്ന വിശ്വാമിത്രൻ
സാനന്ദം വിഹരിച്ചു പോക്കിനാൻ ലക്ഷംകൊല്ലം.
പ്രണയാധീനനായിത്തീൎന്നതുനിമിത്തമായ്
ക്ഷണമെന്നതുപോലെ തോന്നിയിക്കാലത്തെയും.
നിൎമ്മലം ശരൽക്കാലം വന്നിടും സമയത്തിൽ
നിൎമ്മലമായിത്തീരും നദികളതുപോലെ
തന്നുടെ തപസ്സിനു വന്നിരിക്കുന്ന നാശ-
മെന്നറിഞ്ഞനന്തരം ഗാധിനന്ദനൻ താനും
തന്നുടെ വിവേകമാം വെള്ളത്താൽ രാഗമലം
ചേൎന്നതാം മനസ്സിനെക്കഴുകി ശുദ്ധമാക്കി
മേനകാവധൂടിയെക്കൈവിട്ടു സുദൃഢമായ്
മാനസമുറപ്പിച്ചു പിന്നെയും തപം ചെയ്വാൻ.
ഉത്തരാചലത്തിൻെറ താഴ്‌വരപ്രദേശത്തിൽ
വൎത്തിക്കും 'കൌശികി'യാം നദിതൻ തീരത്തിങ്കൽ
ചെന്നുനിന്നോരായിരം വത്സരം പ്രതിബന്ധ-
മൊന്നുമേ ഭവിക്കാതെ ചെയ്തിതു തപസ്സുഗ്രം.
അക്കാലം തപസ്സിനാൽ ഭീതരായമരന്മാർ
പുഷ്കരോത്ഭവൻ തൻെറ സവിധം സംപ്രാപിച്ചു
ഏതുമേ വൈകീടാതെ നൽകേണം 'ബ്രാഹ്മണത്വം'
ഗാധിനന്ദനനെന്നായവരുമപേക്ഷിച്ചാർ.

ദേവകളർത്ഥിക്കയാൽ ബ്രഹ്മാവും സുരന്മാരെല്ലാ-
മാവിരാനന്ദം പിന്നെ കൌശികാന്തികം പുക്കു
അരുളിച്ചെയ്തീടിനാൻ 'മാമുനേ! ഭവാനോളം
ഒരു മർത്ത്യൻ മേവം നിർബ്ബന്ധമുണ്ടായീല.
ബ്രാഹ്മണ്യം ഭവാനു ഞാൻ തന്നിരിക്കുന്നു ധീമൻ
നിർമ്മലൻ ഭവാനിപ്പോൾ വിജിതേന്ദ്രിയനായി.'
ഇത്തരമരുൾചെയ്തു ധാതാവും സുരന്മാരോ-
ടൊത്തുടൻ തിരോധാനം ചെയ്തിതു വഴിപോലെ.
ദേവസമ്മതമായി ബ്രാഹ്മണ്യം വിരിഞ്ചനാം
ദേവൻ താൻ കൊടുത്തിതെന്നാകിലുമതുകൊണ്ടും
തൃപ്തനായ് ഭവിക്കാതെ കേവലം നിരാലംബ-
ഗാത്രനായ് കൈകളെയും പൊക്കിക്കൊണ്ടനാമയം
വായുഭക്ഷകനായിട്ടത്യുഗ്രം തപംചെയ്വാ-
നായിട്ടു തുടങ്ങിനാൻ ലേശവുമിളകാതെ.
പഞ്ചാഗ്നിമദ്ധ്യത്തിങ്കൽ ഗ്രീഷ്മമാം കാലംതന്നിൽ
ചഞ്ചലം വിനാ നിന്നു ചെയ്തിതു തപസ്സുഗ്രം.
വെള്ളത്തിന്നടിയിലായ് വാണിട്ടും തണുപ്പേറ-
മുള്ളതാം കാലത്തിങ്കൽ വൻ തപസ്സാചരിച്ചാൻ.
ഉഗ്രമായിപ്രകാരം ദൃഢനിശ്ചയമാർന്നി-
ട്ടുൽകൃഷ്ടൻ വിശ്വാമിത്രൻ ചെയ്തീടും തപസ്സിനാൽ
സംക്രന്ദനാദ്യന്മാരാം ദേവകൾക്കെല്ലാകാലം
ശങ്കയുമതിമാത്രം ഭീതിയുമുണ്ടായ്വന്നു.
പശ്ചാവേ വിശ്വാമിത്രൻ തന്നുടെ തപോഭംഗം
ചെയ്യുവാനൊരുദേവനാരിയെ വിട്ടാനിന്ദ്രൻ.
അവളും വിശ്വാമിത്രശാപശങ്കിതയായി-
ട്ടവശപ്പെട്ടിതേററമെന്നാലും ദേവകാര്യം

സാധിച്ചുകൊണ്ടീടുവാനുത്സുകമനസ്കയായ്
പ്രീതയായ് തപോവനം പ്രാപിപ്പാൻ പുറപ്പെട്ടാൾ.
ഇന്ദ്രശാസനത്താലേ കാമനും വസന്തവു-
മന്നേരമവളോടു കൂടവേ നടകൊണ്ടാർ.
പുഷ്പിതപ്രായങ്ങളായ് ശോഭിക്കും ലതകളിൽ
ഷട്പദം മുരണ്ടെങ്ങും ചാരുവായ് ചരിക്കുന്നു.
കാമനെബ്ബലാൽ ചെന്നു ബന്ധിച്ചു വശത്താക്കാൻ
സാമർത്ഥ്യമാർന്നീടുന്ന കളകോകിലഗാനം
ചാരുവായ് ശ്രവിക്കുന്നിതന്നേരം വസന്താഭ
ചേരുമക്കാലത്തിങ്കൽ കാമപൂജിതയായി
നർമ്മലാലസയായി ശൃംഗാരമായിടുന്ന
നിർമ്മലരസത്തിന്റെ സാരമെന്നതുപോലെ
കോമളാകാരംകൊണ്ടു കാണികൾക്കാനന്ദത്തെ-
സ്സീമയില്ലാതെ ചേർക്കും കൌമുദിയെന്നപോലെ
ചെന്നീടും മനോഹരവേഷയാം രംഭാനാമ-
സുന്ദരീമണിയാളെ വിശ്വാമിത്രന്നു കാണായ്.
ചിരമായ് തപസ്സാർന്നു നില്പവനെന്നാകിലും
സ്മരപീഡിതനായിത്തീർന്നിതദ്ദേഹമപ്പോൾ.
വൻതപസ്സിനാൽ ഗാത്രം വല്ലാതെ ശോഷിക്കിലും
ഹന്ത! കാമാഭിലാഷം പോഷിച്ചിതതിമാത്രം.
ഇന്ദ്രനെൻ തപോവിഘ്നം ചെയ്യുവാനയച്ചുള്ള
സുന്ദരിയിവളെന്നുള്ളാ[illegible]മതുനേരം.
പെട്ടെന്നു വിശ്വാമിത്രൻ തന്നുള്ളിലുണ്ടായ് വന്നു
രുഷ്ടനായ് ചമഞ്ഞിതു താനറിയാതെ തന്നെ.
'ഇങ്ങുനീയൊരു കല്പായുതാബ്ദങ്ങൾ വാഴ്കെ'-
ന്നിങ്ങനെ വിശ്വാമിത്രൻ രംഭയെശ്ശപിച്ചിതു.

കൌശികശാപംകേട്ടു ഭഗ്നമാനസന്മാരാ-
യാശു മന്മഥൻ താനും പോയിതു വസന്തവും.
തന്നുടെ മനസ്സേവം കാമകോപങ്ങളാലേ
നിൎവ്വീര്യമായ് ഭവിച്ചതു കാരണം വിശ്വാമിത്രൻ
സന്താപഭാരംപൂണ്ടു രംഭതൻ ശാപകാല-
മന്തണപ്രസാദപൎയ്യന്തമെന്നാക്കിവെച്ചു.
സ്ഥാണുപോലിളകാതെ വെള്ളവും കുടിക്കാതെ
വാണിതു ശ്വാസോച്ഛ്വാസംകൂടിയും ചെയ്തീടാതെ.
അയുതാബ്ദങ്ങളേവം കാമാദിദോഷങ്ങളെ
മുഴുവൻ വിട്ടു വാണാൻ ശുദ്ധമേ മൌനിയായി.
ഇക്കാലമിന്ദ്രൻചെയ്യും വിഘ്നങ്ങളൊരുലേശ-
മേൽക്കുവാൻ സാധിച്ചീലാ വൻതപശ്ശക്തിയാലേ.
നിശ്ചിതസഹസ്രാബ്ദമായീടും കാലത്തിങ്കൽ
സ്വച്ഛന്ദമാരംഭിച്ചാൻ വ്രതപാരണചെയ്‌വാൻ.
പാരണയ്ക്കുള്ളോരന്നം വാസവനതുനേര-
മാരണനായിച്ചെന്നു ഭക്ഷിച്ചാൻ മുഴുവനും.
വളരെ ശ്രമമാൎന്നു വായുരോധനംചെയ്തു
വളരെക്കാലംചെയ്ത വൻതപശ്ശക്തിയാലേ
വളരും ജഠരാഗ്നി താലുമൂലത്തിൽനിന്നും
വലുതാം ധൂമജ്വാലാമാലകളോടുംകൂടെ
മേല്പോട്ടു പൊങ്ങിച്ചെന്നു വ്യാപിച്ചിതെല്ലാടത്തു-
മുൾഭ്രമമുണ്ടായ്‌വന്നു സകല ജന്തുക്കൾക്കും.
പാവകജ്വാലയാലേ ഭൂമിയും പാതാളവും
ദേവലോകവുമപ്പോൾ സന്തപിച്ചിതുപാരം.
അബ്ധികൾ കലങ്ങിപ്പോയദ്രികളോടുംകൂടെ-
യത്യന്തം ഭയമാൎന്നു ഭൂമിയും കുലുങ്ങിപ്പോയ്.

ഉമ്പർകോൻ മുതലായ ദേവകളശേഷവു-
മമ്പരന്നുടനോടിസ്സത്യലോകത്തിൽ പുക്ക
സങ്കടമറിയിച്ച കാരണമതിവേഗം
പങ്കജോത്ഭവൻ താനും കൌശികസമീപത്തിൽ
ഇന്ദ്രാദിദേവന്മാരും മാമുനിമാരും ചേർന്നു
ചെന്നുനിന്നതിമോദമിങ്ങനെയരുൾചെയ്താൻ:—
'ബ്രഹ്മർഷിയായീടുവാൻ യോഗ്യനായ് ഭവിച്ചിതു
സന്മതേ! വിശ്വാമിത്ര! സാമ്പ്രതം ഭവാനയേ!
അമരത്വവുമെന്നല്ലങ്ങയ്ക്കു വേദങ്ങളും
സുമതേ! തന്നീടിനേൻ വശവർത്തികളായി.'
ഇത്തരമരുൾചെയ്തു നിന്നീടും വിരിഞ്ചനോ-
ടുത്തമൻ വിശ്വാമിത്രൻ തൊഴുതു ചൊല്ലീടിനാൻ.
'ബ്രഹ്മാവേ! തവ പുത്രനാകിയ വസിഷ്ഠൻ താൻ
ബ്രാഹ്മണനെന്നു നമ്മെച്ചൊൽകിലേ മതിയാകൂ.'
ബ്രഹ്മാവുമതുകേട്ടു നിജ്ജരന്മാരെക്കൊണ്ടു
തന്മകൻ വസിഷ്ഠനെ സത്വരം വരുത്തിനാൻ.
അന്നേരം കിൽബിഷനായ മാമുനി വസിഷ്ഠനും
മിത്രഭാവത്തെപ്പൂണ്ടു വിശ്വാമിത്രനെ നോക്കി
'അല്ലയോ വിശ്വാമിത്രബ്രഹ്മർഷേ! ഭവാനേററം
കല്യനായ് ഭവിച്ചീടുമിനിമേലെ'ന്നു ചൊന്നാൻ.
ഈ വിധം വസിഷ്ഠനും ചൊൽകവേ വിരിഞ്ചനും
ദേവകളോടുംകൂടെ ചെയ്തിതു തിരോധാനം.
കൌശികവസിഷ്ഠന്മാർ പിന്നീടു മിത്രങ്ങളാ-
യാശയാനന്ദത്തോടും വാണിതു രാമചന്ദ്ര!
ഇങ്ങനെ നാനാവിധ മാഹാത്മ്യം കലർന്നുള്ള
മംഗലചരിതനിക്കൌശികമഹാമുനി.

ഇമ്മഹാൻ ഭവാനുടെ രക്ഷിതാവായമൂലം
സന്മതെ! ദാശരഥെ! ഭാവുകം ഭവാനുണ്ടാം."

ധനുർഭംഗം.

ഈദൃശം വിശ്വാമിത്രചരിതം ശതാനന്ദൻ
ഗൌതമാത്മജൻ ചൊന്നതാകവേ കേൾക്കയാലേ
ജനകൻ ബഹുമാനപൂർവ്വകം വീണ്ടും വീണ്ടു-
മനുകൂലാശയനായിപ്പൂജിച്ചാൻ കൌശികനെ.
അദ്ദിനാന്തത്തിൽ പിന്നെ യജ്ഞകർമ്മത്തെച്ചെയ്തു
വിദ്വാനാം ജനകനും പ്രാപിച്ചിതന്തഃപുരം.
അന്നു രാത്രിയിൽ വിശ്വാമിത്രന്റെ മാഹാത്മ്യത്തെ
മന്നവൻ വിചാരിച്ചു പോക്കിനാനുറങ്ങാതെ.
പിറ്റേന്നാളുഷസ്സിങ്കൽ മന്നവനെഴുന്നേറ്റു
തെറ്റാതെ നിത്യകർമ്മമാകവേ ചെയ്തുശേഷം
ഗാധിജൻ തന്നെക്കണ്ടു വന്ദിച്ചു സപ്രശ്രയം
ചോദിച്ചാനിനിയെന്തു വേണ്ടതെന്നിപ്രകാരം.
ജനകക്ഷമാവരൻ തന്നോടായതു ചെയ്യാൻ
മുനിനായകനായ കൌശികനതുനേരം:—
"വീരനായിരിപ്പോരീ രാമനു ദിവ്യമായ
മാരശാസനചാപം കാണുവാനുണ്ടു മോഹം.
ഈശ്വരനുടെ ചാപം കാണുവാൻ യോഗ്യനത്രേ
വിശ്വൈകവീരൻ രാമൻ ഭൂപതേ! ധരിച്ചാലും."
കൌശികവാക്യം കേട്ടു ഭൂപതി വിദേഹനു-
മാശയാനന്ദം പൂണ്ടു തൊഴുതു മൊഴിഞ്ഞീടിനാൻ:—
"ശൈവമാം ധനുസ്സിന്റെ മാഹാത്മ്യമറിയുവാൻ
കേവലം ശിവൻമാത്രം ശക്തനാകുന്നു മുനേ!

നിമിത്തന്നാരാമത്തെ രാജാവു ദേവരാത-
നമലൻ ശിവഭക്തനെന്നുടെ പിതാമഹൻ
അമ്മഹാൻ തന്റെ കയ്യിൽ മുന്നമേ ശിവൻ തന്നെ
സമ്മോദഭാരത്തോടുമിദ്ധനുസ്സേകീടിനാൻ.
ഭർഗ്ഗനാം ഭഗവാനും ദക്ഷന്റെ യാഗത്തിങ്ക-
ലുഗ്രമാം നിജചാപം കളിയായ് കയ്യിലേന്തി
പൗരുഷത്തോടുംകൂടെ നിർജ്ജരന്മാരെക്കണ്ടി-
ട്ടാക്രുദ്ധകോപത്തോടുമിങ്ങനെയരുൾചെയ്തു:—
'ധന്യയശാലിദക്ഷൻ തെല്ലുമേ ഹവിർഭാഗം
തന്നീടില്ലെനിക്കെന്നു നിശ്ചയിച്ചിരിക്കുന്നു.
അങ്ങനെയുള്ളതാമീയാഗത്തിൽ ദേവന്മാരെ!
നിങ്ങളും പങ്കുകൊൾവാൻ വന്നതുനിമിത്തമായ്
അദ്യ ഞാൻ ഭവാന്മാർക്കുള്ളുത്തമാംഗങ്ങളെല്ലാം
വിദ്രുതം ഭേദിച്ചീടും സായകാവലി തൂകി'.
ഇത്തരമരുൾചെയ്തു നിന്നീടും ശിവൻതന്നെ-
ബ്ഭക്തിയാൽ സുരന്മാരും സന്തുഷ്ടനാക്കിത്തീർത്തു.
ദേവകൾക്കെല്ലാവർക്കും ചേർന്നീടും തേജസ്സിനാൽ
ദേവരാജനുമൊരു ചാപത്തെപ്പണിചെയ്തു
ഭഗവാൻ തനിക്കായി നൽകിനാ,നതുതന്നെ
ജഗതി പ്രസിദ്ധമായുള്ളൊരീച്ചാപരത്നം.
പരമോൽകൃഷ്ടമാമീച്ചാപമോ തേജഃപുഞ്ജം,
പരയാം ഭക്തിയോടും ഞാനുമിന്നാരാധിപ്പൂ.
അക്കാലംമുതൽക്കത്രെ വാഴുന്നു ശിവചാപം,
ഉൽക്കർഷമിതുമൂലം ഞങ്ങൾക്കുമുണ്ടാകുന്നു.
മാന്യമാനിതനായ മാമുനേ! ഫലംകൊണ്ടു
മന്നിൽ ഞാനാഴ്തിലു യാഗശാലയെത്തീപ്പാൻ

അസ്ഥലത്തിങ്കൽനിന്നും സൌന്ദൎയ്യസാരംകൊണ്ടു
തീൎത്തതാമൊരു കന്യാരത്നത്തെ ലഭിച്ചു മേ.
സൌന്ദൎയ്യദുഗ്ദ്ധാംഭോധി തന്നിൽനിന്നുണ്ടായ്വന്നോ
രിന്ദിരാദേവിയെന്നായ് ചൊല്ലീടാമവൾതന്നെ.
ഞാനമപ്പൊതൽതന്നെപ്പുത്രിയായ് വളൎത്തുന്നു
സാനന്ദമന്നേമുതൽ, സീതയെന്നിട്ടു നാമം.
മന്ദരാചലംപോലെ ഗൌരവം കലൎന്നീടു-
മിന്ദുശേഖരദേവൻ തന്നുടെ ദിവ്യചാപം
ശൂരനായെടുത്തവൻ കുലയേററുന്നിതെന്നാൽ
സ്വൈരമാപ്പുമാനെന്റെ നന്ദിനീകാന്തനെന്നായ്
പന്തയം ഞാനും മുന്നേ നിശ്ചയിച്ചിരിക്കുന്നു,
ഹന്ത, കാമുകന്മാരായ് ഭൂപന്മാരനവധി
ഇങ്ങുവന്നീശചാപം ഭഞ്ജിപ്പാൻ കഴിയാഞ്ഞു
തിങ്ങീടുമാശാഭംഗം മൂലമായ് ക്രോധംപൂണ്ടു
നാലംഗപ്പടയോടും കൂടവേ മമ രാജ്യം
ചാലവേ വളഞ്ഞിതു നമ്മോടു യുദ്ധംചെയ്‌വാൻ.
സൈന്യശേഖരം ചെയ്യാതുള്ള ഞാനവരോടു
ജന്യത്തിനൊററയ്ക്കായിട്ടെങ്ങനെയെതിൎക്കുന്നു?
ദേവകളന്നേരം മത്സഹായാൎത്ഥം വന്നു
ഭൂവരന്മാരോടേററു ദാരുണം യുദ്ധംചെയ്താർ.
ദേവസായകമേററു് ഹീനപൌരുഷന്മാരാ-
യേവരും നൃപന്മാരും തോററുടനോടിപ്പോയാർ
തങ്ങടെ രാജ്യങ്ങളിൽ പ്രാപിച്ചു മരുവിനാർ.
ഇങ്ങൊരു ഭയംപിന്നെയവരാലുണ്ടായില്ല.
കോമളനായ രാമൻ ശക്തനെന്നാകിലിപ്പോൾ
കാമനാശനചാപം കൈക്കൊണ്ടു കുലയേററി

മാമകകുമാരിയാം സീതയെ സ്വീകരിച്ചു
സാമോദം പന്തയത്തിൽ വിജയം പ്രാപിക്കട്ടെ."
ഇത്തരം മുനീന്ദ്രനോടുരചെയ്തതിൻ ശേഷ-
മുത്തമൻ നരപാലൻ സചിവന്മാരെപ്പാൎത്തു
"നിങ്ങൾപോയ് വരുത്തുവിനീശ്വരനുടെ ചാപ-
മിങ്ങതിവേഗ"മെന്നായ് കല്പിച്ചാൻ സഗൌരവം.
മന്ത്രികൾ നൃപാജ്ഞയാലക്ഷണം നടകൊണ്ടി-
തന്തകാന്തകചാപമാനയിച്ചീടുവാനായ്.
എട്ടുചക്രങ്ങൾ ചേരും വണ്ടിയിലൊരായിരം
കൂട്ടമാം ഘണ്ടാനാദശോഭിതം ത്ര്യംബകം
അഞ്ഞൂറു ഭൃത്യന്മാരുമൊന്നിച്ചു വലിച്ചങ്ങു
മഞ്ജുളഘോഷത്തോടുമെത്തിച്ചു രംഗത്തിങ്കൽ.
ജനകക്ഷ്മാനാഥൻ കൌശികമുനീന്ദ്രനെ
വിനയത്തോടുംകൂടെക്കാട്ടിനാൻ ശിവചാപം.
ദിവ്യമാം ചാപം കണ്ടു മോദിച്ചു വിശ്വാമിത്ര,-
നൃപേന്ദ്രകുമാരനാം രാമനോടുരചെയ്തു:—
"ഇക്കണ്ട ലോകങ്ങളിൽ മൂന്നിലുംവെച്ചു പാര-
മുൽക്കൃഷ്ടമായ്നിന്നീടുന്ന ചാപമാണിതു രാമ!
വില്ലിതു കുലച്ചു നീ പൌരുഷോചിതശൌൎയ്യ-
മെല്ലാൎക്കും കാണിക്കുവാൻ സമയമിതുതന്നെ."
മുനിതന്നാജ്ഞയാലെ രാമനും മന്ദം ചെന്നു
വിനയത്തോടുംകൂടെ വന്ദിച്ചാൻ ശിവചാപം.
കളിയെന്നഖിലൎക്കും തോന്നീടുംവിധം രാമൻ
മിളിതാനന്ദം വില്ലു കൈക്കൊണ്ടാൻ ശ്രമമെന്യേ.
അംഗദകടകാദി ഭൂഷകളായിസ്സൎപ്പ-
മെങ്ങനെ ശിവൻ തന്റെ കൈകളിൽ ശോഭിക്കുന്നു

ആ മട്ടു രാമൻ തന്റെ തൃക്കരാംബുജങ്ങളിൽ
കാമനാശനചാപം ശോഭിച്ചിതതിമാത്രം.
ബാലനാം രാമചന്ദ്രൻ ദുർഗ്രഹമായ ചാപം
ലീലയാ പുഷ്പംപോലെ കൈക്കൊണ്ടു നിന്നീടുമ്പോൾ
കണ്ടുനില്പവരെല്ലാമത്ഭുതപ്പെട്ടിതേററ-
മുണ്ടായി വിശ്വാമിത്രൻ തനിക്കും ബഹുമാനം.
പെട്ടെന്നു ചാപം രാമൻ വളച്ചു ഞാൺ വലിച്ചു
പൊട്ടിച്ചാനതുനേരം തജ്ജന്യധ്വനിയാലേ
മാറെറാലിക്കൊണ്ടിതെങ്ങും പുഷ്കലാവർത്തമേഘം
കൂട്ടമായ് ശബ്ദിച്ചീടുംപോലവേ തോന്നിയപ്പോൾ.
നന്ദനോദ്യാനത്തിങ്കൽക്കൂടിയും മയൂരങ്ങ-
ളൊന്നിച്ചു സന്തോഷിച്ചു താണ്ഡവം തുടങ്ങിനാർ.
ചാപഭഞ്ജനധ്വാനഗൌരവം നിമിത്തമാ-
യാപാദം വിറച്ചിതു മേരുശൈലവുംകൂടെ.
കല്പാവസാനത്തിങ്കലുള്ളതാം ശബ്ദമെന്നോ-
ർത്തുസംഭ്രമമിന്ദ്രാണിക്കുമുണ്ടായിതതുനേരം.
അബ്ധികളേഴുമൊപ്പം കൂട്ടമായലയ്ക്കുന്ന
ശബ്ദമെന്നാലോചിച്ചു സർവ്വരുമമ്പരന്നാർ.
രാഘവവിശ്വാമിത്രജനകന്മാർക്കു മാത്ര-
മാകുലമുണ്ടായീലാ തച്ഛബ്ദശ്രവണത്താൽ.
അത്രതന്നെയുമല്ല, തന്നുടെ മനോരഥ-
സിദ്ധിയാലവാച്യമാം പരമാനന്ദത്താലേ
സുപ്രസന്നാത്മാവായിത്തീർന്നോരു ജനകനു-
മപ്പോഴേ വിശ്വാമിത്രൻ തന്നോടായുരചെയ്താൻ:—
"ധന്യയായ് ഭവിച്ചിതെൻ നന്ദിനി രാമചന്ദ്രൻ
തന്നുടെ സാധർമ്മചാരിണിയാകയാലേ.

പുത്രനായുണ്ടായ്വന്ന കീർത്തിയിന്നെല്ലാടത്തും
വ്യാപ്തമായ് ഭവിക്കുന്നു ശുഭ്രയായ് മഹാമുനേ!
അദ്യൈവ സീതാരാമന്മാരുടെ സമാഗമം
സിദ്ധിപ്പാനിടയായി ദൈവത്തിൻ വിലാസത്താൽ.
ഇന്നതു ഭവിച്ചീടുമിന്നകാലത്തിലെന്നു
മുന്നമേ വിധിമതമായതേ ഭവിച്ചീടൂ.
രാമനു കൊടുക്കേണം സീതയെയെന്നു ഞാനും
മാമുനേ! മുന്നേതന്നെ നിശ്ചയിച്ചിരിക്കുന്നു.
ചിരസങ്കല്പമിപ്പോഴം സഫലമായമൂലം
പെരികെ കൃതാർത്ഥനായ് തീർന്നേൻ ഞാൻ മഹാമുനേ!
ശ്രീരാമചന്ദ്രൻ തന്റെ താതനാം ദശരഥ-
ക്ഷ്മാരാട്ടു മർത്ത്യന്മാരിലുത്തമൻ പുണ്യശാലി
ഞാനുമിന്നദ്ദേഹത്തെയിക്കാര്യം ധരിപ്പിപ്പാൻ
സാനന്ദമയോദ്ധ്യയ്ക്കു ദൂതരെയയയ്ക്കുന്നേൻ.
എന്നുടെ ദൂതന്മാരോടൊന്നിച്ചു ദശരഥൻ
വന്നീടുമിങ്ങോട്ടേക്കു രാഘവവിവാഹാർത്ഥം."
മന്നവനിപ്രകാരം മുനിയോടുരചെയ്തു
പിന്നീടു ദൂതന്മാരെക്കല്പിച്ചങ്ങയച്ചിതു.
സങ്കല്പവേഗത്തോടു ചെന്നീടുമശ്വങ്ങളിൽ
ശങ്കയെന്നിയേ കേറി രാജകിങ്കരന്മാരും
വേഗത്തിലയോദ്ധ്യയിൽ പ്രാപിച്ചു സഭാതലേ
ലോകപൂജിതനായി വാണീടും നരേന്ദ്രനെ
കണ്ടു വന്ദിച്ചുശേഷം കർണ്ണത്തിൽ സുധാവർഷ-
മുണ്ടാക്കും പുത്രോദന്തമൊപ്പമറിയിച്ചാർ.

സന്ദേശവാഗ്ധാരായുക്തമാം പുത്രോദന്തം
കർണ്ണപീയൂഷതുല്യം കേട്ടോരു ദശരഥൻ
പരമാനന്ദം പൂണ്ടു നാലംഗപ്പടയോടും
ത്വരിതം മിഥിലയ്ക്കു പോകുവാൻ പുറപ്പെട്ടു.
വാമനമാർക്കണ്ഡേയ വസിഷ്ഠാദികളായ
മാമുനിപ്രവരന്മാർ മുന്നിലായ് നടകൊണ്ടാർ.
സാഗരമെന്നു തോന്നുംപോലപ്രമേയഗാധമായ്-
ച്ചപ്പോകുമാ ഭടന്മാർ തൻ ഹർഷനിസ്വനത്താലേ
പൂരിച്ചു നഭസ്ഥലമെന്നല്ല, കരങ്ങളിൽ
ചേരുമായുധതേജസ്സെങ്ങുമേ വ്യാപ്തമായി.
രാജയോഗ്യങ്ങളാകും വാദ്യങ്ങൾ മുഴക്കിച്ചു
രാജാവും മിഥിലയാം രാജ്യത്തിലകം പുക്കാൻ.
അന്നേരം ജനകനത്യന്തമോദം പൂണ്ടു
ചെന്നുടൻ യഥാവിധിയെതിരേറ്റാദരിച്ചാൻ.
മന്നവൻ ചെയ്തീടുന്ന സൽക്കാരങ്ങളുമേറ്റു
ധന്യനാം ദശരഥൻ നാലുപേർ സുതരോടും
ഒന്നിച്ചു മുനിഗണയുക്തമാം സഭതന്നിൽ
ചെന്നിരുന്നെല്ലാരാലും പൂജ്യനായ് പ്രകാശിച്ചാൻ.
മിഥിലക്ഷ്മാനാഥൻ പൂജ്യനായ് സഭതന്നിൽ
സ്ഥിതരാം വസിഷ്ഠാദി മാമുനിശ്രേഷ്ഠന്മാരെ
ഭക്തിപൂർവ്വകം കൂപ്പി പംക്തിസ്യന്ദനഭൂപ-
സത്തമൻ തന്നെപ്പാർത്തു സസ്മിതമുരചെയ്താൻ:-
"ബ്രഹ്മർഷിവര്യൻ സാക്ഷാൽ വസിഷ്ഠൻ തവ ഗുരു
നിർമ്മലാത്മാവേ! ഭൂപപുംഗവ! ദശരഥ!

മാന്യനാമഭ്രേഷത്തോടൊന്നിച്ചു ഭവാനിങ്ങു
വന്നതുനിമിത്തം ഞാൻ ധന്യരിൽ ധന്യനായേൻ.
രണ്ടുപേർ പിതാക്കന്മാർ പുണ്യശാലികൾ നമ്മ-
ളുണ്ടല്ലൊ ഭവാനദ്യനാലുപേർ തനയന്മാർ.
പുത്രികളെനിക്കുണ്ടു നാലുപേരതുപോലെ-
യോത്തീടിൽ ഭവാനുമീ ഞാനുമിന്നൊക്കുമല്ലൊ.
സുതനാം വിഷ്ണുവാലേ കശ്യപനെന്നപോലെ-
യധികം ശോഭിക്കുന്നിതങ്ങയും രാമനാലേ.
സൽപുത്രയുക്തന്മാരിലങ്ങുതാനിതു കാല-
മിപ്പാരിങ്കലുമോത്താൽ മുഖ്യനായ് ഭവിക്കുന്നു.
കീർത്തിയും ഭവാനോളമില്ലാക്കും ഭവാന്റെ
കീർത്തിയെത്തന്നെയെങ്ങും വാഴ്ത്തുന്നു ജഗത്രയം.
പൌരുഷപ്രദർശകമാകിയ പന്തയത്തിൽ
ശ്രീരാമൻ തവ പുത്രൻ സാമ്പ്രതം വിജയിച്ചു.
അതിനാൽ ഭവാനെന്റെ പുത്രിയാം ജാനകിയെ
മതിമൻ! കൈക്കൊണ്ടാലും പുത്രദാരങ്ങളായി.
ഈ വിവാഹത്തിലോത്താലന്യോന്യം ദൃഢധർമ്മം
ചെയ്യുതും പിതാക്കന്മാരാകിയ നമ്മൾ തന്നെ.
ധന്യമാണതുമററം നമ്മൾക്കെ"ന്നിപ്രകാരം
ജനകക്ഷമാവരൻ സാദരം ചൊല്ലിയപ്പോൾ
സന്തോഷഭാരംകൊണ്ടു രോമഹർഷണം പൂണ്ടു
ശാന്തനാം ദശരഥഭൂപനുമരചെയ്താൻ:—
"പ്രീതനായ് ഭവാൻ നൽകും സീതയാം കന്യകയെ
മേലിനീവരമെന്നാലേ സാദരം സ്വീകരിച്ചേൻ.
വിദ്യയാലഴക്കററ മാനസം, വംശശുദ്ധി,
സത്തുക്കളോയിട്ടുള്ള സംസർഗ്ഗമിവയെല്ലാം

ചേർന്നെഴും കുമാരികളുള്ളോരു പിതാക്കന്മാർ
ധന്യരായ് ഭവിക്കുന്നിതതിനാൽ ഭവാൻ ധന്യൻ.
യോഗ്യതയെല്ലാംകൊണ്ടുമുള്ളോരിക്കുമാരിയെ
ഭാഗ്യസമ്പത്തിയാലേ പ്രാപിപ്പാനിടയായി.
പുത്രനാം മമ രാമൻ തന്നുടെയുൽക്കർഷത്തി-
ലത്യന്തം സമുത്സുകനാകുന്നു വിശ്വാമിത്രൻ.
വെട്ടിയുമുരുക്കിയും താഡിച്ചുമുരച്ചുമീ-
മട്ടു നാലുകളാലേ സ്വർണ്ണത്തെപ്പരീക്ഷിപ്പൂ;
ആവിധം കുലശീലഗുണകർമ്മങ്ങളാലേ
ഭൂവര! പരീക്ഷിച്ചുകൊള്ളേണം പുമാന്മാരെ.
അതിനാലിനിയെല്ലാം വേണ്ടതു നിശ്ചയിപ്പാൻ
മതിമാൻ വിശ്വാമിത്രൻ തന്നെയാണധികാരി.''
ശല്യനായകനേവം ചൊൽകവേ മുനീന്ദ്രന്മാ-
രഖിലമൊരുമിച്ചു സന്തോഷചിത്തന്മാരായ്
ഗാധിനന്ദനനോടു ജാനകീപരിണയം
സാദരം പ്രശംസിച്ചു ചൊല്ലിനാരോരോമട്ടിൽ.
ജാനകീവിവാഹാർത്ഥമാഗതന്മാരായോരെ-
സ്സാനന്ദം ജനകനും പൂജിച്ചാൻ യഥായോഗ്യം.
മന്നവൻ ചെയ്തീടുന്ന സല്ക്കാരം പരിഗ്രഹി-
ച്ചന്നവരാനന്ദിച്ചു പോക്കിനാർ നിശാകാലം.
പിററന്നാൾ പ്രഭാതത്തിൽ സാമന്തഭൂപന്മാരാൽ
ചുററപ്പെട്ടവരായ രണ്ടുപേർ ഭൂപന്മാരും
രാജയോഗ്യങ്ങളായ വാദ്യഘോഷങ്ങളോടും
പൂജനീയരായ് ച്ചെന്നു വാണിതു സഭാതലേ.
തന്നുടെ പുരോഹിതനാകിയ ശതാനന്ദൻ
തന്നെക്കൊണ്ടനന്തരം മിഥിലക്ഷമാനാഥൻ

തന്നുടെ സഹോദരനാകിയ കുശധ്വജ-
മന്നവൻ തന്നെയത്ര വരുത്തിസ്സൽക്കരിച്ചാൻ.
സ്തുതിപാഠകർ ചെയ്യും സ്തോത്രഘോഷവും മററു-
വിധമായുള്ള നാനാ ശബ്ദങ്ങളശേഷവും
ശാന്തമായ് ഭവിച്ചപ്പോളേവരും കേൾക്കുംവണ്ണം
ശാന്തനാം വസിഷ്ഠനരുളിച്ചെയ്തീടിനാൻ:—
"അല്ലയോ മിഥിലക്ഷ്മാനായക! കുമാരിതൻ
കല്യാണം യഥാവിധി ഘോഷിച്ചുകൊണ്ടാലും നീ.
ജാനകീരാമന്മാർ തൻ ചേർച്ചയിലെല്ലാവർക്കും
മാനസേ സുസമ്മതമാകുന്നു ധരാപതേ!
അവ്യക്തമാകും ബ്രഹ്മം തന്നിൽനിന്നുണ്ടാകുന്ന
സുവ്യക്തസ്വരൂപിയായുള്ളോരു ചതുർമ്മുഖൻ;
ബ്രഹ്മാവിൻ മകനായിട്ടുണ്ടായി മരീചിയാ-
മമ്മഹാൻ തന്റെ പുത്രനാകുന്നു കശ്യപനാം;
ഉത്തമനായീടുന്ന കശ്യപൻ തന്റെ നല്ല
പുത്രനായ് ഭവിച്ചിതു സൂര്യനെന്നറിയേണം;
സുധിയാം വൈവസ്വതമനുവും സൂര്യൻ തന്റെ
സുതനായ് ഭവിച്ചിതു; തത്സുതനിക്ഷ്വാകുവും;
മാനവേശ്വരനായോരിക്ഷ്വാകുതനിക്കന്ന
സൂനുവായ് വികുക്ഷിയെന്നുണ്ടായിതൊരു നൃപൻ.
തൽപുത്രനത്രേ ബാണൻ തത്സുതനനരണ്യൻ
തൽപുത്രൻ പൃഥുഭൂപൻ തത്സുതൻ ത്രിശങ്ക്വാഖ്യൻ
തത്സുതൻ ധുന്ധുമാരൻ തൽപുത്രൻ യുവനാശ്വൻ
തത്സുതൻ മാന്ധാതാവാം ഭൂപതിശ്രേഷ്ഠനല്ലോ
തത്സുതൻ സുസന്ധിയാം ഭൂവരൻ, ധ്രുവസന്ധി
തത്സുതനായിട്ടല്ലോ ജാതനായതു പിന്നെ.

രേതൻ ധ്രുവസന്ധിനന്ദനനസിതനാം
നരനായകൻപിന്നെ ബാഹുകതാത്മജനല്ലൊ
തൽപുത്രൻ ഗരത്തോടു കൂടവേ ജനിക്കയാ-
ലപ്പൃഥിവീശനുണ്ടായ് സഗരനെന്ന നാമം
തൽപുത്രനസമഞ്ജൻ തത്സുതനംശുമാനും
തൽപുത്രൻ ദിലീപാഖ്യൻ തത്സുതൻ ഭഗീരഥൻ
തത്സുതൻ കകുസ്ഥാഖ്യൻ തൽപുത്രൻ രഘുഭൂപൻ
തത്സുതൻ പ്രസിദ്ധനാം കല്മാഷപാദനല്ലൊ
കല്മാഷപാദൻ തന്റെ നന്ദനൻ ശംഖനാഖ്യൻ
സന്മതി സുദർശനൻ ശംഖനാത്മജനല്ലൊ
തത്സുതൻ രക്തവർണ്ണൻ ശീഘ്രഗനവൻ മകൻ
തത്സുതൻ നിമിഭൂപൻ തൽപുത്രനംബരീഷൻ
അംബരീഷന്റെ പുത്രൻ നഹുഷൻ, നഹുഷന
സമ്മാന്യൻ യയാതിയാം പുത്രനുമുണ്ടായ്വന്നു
നാഭാഗനവൻ പുത്രൻ തത്സുതനജനല്ലൊ
ഭൂപനിദ്ദശരഥനജഭൂപന്റെ പുത്രൻ
ധന്യരായ് വിളങ്ങുമീ രാമാദികമാരന്മാർ
മന്നവൻ ദശരഥൻ തന്നുടെ പുത്രരല്ലൊ.
നാലുപുത്രികളങ്ങയ്ക്കുള്ളതി വീരന്മാരാം
ബാലകന്മാൎക്ക നൽകിക്കൊണ്ടാലും ഭൂപമൌലെ!''
ഇങ്ങനെ വസിഷ്ഠൻ താനരുളിച്ചെയ്തുനേരം
മംഗലാശയനായ ജനകനരചെയ്തു:—

സീതാവിവാഹം.

"നിമിതന്നാരാമത്തെ ബഭ്രുവരൻ ദേവരാത,-
നാ മഹാൻ തന്റെ പുത്രനാകുന്നു സചിന്ത്രരോമൻ.

ഭൂപനാം സ്വർണ്ണരോമൻ തന്നുടെ വംശത്തിങ്കൽ
ശോഭനൻ മഹതിയാം മന്നവനുണ്ടായ്വന്നു.
മഹതിക്ഷമാവരൻ തന്നുടെ മക്കൾ, ഞാനും
സഹജൻ കുശധ്വജനാകുമീ വീരന്താനും.
ജനകൻ സ്വർഗ്ഗംപുക്കു വാണതിൻ ശേഷമീ ഞാൻ
മൻജേശ്വരനായി രക്ഷിക്കുന്നിതു രാജ്യം.
ഞാനുമെൻ പുത്രന്മാരെപ്പോലവേ പ്രജകളെ
മാനസേ വിചാരിച്ചു സർവ്വദാ രക്ഷിക്കുന്നു.
ഒരുനാൾ സാംകാശ്യാധിനാഥനാം സുധന്വാവു
ചെമികെല്പുടയോടും കൂടവേ ക്രുദ്ധനായി
നമ്മോടു യുദ്ധംചെയ്വാനായി വന്നിരാജ്യത്തെ
ദുർമ്മദൻ വളഞ്ഞിതു ഢങ്കാരഘോഷത്തോടും.
അന്നവനയച്ചയാലൊരുവൻ ദൂതൻ വന്നി-
ട്ടെന്നുടെ കുലദൈവമാകിയ ശിവചാപം
നൽകേണമെന്നായ് ചൊന്നാനായതു കൊടുക്കാതെ
വേഗമീ ഞാനും ചെന്നു യുദ്ധത്തിനെതിരിട്ടേൻ.
പോരിനായെതിരിട്ട സൈന്യങ്ങളേയും വെന്നു
ക്രൂരനാം സുധന്വാവുതന്നെയും കൊലചെയ്തേൻ.
പിന്നെ ഞാൻ സുധന്വാവിൻ രാജ്യമാംസാങ്കാശ്യത്തി-
ലെന്നുടെ സഹജനെ വാഴിച്ചേൻ യഥാവിധി.
ശത്രുബാധകളൊന്നുംകൂടാതെ കുശധ്വജൻ
തത്രവാഴുന്നിതിന്നും മാമകനിയോഗത്താൽ
രാമനുകൊടുക്കുന്നേൻ സീതയാം കുമാരിയെ
സൌമിത്രിക്കുന്നതാം നൽകീടാമൂർമ്മിളയെ.
ഇരുപേർ കുശധ്വജൻ തന്നുടെ പുത്രിമാരെ
ഭരതശത്രുഘ്നന്മാർക്കായി ഞാൻ നൽകീടുന്നേൻ."

ഇത്തരമുര ചെയ്തു മംഗളമാകുംവണ്ണം
ധാത്രീശനാരംഭിച്ചാൻ കല്യാണമാഘോഷിപ്പാൻ.
കോടിക്കൂടിയ ലക്ഷം ഗോക്കളെ സ്വർണ്ണത്തോടു
കൂടവേ വിപ്രന്മാർക്കു ജനകൻ ദാനം ചെയ്താൻ.
ഇവ്വിധമൊരു ലക്ഷം ഗോക്കളെ ദശരഥ-
ഭൂവരൻ താനും ദാനം ചെയ്യുവാൻ തുടങ്ങുമ്പോൾ
വന്നിതു യുധാജിത്താം കേകയഭൂപൻ താനും
തന്നുടെ മരുമക്കൾ തങ്ങളെക്കാണ്മാനായ്.
മിത്രഭാവത്തെപ്പൂണ്ടു ജനകൻ ചെയ്തീടുന്നോ-
രത്യർത്ഥസൽക്കാരത്താലദ്ദേഹമാനന്ദിച്ചാൻ.
മുന്നമേ വിവാഹാർത്ഥം വന്നതത്രൈവ വാഴും
തന്നുടെ ബന്ധുക്കളെയൊക്കെയും കണ്ടാൻ ഭൂപൻ.
തങ്ങളിലോരോമട്ടിലേവരും സമ്മാലാപം
തിങ്ങിനമോദത്തോടും കൂടവേ ചെയ്തു വാഴ്കെ
രതിതൻ ലാവണ്യശ്രീചേർന്നെഴും നാലു ഭൂപ
സുതമാരവിടേക്കു ചെന്നിതു മന്ദം മന്ദം.
രാജനന്ദിനിമാരിലാദ്യയായ് മൃഗശാബ-
ലോചനയായീടുന്ന ജാനകീദേവിതന്റെ
പല്ലവമൃദുലങ്ങളാകിയ കരങ്ങളെ
മെല്ലവേ രാജീവാക്ഷൻ ശ്രീരാമൻ ഗ്രഹിച്ചിതു.
താരഹാരങ്ങൾപോലെ തൂമന്ദഹാസം തൂകി
ശ്രീരാമനോടുംകൂടെ ജാനകി മന്ദം മന്ദം
വഹ്നിയെ പ്രദക്ഷിണം ചെയ്തവേ കാണികൾക്കു
സൌന്ദര്യസാരത്താലെ ശ്രീദേവിയെന്നാണ് തോന്നി.
മിത്രമാം വസന്തത്തോടൊത്തൊരു കാമനപ്പോ-
ളത്യന്തമാനന്ദിച്ചു വിജയക്കൊടി നാട്ടി.

ഏത്രയും മന്ദം മന്ദം ജാനകി പദംവച്ചു
സത്വരം പ്രദക്ഷിണം ചെയ്തീടുന്നതുനേരം
ഇതുതാൻ വേണ്ടതെന്നായ് ചൊല്ലീടുന്നതുപോലെ
മൃദുവായ് ശബ്ദിച്ചിതു രത്നനൂപുരവൃന്ദം.
പക്ഷ്മളേക്ഷണയായ സീതതൻ നയനങ്ങ-
ളക്ഷണം ലജ്ജയാലേ കിഞ്ചിന്മീലിതങ്ങൾ
അതിനാലതുനേരം പക്ഷ്മമാം കാമചാപം
വദനപ്രഭ ചേർത്തു മെല്ലവേ വളഞ്ഞിതു.
സ്വൈരമായ് നീലോല്പലകാന്തിയെജ്ജയിക്കുന്ന
ചാരുക്കളായീടുന്ന ജാനകീനയനങ്ങൾ
മൂന്നുലോകങ്ങളെയും വെല്ലുവാൻ വിൽവളച്ചു
നിന്നീടും മദനനെന്നോർത്തിതു രാമചന്ദ്രൻ.
മന്ദമായ് ലജ്ജയാലേ തൻമുഖാംബുജം താഴ്ത്തി
നിന്നിതു രോമാഞ്ചത്താൽ ഭൂഷിതാംഗിയായ് സീതാ.
ലജ്ജയാൽ നതമായ ജാനകീമുഖശോഭ
സജ്ജനാഗ്രണി രാമൻ കാൺകയാലതുനേരം
മന്മഥവികാരങ്ങൾ ചേർന്നീടും വിചാരങ്ങൾ
തന്മനസ്സിളക്കവാനാദ്യമായാരംഭിച്ചു.
ശൃംഗാരസാമ്രാജ്യശ്രീ ലബ്ധമായ് തനിക്കെന്നായ്
തിങ്ങീടുമാനന്ദത്താലുൾപ്പുളകത്തെപ്പൂണ്ടാൻ.
സത്തുക്കളായിട്ടുള്ളോർ ന്യായമായ് സമ്പാദിക്കും
വിത്തമെന്നതുപോലെ ലക്ഷ്മണനനന്തരം
ജാനകീ സഹോദരിയായീടുമൂർമ്മിളയെ-
സ്സാനന്ദം യഥാവിധി കല്യാണം കഴിച്ചിതു.
ബാലയാം കുശധ്വജപുത്രിയാം മാണ്ഡവിയെ
ബാലകൻ ഭരതനും സ്വീകരിച്ചിതു പിന്നെ.

ശത്രുഘ്നൻ ശ്രുതകീർത്തിയാകിയ കുശധ്വജ-
പുത്രിയെ സ്വീകരിച്ചാൻ കല്യാണഘോഷത്തോടും.
നാലുകന്യകമാരെയീവിധം ദശരഥ-
ബാലന്മാർ നാലുപേരും കല്യാണം കഴിക്കയാൽ
തിങ്ങീടുമാനന്ദത്താൽ കല്യാണോചിതമായ
മംഗളവാദ്യങ്ങളെ ഘോഷിച്ചു പലതരം
പൂമഴ പൊഴിച്ചിതു ദേവന്മാരാനന്ദത്താ-
ലാമോദമെല്ലാവൎക്കുമുണ്ടായിതു പോലെ.
ഭംഗിയായ് പാടിക്കൊണ്ടു നർത്തനം ചെയ്തുവാഴ-
മംഗനാമണികൾ തൻ മുഖശോഭകളാലും
മണിദീപങ്ങളാലുമാരാത്രിയെല്ലാടത്തും
ദിനമെന്നതുപോലെ കേവലം പ്രകാശിച്ചു.
അങ്ങുമേ ധരിച്ചീല രാത്രിയും കഴിഞ്ഞതു
പൂരിച്ചു സന്തോഷത്താലെന്നതേ പറയേണ്ടു.

രാമരാമ സമാഗമം

പിറേറന്നാൾ പ്രഭാതത്തിൽ ഭഗവാൻ വിശ്വാമിത്ര-
നേററവും സന്തോഷിച്ചു രണ്ടു രാജാക്കന്മാരോടും
പ്രത്യേകമാകുംവണ്ണം യാത്രയും ചൊല്ലിക്കൊണ്ടു
സത്വരം തപം ചെയ്വാൻ പ്രാപിച്ചാൻ ഹിമാചലം.
സംഖ്യയില്ലാതെയോളം രത്നങ്ങളേയും മററും
ശങ്കകൂടാതെ പിന്നെജ്ജനകൻ സ്ത്രീധനമായ്
സാദരം കൊടുത്തതു സർവ്വവും ദശരഥ-
മേദിനീവരൻ താനും സ്വീകരിച്ചനന്തരം
യാത്രയും ചൊല്ലിക്കൊണ്ടു ഭാര്യമാരോടു ചേർന്നു
പുത്രരോടൊരുമിച്ചു പോകുവാൻ പുറപ്പെട്ടു.

രാജയോഗങ്ങളാകും ചിഹ്നങ്ങളോടും കൂടെ
രാജാവാം ദശരഥൻ പോകുന്ന മാർഗ്ഗത്തിങ്കൽ
വല്ലാതെ നീർകൊണ്ടിട്ടുള്ളാനകൾ ചെവികളാ-
ലുള്ള നൽത്താലവൃന്തസഞ്ചയമിളക്കവേ
അതിൽനിന്നുണ്ടാകുന്ന കാറേററു വണ്ടിൻകൂട്ടം
ചിതറിച്ചുററുപാടും ശ്യാമളപ്രഭമായി.
ചന്ദ്രമണ്ഡലത്തെയും വെല്ലുമാറച്ഛവർണ്ണം
ചേർന്നീഴും മുത്തുകടെ സംഖ്യയില്ലാതയോളം
അന്യൂനമെല്ലാടത്തുമാഴമിളകും വെൺചാമര-
വൃന്ദമെന്നിവയെല്ലാം ചേരുമാ രാജസേന
ശുഭ്രമായെല്ലാടത്തുമാഴമിളകും തിരകള-
ള്ളഗംഗയ്ക്കു തുല്യമേററവും പ്രകാശിച്ചു.
ഇങ്ങനെ നാനാവിധാഡംബരത്തോടുംകൂടെ-
ത്തിങ്ങിനമോദം പൂണ്ടു ഭൂപതി ദശരഥൻ
പോകുന്നനേരത്തിങ്കൽ ഖലശീലർക്കുപോലു-
മാകുലം വളർത്തീടും ദുർന്നിമിത്തങ്ങൾ കാണായ്.
പാടവം തന്നേക്കാളും ശാസ്ത്രവാദത്തിലേറെ-
ക്കൂടുമന്യനെക്കണ്ടാൽ മത്സരബുദ്ധിമൂലം
പണ്ഡിതനെന്നാൽപോലും ഭഗ്നമാനസനായി-
ത്തീർന്നീടുമതുപോലെ ഭഗവാൻ സൂര്യൻതാനും
സുപ്രകാശകനാണെന്നാകിലും വൻതമസ്സാ-
ലപ്പോഴതിമാത്രം നിഷ്പ്രഭനായിക്കാണായ്.
ഒട്ടുമേ വിവേകമില്ലാത്തുള്ള മൂഢാത്മാക്കൾ
പെട്ടെന്നു കോപംകൊണ്ടു തുള്ളീടുന്നതുപോലെ
ഇടിനാദത്തിനൊപ്പം ഭൂഭാഗമാകപ്പാടെ
കടുതായത്തുന്നരമിളകിച്ചമഞ്ഞിതു.

രാജസഗുണത്തോടു യുക്തരാം ദുർമ്മാർഗ്ഗിക-
ളാചാരമാർഗ്ഗങ്ങളെയൊക്കെയും കൈവെടിഞ്ഞു
ആരെയും കൂട്ടാക്കാതെ സഞ്ചരിപ്പതുപോലെ
ഘോരമായ് കൊടുങ്കാറ്റന്നേരമടിച്ചിതു.
പൊടിതൻപടലത്താലൊന്നുമേ കാണാതായി
കടുതാം തമസ്സപ്പോൾ വ്യാപിച്ചിതെല്ലാടവും.
എങ്ങനെയവിദ്യയാൽ ജീവികൾ മറയ്ക്കുന്നി-
തങ്ങനെയതുനേരമേവരുമമ്പരന്നാർ.
സാഗരം ബഡവാഗ്നിജ്വാലാമാലകളോടും
ഭീകരാകാരംപൂണ്ടു നിന്നീടുന്നതുപോലെ
ദിക്കുകളശേഷവും പെട്ടെന്നു ദഹിപ്പിപ്പാ-
നുൾക്കടമാകുംവണ്ണമഗ്നികളൊന്നായ്ച്ചേർന്നു
നിൽക്കുന്ന തേജഃപുഞ്ജമെന്നപോലതുനേരം
ഭാർഗ്ഗവൻതന്നെക്കാണായ് രാജസേനയ്ക്കു ധൈര്യം
തീവ്രമായ് ജ്വലിച്ചീടും ദാവപാവകനേക്കാൾ
തീവ്രമാം കുഠാരത്തെത്തന്നുടെ തോളിലേന്തി
നിൽക്കുമജ്ജമദഗ്നിനന്ദനൻ തന്റെ തേജ-
സ്സുൾക്കടമാകുംവണ്ണം വ്യാപിച്ചിതെല്ലാടവും.
സുവർണ്ണമാമലതന്നിൽ ഭാസ്കരോദയത്തിങ്കൽ
പൂർണ്ണമായ് കണ്ടീടുന്ന സുപ്രഭാപടലത്തെ
വെല്ലുവാൻ തക്കവണ്ണം ഭാർഗ്ഗവരാമൻ തന്റെ
കല്യമാംതേജസ്സപ്പോൾ കാണായിതെല്ലാവർക്കും.
പെട്ടെന്നു കോപംകൊണ്ടു താനറിയാതെതന്നെ
കെട്ടഴിഞ്ഞങ്ങുമിങ്ങും ലംബമാനങ്ങളായി
നിൽക്കുമജ്ജടകളും വിദ്യുന്മാലകളായി
ഭാർഗ്ഗവരാമൻതന്നെ മേഘമെന്നാർക്കും തോന്നും.

വർദ്ധിച്ച കോപംമൂലം ദേഹവുമധരവു-
മത്യന്തം വിറയ്ക്കുന്നു, തന്നേരമതുകണ്ടാൽ
ക്ഷത്രിയവംശം പാടേ താനുമ്പു നശിപ്പിച്ച-
തിത്രയെന്നുള്ള സംഖ്യയെണ്ണുകയെന്നു തോന്നും.
മേദിനീവരനായ കാൎത്തവീൎയ്യാൎജ്ജുനൻ തൻ
മേദുരങ്ങളായീടുമായിരം കൈകളേയും
ഖണ്ഡിച്ച കഠാരത്തെ മൃത്യുവിൻ ദംഷ്ട്രയെന്നു
തോന്നീടുംപടി തോളിൽ ചേൎത്തുവച്ചിരിക്കുന്നു.
വിശ്വത്തിൻ ക്ഷയകാലമാഗതമായീടുമ്പോൾ
ദൃശ്യമാം പരിവേഷം സൂൎയ്യനിലെന്നപോലെ
ഉല്ക്കടതേജസ്സേന്തുമുന്നതമൊരു ചാപം
സക്രോധം കലയേററി നിന്നീടുന്നിതു രാമൻ.
ക്ഷത്രിയനാശംചെയ്തു പററിയ ചുടുരക്തം
നേത്രഗോചരമാകത്തക്കൊരു ശരത്തിനെ
തന്നുടെ കയ്യിലേന്തി നിൎഭയം ചലിപ്പിച്ചു
ജന്യസന്നദ്ധനായി നില്ക്കുന്നു ഗല്ഭ്യമാൎഗ്ഗം.
അതിഭീഷണനായിട്ടീവിധം വന്നുനില്ക്കും
മതിമാനായീടുന്ന ഭാൎഗ്ഗവരാമൻതന്നെ
കാണകയാൽ വസിഷ്ഠാദിമാമുനിപ്രവരന്മാർ
ശങ്കിതമനസ്കരായ് 'സ്വസ്തി' വാചകംചൊല്ലി
രേണുകാത്മജനുള്ളിൽ തൃപ്തിയുണ്ടാകുംവണ്ണം
കാണിയും വൈകീടാതെ പൂജിച്ചാർ യഥാവിധി.
ശ്രീരാമൻ ദഹിച്ചുപോമെന്നു തോന്നീടുംവണ്ണ-
മാത്തരൂഢകോപംപൂണ്ടു ഭാൎഗ്ഗവരാമനപ്പോൾ
നേരിട്ടു നോക്കിക്കൊണ്ടു രാമനോടരുൾചെയ്താൻ
"ഹേ രാമ! തവ കൎമ്മം സാഹസംതന്നെ പാരം.

ചണ്ഡീശ്ദേവൻതന്റെ ചാപത്തെഃദലചെയ്തു
ഖണ്ഡിച്ചുകളഞ്ഞതും സാമ്പ്രതം ഭവാനല്ലോ.
പരമേശ്വരചാപം ഖണ്ഡിപ്പാൻ നിനക്കയ്യൊ
കരളിൽ തോന്നിയതും ബാലചാപല്യംതന്നെ.
ബാലനാം നിനക്കതു ചെയ്യുവാൻ സാധിച്ചതും
കാലത്തിൻഗതിഭേദമെന്നതേ പറയാവൂ.
ധീരനാകുന്നു നീയെന്നാകിലോ മമ കയ്യിൽ
ചേരുമിമഹത്തായ വൈഷ്ണവമായ ചാപം
വന്നു നീ വാങ്ങിച്ചാലും കാണട്ടേ തവബലം,
ഇന്നിതു കലയ്ക്കിലോ വീരനെന്നുരചെയ്യാം.
ക്ഷത്രിയാന്തകനീ ഞാനെന്നതു ധരിച്ചീലേ
മാത്രയും വൈകിക്കേണ്ട, വന്നിതു വാങ്ങിക്കൊൾക.
അല്ലെങ്കിൽ ഭവാനെയുമെന്നല്ല വംശത്തെയും
സോല്ലാസം നശിപ്പിക്കുമിക്ഷണം, ധരിച്ചാലും.''
ഭാർഗ്ഗവരാമനേവം ചൊൽകവേ ദശരഥ-
നാകമ്പിൽ ഭയംപൂണ്ടു പുത്രവാത്സല്യത്താലേ
ഭക്തിപൂർവ്വകംവീണു സാഷ്ടാംഗം നമസ്കരി-
ച്ചുത്തരമായിട്ടേവം താഴ്മയായറിയിച്ചാൻ:—
"അല്ലയോ മഹാമുനേ! ഭാർഗ്ഗവരാമ! ലോക-
കല്യാണപ്രദായക! ഞാനിതാ നമിക്കുന്നേൻ.
നിന്തിരുവടിയോർത്താൽ ബ്രഹ്മജ്ഞൻ വീതരാഗൻ
ശാന്തമാനസൻ സർവ്വസംഗവർജ്ജിതനല്ലോ.
ജന്യബുദ്ധിയെയെല്ലാം കൈവിട്ടിട്ടായുധങ്ങൾ
മുന്നമശ്ശുക്രൻ തന്റെ മുന്നിലായ് സമർപ്പിച്ചാൻ
ആയതു വീണ്ടും കൈക്കൊണ്ടെന്തൊരു മൂലമിപ്പോ-
ളായോധനത്തെ ചെയ്യാൻ വന്നതും മഹാത്മാവേ!

പർവ്വതവനഗ്രാമസാഗരാന്വിതയായു-
ള്ളുർവ്വിയെബ്ഭവാനല്ലോ കശ്യപനേകിമുന്നം.
ആവിധം മഹാനാകമവിടുന്നകാരണ-
മീവിധം യുദ്ധോദ്യുക്തനായതുമെന്തേ ചിത്രം!
പുണ്യദായകമായ സന്തോഷശീലംതന്നെ
സന്ന്യസ്തചിത്തന്മാരാം മുനികൾക്കടയാളം.
പാപമായിരിപ്പോരു യുദ്ധനിർബ്ബന്ധബുദ്ധി
താപസോചിതമല്ല, ക്ഷത്രിയോചിതമത്രേ.
ശമവും സന്തോഷവും മുഖ്യമാം വിവേകവും
ക്ഷമയും പരകാര്യശ്രദ്ധയുമിവയെല്ലാം
അങ്ങയെപ്പോലെയുള്ള സമബുദ്ധികളാകും
മംഗലാശയന്മാർ തൻ മുഖ്യ ലക്ഷണമല്ലോ.
നിശ്ചയമാകുംവണ്ണം വൻതപസ്സാൻ വാഴും
സ്വച്ഛമാനസന്മാരാമങ്ങയെപ്പോലെയുള്ളോർ
മൃദുഭാഷികളായും ചാരുദൃഷ്ടികളായു-
മതിയായെല്ലാരിലും മിത്രഭാവത്തോടൊത്തും
വർത്തിച്ചുകൊണ്ടീടുന്നിങ്ങനെയിരിക്കവേ
ഇത്തരം ഭവാനെന്തു തോന്നുവാനവകാശം?"
ഭംഗിയായ് ദശരഥഭൂവരൻ താഴ്മയായി-
ട്ടിങ്ങനെ കഥിച്ചതാം വാക്കുകളൊന്നും തന്നെ
ലേശവും കൂട്ടാക്കാതെ ഭാർഗ്ഗവൻ ക്രോധംകൊണ്ടു
ഭീഷണനായി വീണ്ടും രാമനോടരുൾചെയ്തു:—
"ദിവ്യങ്ങളായീടുന്ന രണ്ടു ചാപങ്ങൾമുന്നേ
ശർവ്വവിഷ്ണുക്കളായ ദേവന്മാർക്കുള്ളതത്രേ.
രാമ! നീ ശിവചാപം സാമ്പ്രതം ഖണ്ഡിച്ചിതു,
മാമക കരത്തിങ്കൽ വർത്തിപ്പൂ വിഷ്ണുചാപം.

രണ്ടു വില്ലുകളിതു സംഭവിച്ചപ്പോൾതന്നെ-
യുണ്ടായി യുദ്ധോത്സാഹം ശിവവിഷ്ണുക്കൾ തമ്മിൽ
ശ്രീകണ്ഠദേവൻതാനും യുദ്ധസന്നദ്ധനായി
വിൽ കലച്ചതിഘോരം ചെറുഞാണൊലിയിട്ടാൻ
ഹുങ്കാരശബ്ദംകൊണ്ടു വിഷ്ണുവും സ്തംഭിപ്പിച്ചാൻ
ശങ്കരദേവചാപം ചിത്രമാമലപോലെ.
കാർമുകമിളകാതെ വർത്തിക്കുന്നതിനാലെ
കാമനാശനൻ താനും ഭഗ്നമാനസനായാൻ.
ഏണാങ്കചൂഡൻ തന്റെ മേനിയിലതുനേരം
ബാണത്തെ പ്രയോഗിപ്പാൻ വിഷ്ണുവും ഭാവിക്കവേ
താഴ്മയായമരന്മാരൊന്നിച്ചു തടുക്കയാൽ
ശ്രീമണവാളൻ താനും പിൻവലിച്ചിതു ബാണം.
ഉത്തമോത്തമമാണീ വിഷ്ണുവിൻ ചാപമെന്നായ്
വാഴ്ത്തിനാരെല്ലാവരുമന്നേരം, മതിനാലേ
അത്യന്തകോപംപൂണ്ടു ശിവനും നിജ ചാപ-
മതെല്ലിൽ നിക്ഷേപിച്ചാൻ ജനകാന്വയത്തിങ്കൽ.
ഭാർഗ്ഗവീവരൻ വിഷ്ണു തന്നുടെ ധനുസ്സപ്പോൾ
ഭാർഗ്ഗവഗോത്രക്കാർക്കു നൽകിനാൻ സസന്തോഷം.
ക്ഷത്രിയോചിതമത്രേ വൈഷ്ണവചാപമിദം
അത്യന്തം പ്രധാനമായുള്ളതെന്നറിക നീ.
കൃതവീര്യാത്മജൻ താൻ ചെയ്തോരു കുററംകൊണ്ടി-
ക്ഷിതിയെ ക്ഷത്രശൂന്യയാക്കിനേനിതിനാൽ ഞാൻ.
ശംഭുവിൻ ധനുർഭംഗഘോഷത്തെ ശ്രവിച്ചു ഞാൻ
സാമ്പ്രതം മഹേന്ദ്രാദ്രിതന്നിൽ നിന്നിങ്ങു വന്നേൻ.
വീരനെന്നിരുന്നിടിലെന്നുടെ കൈയിലുള്ളി-
സ്സാരമാം വിഷ്ണുചാപം കൈക്കൊണ്ടീടുക രാമ!

ന്നമേ ശത്രുവായ നമ്മോടു യുദ്ധം ചെയ്വാ-
നിന്നു നീ ശക്തനെങ്കിൽ വില്ലിതു വാങ്ങീടേണം.
ക്രുദ്ധനായിപ്രകാരം ഭാർഗ്ഗവനരുൾ ചെയ്ത
വാർത്തയിൽ ശ്രീരാമനും ചൊല്ലിനാൻ സവിനയം.
ങ്ങപരാധികളോടു മാത്രമേ കോപിക്കാവൂ,
ദ്വിജജാതികളോടു രണം തല്ലിതു ധീമൻ!
ങ്ങളെയജ്ജയിച്ചീടാനാരുമില്ലല്ലോ, പിന്നെ-
യിങ്ങനെ കോപിച്ചീടാൻ ഹേതുവെന്തിതുകാലേ?
പാവകൻ പുകയോടു കൂടീടുന്നതുപോലെ
കവലം ശോഷഗ്രസ്തന്മാർ ക്ഷത്രിയന്മാർ.
ശാന്തമാനസന്മാരാമുത്തമ താപസന്മാർ
ശാന്തരാം തേജസ്സോടു ചേർന്നവരെന്നു കേൾപ്പൂ.
ല്യരോടങ്ങളാകേണം മത്സരം, ബാലന്മാരാ-
മുള്ള മാദൃശന്മാരോടേതും ശക്തരല്ല.
ഇത്തരം രാമൻ ചൊല്ലിമ്പ് ഭാർഗ്ഗവരാമൻ തന്റെ
ഹസ്തപങ്കജത്തിങ്കൽ വർത്തിക്കും വിഷ്ണുചാപം
സായകത്തോടുംകൂടെ മെല്ലവേ വാങ്ങിക്കൊണ്ടു
മായമെന്നിയേ നിന്നാനത്ഭുതപരാക്രമൻ.
വില്ലോടുകൂടെത്തന്നെ ഭാർഗ്ഗവരാമതേജ-
സ്സെല്ലാമേ രാഘവവീരനാകർഷിച്ചിതു തന്നിൽ.
വില്ലുടൻ കുലയേറ്റിസ്സായകമതിൽ ചേർത്തു
മെല്ലവേവലിച്ചിതു തന്നുടെ കർണ്ണത്തോളം
മാർഗ്ഗണം പ്രയോഗിപ്പാൻ സന്നദ്ധനായിസ്സർവ്വ-
ദിക്കിലും വ്യാപിച്ചുള്ള തേജസാ രാമചന്ദ്രൻ
നിന്നരുളുന്ന നേരം രത്നരഞ്ജിതഭൂഷാ-
വൃന്ദത്താലലംകൃതം സൽപുഷ്പകളേബരം
കാണ്കെയാലിവൻ തന്നെ കാമനെന്നുള്ള ശങ്ക-
യങ്കുരിച്ചിതു ചിത്തേ ദിവ്യനാരികൾക്കെല്ലാം.

സല്ക്കരിച്ചിതു തന്റെ ചഞ്ചലമനോഹര
ദൃക്കടാക്ഷങ്ങളാലേ രാമനെ സീതാദേവി.
രാമനുമനന്തരം ഭാൎഗ്ഗവൻ തന്നെ നോക്കി-
സ്സാമോദം മൃദുഹാസപൂൎവ്വകമരുൾചെയ്തു:—
"ബ്രാഹ്മണരെല്ലാവൎക്കും പൂജ്യരാകുന്നിതല്ലോ
സന്മതേ! വിശേഷിച്ചുമങ്ങയോ ശ്രേഷ്ഠനല്ലോ.
ആകയാൽ പ്രയോഗിച്ചില്ലസ്ത്രത്തെ ഭവാനിൽ ഞാൻ
ലോകത്രിതയമിതു മാറിടം പിളൎന്നീടും.
ഉൽകൃഷ്ടനാകും ഭവാനിന്നോളം ചെയ്ത പുണ്യ-
മൊക്കെയുമിതിനദ്യ ലാക്കായി ഭവിക്കേണം.
മുഖ്യമാമിതിപ്പോഴീ വിഷ്ണുസായകത്താലേ
സൽഗതി ഭവാനുണ്ടാം മേലിലെന്നറിഞ്ഞാലും.
ശ്രീരാമനേവം ചൊല്ലിനിൽക്കുമ്പോളവിടേക്ക
സാരസസംഭവ മുഖ്യവാനവകളുമേവം
സിദ്ധചാരണഗന്ധൎവ്വാദിയും രാമൻ തന്നെ
പ്രത്യക്ഷമായിക്കാണ്മാൻ ചെന്നിതു സസന്തോഷം
ഭാസ്കരപ്രഭനായ രാഘവൻ വിഷ്ണുചാപം
കൈകൊണ്ടു കുലയേറ്റി നിന്നീടുന്നതുനേരം
മുന്നിലായ് വൎത്തിക്കുന്ന ഭാൎഗ്ഗവരാമൻ ദീപ-
മെന്നപോൽ ഭവിച്ചിതു വിഗതപ്രഭനായി.
നിഷ്പ്രഭൻ ജമദഗ്നിനന്ദനൻ ശ്രീരാമനോ-
ടപ്പോഴേ സവിനയമിങ്ങനെയരുൾചെയ്തു:—
"എന്നെ നീ രക്ഷിച്ചാലും രാഘവ! ഗതി മമ
തന്നാലുമെനിക്കിതുതന്നെയാണഭിലാഷം;
കശ്യപൻ തനിക്കീ ഞാൻ മുന്നമേ ദാനം ചെയ്തു
വിശ്വത്തിലിരിക്കുവാൻ ഞാനിനി യോഗ്യനല്ല.
ആകാശമാൎഗ്ഗത്തൂടെ ശ്രീമഹേന്ദ്രാദ്രിയിൽ ചെ-
ന്നേകാന്തതപംചെയ്തു വാഴുന്നേനിനിമേലിൽ.
വ്യക്തമായ് ഭവാനെല്ലാ ലോകവും ജയിച്ചീടാൻ
ശക്തനായ് ഭവിച്ചീടുമീശ്ശരംകൊണ്ടു തന്നെ.

നിന്നുടെ യശസ്സുതാൻ ശുഭ്രമാന്നുപോലെ
മൂന്നുലോകത്തും [illegible]മാകുമിശ്ശരമെന്നോ;
വംശവർദ്ധകനായി[illegible]ജ്യത്തെ രക്ഷിച്ചാലും
സംശയം വേണ്ടതെല്ലും കീർത്തിയും വർദ്ധിച്ചിടും,
ഇദ്ധനസ്സിന്റെ സാക്ഷാൽ നായകൻ മഹാവിഷ്ണു
മൂർത്തിയെന്നറിയുന്നേനങ്ങയെ ഞാനിപ്പോൾ.
ചാപവും ഭവാനന്യേ നൽകുവാൻ സാധിക്കയാൽ
ഭൂപതേ! കൃതാർത്ഥനായ് തീർന്നേൻ ഞാനതിമാത്രം.
അദ്യ നീ തൊടുത്തൊരിസ്സായകം മധുമുഖ-
ദൈത്യരിൽ പ്രയോഗിക്കിലായതും ശുദ്ധമാകും.
ഇച്ഛയാൽ സൃഷ്ടിസ്ഥിതിപ്രളയാദികൾ നിത്യം
സംഹരണം നടത്തുന്ന ഭഗവൻ! മഹാവിഷ്ണോ!
അങ്ങയെജ്ജയിച്ചീടാൻ ശക്തനാകുന്നു ഞാനെ-
ന്നിങ്ങനെ നിനച്ചുണ്ടായ്വന്നതും മമ മൌഢ്യം.
അക്കാര്യം വിചാരിച്ചു ലജ്ജയാൽ തലതാഴ്ത്തി
നില്ക്കുകയല്ലാതിഞാനെന്തഹോ ചെയ്തീടേണ്ടു?"
രേണുകാത്മജനേവം താഴ്മയായ് ചൊന്നനേരം
ബാണത്തെ പ്രയോഗിച്ചാൻ രാഘവൻ തിരുവടി.
ദുഷ്ടരാം മധുമുഖ്യ ദൈത്യന്മാരശേഷവും
നഷ്ടമായ് ഭവിച്ചിതു രാഘവബാണത്താലേ.
അന്നേരം വസന്തമാമൃതുവിലെന്നപോലെ-
യന്യൂനം തെളിഞ്ഞിതു ദിക്കുകളശേഷവും.
ഭാർഗ്ഗവരാമൻ പിന്നെ ശ്രീരാമചന്ദ്രൻ തന്റെ
തൃക്കഴലിണകൂപ്പി ഭക്തിപൂർവ്വകം പോയാൻ.
ദൈത്യനിഗ്രഹംചെയ്തു സാഗരസ്നാനംചെയ്തു
സത്വരം ശരം വീണ്ടും രാമസന്നിധിപുക്കാൻ.
ഭാർഗ്ഗവരാമൻ തന്നെ ശ്രീരാമൻ ജയിക്കയാ-
ലുൾക്കൊള്ളുമാനന്ദത്താൽ സൈന്യങ്ങൾ പുളച്ചിതു.

ജയശബ്ദങ്ങളാലേ പൂരിച്ചു നഭസ്ഥലം,
ഭയമില്ലാതെയായിത്തീർന്നിതു സകലർക്ക്
രാജയോഗ്യങ്ങളായ നല്പതാകകളെ
രാജിച്ചു, ദശരഥഭൂപനും സന്തോഷിച്ചു;
മുന്നേക്കാളധികമായ് ഘോഷിച്ചു വാദിത്രങ്ങ-
ളെന്നല്ല ദേവന്മാരും പൂമഴ ചൊരിഞ്ഞിതു.
സർവ്വരുമാഹ്ലാദിച്ചു തങ്ങളിൽ സല്ലപിച്ചു
സർവ്വഥാ സുഖമാൻ യാത്രചെയ്തിതു പിന്നെ.
സുന്ദരീമണിമാരാം ഭാര്യമാരോടു ചേർന്നു
നന്ദനന്മാരോടൊത്തു പംക്തിസ്യന്ദനഭൂപൻ
'ദേവേന്ദ്രപ്രതാപനായ് സ്വർഗ്ഗലോകത്തേക്കാളും
ശ്രീവായ്ക്കുമയോദ്ധ്യയിൽ പ്രാപിച്ചാൻ മുദോദയേ.
കല്യാണഘോഷത്തോടു കൂടവേ പൌരന്മാരും
സോല്ലാസമെതിരേറ്റു പൂജിച്ചാർ യഥാവിധി
അനുരൂപകളായ ഭാര്യമാരോടു ചേർന്ന
തനയന്മാരെക്കണ്ടിട്ടുണ്ടായ സന്തോഷത്താൽ
കൃതകൃത്യകളായിത്തീർന്നിതു തങ്ങളെന്നായ്
മതിയിൽ സ്മരിച്ചിതു കൌസല്യാദികളന്നാൾ.
നവലാവണ്യലക്ഷ്മീവാസമായ്ത്തിളങ്ങീടു-
മവനീസുതയായ ജാനകിതന്നെക്കണ്ടു
പണ്ടൊരിക്കലുമുണ്ടാകാത്തതാമുല്ക്കണ്ഠയു-
മുണ്ടായിതയോദ്ധ്യയിൽ വാണീടും സ്ത്രീകൾക്കെല്ലാം.
'കാമിനീമണിയായ ജാനകി ലക്ഷ്മീദേവി
കാമസന്നിഭനായ രാമനോ കമലാക്ഷൻ'
വർദ്ധിച്ച മോദത്തോടുമിത്തരം ചൊല്ലിക്കൊണ്ടു
വാഴ്ത്തിനാരെല്ലാവരും ജാനകീരാമന്മാരെ.

ബാലകാണ്ഡം കഴിഞ്ഞു

Vidya Vilasam Press, Trivandrum, 1933

കേരള സാഹിത്യ
അക്കാദമി

കേരള സാഹിത്യ
അക്കാദമി

കേരള സാഹിത്യ
അക്കാദമി

കേരള സാഹിത്യ
അക്കാദമി